# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 05** **ജൂലൈ–2014** **ലക്കം 7**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# കർദ്ദിനാൾ സൈമൺ ലൂർദ്ദ് സ്വാമിക്ക്



## മാനന്തവാടി രൂപതയുടെ

# ആദരാഞ്ജലികൾ

# ആദരാഞ്ജലികൾ



## ബഹു. ഫ്രാൻസീസ് ഞള്ളംപുഴ CMI

ബഹു. ഫ്രാൻസീസ് ഞള്ളമ്പുഴ CMI അച്ചൻ 1964 ഏപ്രിൽ 17-ന് പാലാ രൂപത പ്ലാശ്ശനാൽ ഇടവക ഞള്ളംപുഴ തോമസ്-റോസമ്മ ദമ്പതികളുടെ 4 മക്കളിൽ മൂന്നാമനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കർമ്മലീത്ത സന്യാസ വൈദികനാകണം എന്ന ആഗ്രഹത്തോടെ CMI സഭയിൽ ചേർന്നു. 1984 മെയ് 31 ന് കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (CMI) സഭാംഗമായി വ്രതവാഗ്ദാനം ചെയ്ത അച്ചൻ തന്റെ ഫിലോസഫി, തിയോളജി പഠനങ്ങൾക്ക് ശേഷം 1993 ഡിസംബർ മാസം 28 ന് പൗരോഹിത്യപട്ടം സ്വീകരിച്ചു. തുടർന്ന് ഒരു വർഷം ചെത്തിപ്പുഴ സെമിനാരിയിൽ റെക്ടർ ആയി സേവനം ചെയ്തു. പഠനത്തിൽ അതിസമർത്ഥനായിരുന്ന ഫ്രാൻസീസച്ചനെ ഒരു വർഷത്തിനു ശേഷം അധികാരികൾ ഉപരിപഠനത്തിന് അയച്ചു. ഇംഗ്ലീഷ് സാഹിത്യത്തിൽ MA യും NET ഉം കരസ്ഥമാക്കി മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജിൽ അധ്യാപകനായി ജോലിയാരംഭിച്ചു.

മാനന്തവാടി രൂപതാ മെത്രാനായിരുന്ന അഭിവന്ദ്യ മാർ എമ്മാനുവൽ പോത്തനാമുഴി പിതാവിന്റെ ക്ഷണം സ്വീകരിച്ച് 1999 ഓഗസ്റ്റ് മാസം 18-ാം തീയതി മാനന്തവാടി രൂപതയിലെ മേരി മാതാ കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അധ്യാപകനായി ബഹു. ഫ്രാൻസീസ് അച്ചൻ ജോലി ആരംഭിച്ചു. കോളേജിലെ

തന്റെ അധ്യാപകവൃത്തിയോടൊപ്പം തന്നെ അച്ചൻ പയ്യംപള്ളി ഇടവകയുടെ അസി. വികാരിയായും പിന്നീട് പതിനൊന്ന് വർഷം ഇടയൂർകുന്ന് ഇടവകവികാരിയായും സേവനം ചെയ്തു. ഇടയൂർകുന്നിൽ മനോഹരമായ ഒരു ദേവാലയവും അച്ചൻ പണി കഴിപ്പിച്ചു. തിരക്കിട്ട ജീവിതത്തിനിടയിലും കഥകളും, കവിതകളും, ലേഖനങ്ങളും അടങ്ങിയ ധാരാളം കൃതികൾ എഴുതി പ്രസിദ്ധീകരിക്കുന്നതിനും അച്ചൻ സമയം കണ്ടെത്തിയിരുന്നു. ഇക്കഴിഞ്ഞ വർഷം ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റും അച്ചൻ നേടിയിരുന്നു. അച്ചൻ നല്ലൊരു വാഗ്മിയും പണ്ഡിതനും അനേകം സിദ്ധികളും കഴിവുകളും ഉള്ള വ്യക്തിയുമായിരുന്നു. എന്നാൽ അതേസമയം തന്നെ ലാളിത്യത്തെ സ്നേഹിക്കുകയും മതമൈത്രിയെ വളർത്താൻ പരിശ്രമിക്കുകയും ചെയ്തു. നല്ലൊരു അധ്യാപകനായിരുന്നുകൊണ്ട് വിദ്യാർത്ഥികൾക്ക് ഒരേസമയം അധ്യാപകനും സുഹൃത്തും രക്ഷിതാവും ആയിരുന്നു. തന്റെ സന്യാസം സ്വന്തമായി കരുതാതെ എല്ലാം എല്ലാവർക്കുമായി പങ്കുവച്ച വിശാലഹൃദയനും ആദർശവാദിയുമായിരുന്നു ബഹു. ഫ്രാൻസീസച്ചൻ.

2014 മെയ് 29–ന് സന്ധ്യയോടെ ഹൃദയസ്തംഭനം മൂലം അച്ചൻ മരണമടഞ്ഞു. അച്ചന്റെ ഭൗതിക ശരീരം പിറ്റേന്ന് ഉച്ചയോടെ അച്ചൻ അനേകവർഷങ്ങൾ സേവനം ചെയ്ത ഇടയൂർകുന്ന് ദേവാലയത്തിൽ പൊതുദർശനത്തിനു വയ്ക്കുകയും അച്ചന്റെ ആത്മശാന്തിക്കുവേണ്ടി വി.ബലിയർപ്പിക്കുകയും ചെയ്തു. തുടർന്ന് 3 മണിക്ക് മേരിമാതാ കോളേജിൽ ഭൗതീകശരീരം എത്തിച്ചു. അവിടെ അനേകം വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും അധ്യാപകരും അനധ്യാപകരുമടങ്ങുന്ന വലിയ ഒരു സമൂഹം നിറമിഴികളോടെ അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

നാട്ടിലേയ്ക്ക് കൊണ്ടുപോകുംവഴി മൃതശരീരം കോഴിക്കോട് ദേവഗിരിയിൽ പൊതുദർശനത്തിന് വയ്ക്കുകയുണ്ടായി. മെയ് 31 ന് മാന്നാനം ആശ്രമദേവാലയ സിമിത്തേരിയിൽ CMI ജനറാൾ ബഹു. പോൾ അച്ചാണ്ടി അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷ നടത്തി. ബഹു. ഫ്രാൻസീസച്ചന്റെ ആകസ്മിക വേർപാട് മാനന്തവാടി രൂപതയ്ക്കും പ്രത്യേകിച്ച് മേരി മാതാ കോളേജിനും വലിയ ഒരു നഷ്ടമാണ്. അച്ചന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാ നിർഭരമായ ആദരാഞ്ജലികൾ!

# ഉള്ളടക്കം

സഭാദിനം - ഇടയലേഖനം ........................................ 05
കൃഷി ചെയ്ത് വളർത്തി എടുത്തു ഭക്ഷിക്കുക;
ഇറക്കുമതി ചെയ്തു ഭക്ഷിക്കാതിരിക്കുക ................. 11
രണ്ടാം വത്തിക്കാൻ കൗൺസിലും കേരളസഭയും
കെ.സി.ബി.സി. നിർദ്ദേശങ്ങൾ .................................... 19
Decree ............................................................. 25
രൂപതാകച്ചേരി വാർത്തകൾ ...................................... 26
ലഹരിവിമുക്ത വർഷാചരണം ................................. 32
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 47
മതബോധനരംഗം ..................................................... 50
ചെറുപുഷ്പമിഷൻലീഗ് ............................................. 56
കെ.സി.വൈ.എം. ........................................................ 61
കുടുംബപ്രേഷിതത്വം .................................................. 75
വിമൻസ് കമ്മീഷൻ ..................................................... 78
സീയോൻ വാർത്തകൾ ............................................... 79
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 82
സാമൂഹ്യ സേവനരംഗം (WSSS) ................................. 86
കേരള ലേബർ മൂവ്മെന്റ് ........................................... 91
റേഡിയോ മാറ്റൊലി ................................................... 92
അറിയിപ്പുകൾ .......................................................... 94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ....................................... 96
ബിഷപ്സ് പ്രോഗ്രാം .................................................... 97

# സഭാദിനം

## ഇടയലേഖനം

Prot. No. 969/2014

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്
**മാർ ജോർജ്ജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുന്നാളാണ് ജൂലൈ 3-ാം തീയതി നാം ആഘോഷിക്കുന്ന ദുക്റാന. സാർവ്വത്രിക സഭയിൽ എല്ലായിടത്തും ജൂലൈ 3-ാം തീയതി തന്നെയാണ് തോമ്മാശ്ലീഹായുടെ തിരുനാൾ ആഘോഷിക്കുന്നത്. തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളിലെ ക്രൈസ്തവസമൂഹങ്ങളുടെ പിൻതുടർച്ചക്കാർ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്നു. ഇവർ പ്രധാനമായും സീറോ മലബാർ, സീറോ മലങ്കര, മലങ്കര ഓർത്തഡോക്സ്, യാക്കോബായ ഓർത്തഡോക്സ്, മാർത്തോമ്മാ എന്നീ സഭകളിലാണുള്ളത്. ഈ സഭകളുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ഫലമായി ക്രൈസ്തവവിശ്വാസം സ്വീകരിച്ച് ഇവയുടെ വിശ്വാസപാരമ്പര്യം പുലർത്തുന്നവരെയും മാർത്തോമ്മാ ക്രിസ്ത്യാനികളായി കരുതേണ്ടിയിരിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെയും, വി. ഫ്രാൻസീസ് സേവ്യർ മുതലുള്ള വിദേശിയരും തദ്ദേശീയരുമായ അനേകം മിഷനറിമാരുടെ സുവി

ശേഷവേലയുടെ ഫലമായി രൂപംകൊണ്ട ലത്തീൻ കത്തോലിക്കാവിശ്വാസികളുടെയും, പ്രൊട്ടസ്റ്റന്റ് സഭകളിലെ വിശ്വാസികളുടെയും സമുച്ചയമാണ് ഇന്ന് ഭാരതത്തിലെ ക്രൈസ്തവസമൂഹം. വിശ്വാസ പാരമ്പര്യങ്ങളുടെ വൈവിധ്യം ഭാരതത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ പ്രത്യേകതയാണ്. ഈ സഭാപരമായ വൈവിധ്യത്തിന്റെയും ഭാരതത്തിന്റെ തന്നെ മത, ഭാഷാ, ജാതി, സംസ്കാര വൈവിധ്യങ്ങളുടെയും നടുവിൽ വേണം നാമിന്നു ക്രിസ്തുവിനെ പ്രഘോഷിക്കുവാനും അവിടുത്തേയ്ക്കു സാക്ഷ്യം വഹിക്കുവാനും.

'ഞാനാകുന്നു വഴിയും സത്യവും ജീവനു'മെന്നു പഠിപ്പിക്കുകയും ആ വഴിയിലേക്കും സത്യത്തിലേക്കും ജീവനിലേക്കും മനുഷ്യവംശത്തെ ആനയിക്കുകയും ചെയ്തവനാണു ക്രിസ്തു. അവനിൽ വിശ്വസിച്ചവർ ക്രിസ്തു മാർഗ്ഗമെന്ന് അതിനെ വിശേഷിപ്പിച്ചു. തോമ്മാശ്ലീഹാ ഈ മാർഗ്ഗത്തെ ഇന്ത്യയിൽ എത്തിച്ചപ്പോൾ അതു സ്വീകരിച്ച നമ്മുടെ പൂർവ്വികർ അതിനെ തോമ്മാമാർഗ്ഗമെന്നും വിളിച്ചു. തോമ്മാമാർഗ്ഗം ഇന്നു വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളോടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാസമൂഹങ്ങളുടെ ജീവിതശൈലിയായി മാറിയിരിക്കുന്നു.

കുടുംബങ്ങളും കുടുംബങ്ങളുടെ കൂട്ടായ്മകളുമായിട്ടാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ വളർന്നു പന്തലിച്ചത്. ഈ സമൂഹത്തിൽനിന്നു പ്രസിദ്ധീകരിക്കപ്പെടുന്ന നിരവധി കുടുംബചരിത്ര ഗ്രന്ഥങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. തിരുസ്സഭ കുടുംബത്തെ ചിന്താവിഷയമായി തിരഞ്ഞെടുത്തിരിക്കുന്ന കാലമാണിത്. വി. ജോൺ പോൾ രണ്ടാമൻ, പാപ്പാ സ്ഥാനം ഏറ്റെടുത്ത ശേഷം ആദ്യം ചെയ്ത പ്രധാനപ്പെട്ട ജോലി കുടുംബത്തെക്കുറിച്ച് ഒരു സിനഡ് വിളിച്ചുകൂട്ടി എന്നതാണ്. പ്രസ്തുത സിനഡിന്റെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി 'കുടുംബം സ്നേഹസമൂഹം' എന്ന പേരിൽ പരി. പിതാവ് ഒരു അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചു. അതിലെ മാർഗ്ഗദർശനങ്ങൾക്കനുസൃതം ഇന്ത്യയിലെ കുടുംബപ്രേഷിതത്വ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കി വരികയാണ്. ഇന്ത്യയിൽത്തന്നെ കേരളത്തിലെ സഭയിലാണ് കുടുംബപ്രേഷിതത്വം ഏറ്റവും സജീവം.

പിന്നീട് ബനഡിക്ട് 16-ാമൻ മാർപ്പാപ്പയുടെ കാലത്ത് നവസുവിശേഷവൽക്കരണത്തിന്റെ ആഹ്വാനമുണ്ടായി. കുടുംബവും നവസുവിശേഷവൽക്കരണവും സംയോജിപ്പിച്ചുകൊണ്ടാണ് ഫ്രാൻസീസ് പാപ്പാ അടുത്ത സിനഡുകളുടെ വിഷയം പ്രഖ്യാപിച്ചിരിക്കുന്നത്. കൃത്യമായിപ്പറഞ്ഞാൽ 'നവസുവിശേഷവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികൾ' എന്നതാണ് വിഷയം. 2014 ഒക്ടോബറിലും 2015 ഒക്ടോബറിലും നടക്കുന്ന രണ്ടു സിനഡുകളിലുമായി ചർച്ചകളും പുനർവിചിന്തങ്ങളും നടത്തി അവയിൽ നിന്നുരുത്തിരിയുന്ന നിഗമനങ്ങളായിരിക്കും കുടുംബനവീകരണത്തിനായി പരി. പിതാവ് മുന്നോട്ടുവയ്ക്കുന്നത്. ഈ സിനഡുകളുടെ വിജയത്തിനായി നാം പ്രാർത്ഥിക്കണം. മാത്രമല്ല, നമ്മുടെ രൂപതകളിലും പ്രവാസി സമൂഹങ്ങളിലും സഭയിലൊന്നാകെയും കുടുംബജീവിതത്തെ പുരസ്കരിച്ച് പ്രത്യേക പഠനങ്ങളും നവീകരണ പരിപാടികളും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ഈ യജ്ഞത്തിൽ കുടുംബ പ്രേഷിതത്വത്തിന്റെയും വിശ്വാസപരിശീലനത്തിന്റെയും ശുശ്രൂഷകർ സംയുക്തമായി പ്രവർത്തിച്ചാൽ നന്നായിരിക്കും. ഒരു രൂപതയിലെ എല്ലാ പ്രവർത്തനമേഖലകളും ഒന്നിച്ചാലോചിച്ച് പരസ്പര സഹകരണത്തോടെ കുടുംബ നവീകരണത്തിൽ ഏർപ്പെട്ടാൽ കൂടുതൽ ഫലപ്രദമായിരിക്കും. അടുത്തയിടെ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച അല്മായ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഡയറക്ടർമാരുടെ സമ്മേളനത്തിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങളുടെ ആവശ്യം വ്യക്തമാക്കുകയുണ്ടായി. സീറോ മലബാർ സഭയിലെ അല്മായസമൂഹത്തെ മുഴുവൻ ഉൾക്കൊള്ളിക്കുവാനുള്ള ഉദ്ദേശ്യത്താൽ രൂപീകൃതമായ അല്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നത് ഇതിനു സഹായകമാകും. 'അല്മായർക്കും കുടുംബത്തിനും വേണ്ടിയുള്ള കമ്മീഷ'ന്റെ ആഭിമുഖ്യത്തിൽ നമ്മുടെ സിനഡിന്റെ അംഗികാരത്തോടെ അല്മായർക്കായി ഭാവിപ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്.

വിശ്വാസപരിശീലനം നമ്മുടെ സഭയിൽ വളരെയേറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. വിശ്വാസ പരിശീലനത്തിന്റെ ഫലദായക

ത്വത്തെ ആശ്രയിച്ചിരിക്കും ക്രൈസ്തവസാക്ഷ്യത്തിന്റെ വിജയം. വിശ്വാസപരിശീലനവും, അൾത്താരസംഘം, മിഷൻലീഗ്, സി.എൽ.സി മുതലായവയുടെ കർമ്മപരിപാടികളും വഴിയാണ് നമ്മുടെ സഭയിൽ ദൈവവിളി പരിപോഷിപ്പിക്കപ്പെട്ടുപോരുന്നത്. ഈ രംഗങ്ങളിലെല്ലാം തീക്ഷ്ണതയോടെ പ്രവർത്തനനിരതരായിരിക്കുന്ന ബഹു. വൈദികർക്കും, സമർപ്പിത സഹോദരീസഹോദരന്മാർക്കും, വിശ്വാസപരിശീലകർക്കും, അല്മായ പ്രേഷിതർക്കും എന്റെ നന്ദി നിറഞ്ഞ അഭിവാദനങ്ങൾ!

സഭയുടെ സുവിശേഷസാക്ഷ്യത്തിനു കടകവിരുദ്ധവും ഇന്നു സമൂഹത്തിൽ നിർബാധം വ്യാപിച്ചുകൊണ്ടിരിക്കുന്നതുമായ മദ്യപാനം, കൊലപാതകം, ലഹരിവസ്തുവ്യാപാരം, ആസൂത്രിതമായ അക്രമങ്ങൾ, അന്യായ പലിശ വഴിയുള്ള സാധുജന ചൂഷണം, കരാർ ലംഘനങ്ങൾ, ആഡംബരച്ചെലവുകൾ മുതലായ തിന്മകളിൽ നിന്ന് സഭാമക്കൾ പൂർണ്ണമായും അകന്നു നില്ക്കേണ്ടതാണ്. വളരുന്ന തലമുറയിൽ വ്യാപിച്ചുവരുന്ന ഇന്റർനെറ്റ് അഡിക്ഷൻ എപ്രകാരം ക്രിയാത്മകമായി നിയന്ത്രിക്കാമെന്ന് മാതാപിതാക്കൾ, അധ്യാപകർ, വൈദികർ എന്നിവർ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സൈബർ ലോകത്തിന്റെ സാധ്യതകളെക്കുറിച്ചും അതിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളിൽപ്പെടാതെ കുട്ടികളെയും യുവാക്കളെയും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സെമിനാറുകളും സ്റ്റഡി ക്ലാസുകളും നടത്താൻ വിശ്വാസപരിശീലനത്തിന്റെയും കുടുംബപ്രേഷിതത്വത്തിന്റെയും ശുശ്രൂഷകർ ഒന്നിച്ചു സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികളിൽ കണ്ടുവരുന്ന അതിസാഹസികത്വ പ്രവണതകൾ വാഹനാപകടങ്ങൾക്കും ഉല്ലാസയാത്രാവേളകളിലെ മുങ്ങിമരണങ്ങൾക്കും കാരണമാകുന്നുണ്ട്. കൂടുതൽ ജാഗ്രത ഉത്തരവാദിത്വപ്പെട്ടവരിൽ നിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു.

നാല്പതുലക്ഷത്തോളംവരുന്ന സീറോമലബാർ സഭാമക്കളിൽ ഏഴുലക്ഷംപേർ ഇന്ത്യയിലെ 29 രൂപതകൾക്കും അമേരിക്കയിലും ആസ്ത്രേലിയായിലുമായുള്ള രണ്ടു രൂപതകൾക്കും പുറത്ത് പ്രാവാസികളായി കഴിയുന്നവരാണ്. ഇവർക്ക് നമ്മുടെ സഭയുടേതായ അജപാലന സംവിധാനങ്ങൾ ഫലപ്രദമായ രീതിയിൽ

ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിനും സഭാമക്കളേവരും പ്രാർത്ഥിക്കേണ്ടതാണ്.

ഭാരതത്തിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തി പുതിയൊരു കേന്ദ്രസർക്കാർ ഭരണമേറ്റിരിക്കുകയാണല്ലോ. കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും മാറിമാറി വരുന്ന സർക്കാരുകളോടു സഹകരിച്ചു പ്രവർത്തിക്കാൻ സഭാമക്കളേവരും തയ്യാറാകേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ വികസനപദ്ധതികൾ ദരിദ്രർക്കും സാധാരണക്കാർക്കും കൂടി ഉപകരിക്കുന്നതാകണം. തൊഴിലാളികൾക്കും, കർഷകർക്കും, വ്യാപാരികൾക്കും, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മറ്റേതുതുറകളിൽ വ്യാപരിക്കുന്നവർക്കും വികസനം സാധ്യമാക്കാൻ പുതിയ സർക്കാർ ശ്രദ്ധചെലുത്തുമെന്നു പ്രതീക്ഷിക്കാം. പരിസ്ഥിതിസംരക്ഷണത്തോടൊപ്പം മലയോരകർഷകരുടേയും തീരദേശനിവാസികളുടേയും ആശങ്കകൾ പരിഹരിക്കുന്നതിലും സർക്കാരിന്റെ സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്. അതോടൊപ്പം മതേതരത്വം, ജനാധിപത്യം, സർവ്വസമത്വം, ന്യൂനപക്ഷ സംരക്ഷണം എന്നീ മൗലിക മൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ മൂല്യങ്ങളെല്ലാം സംരക്ഷിക്കപ്പെടേണ്ടത് ജാതി, മത, ഭാഷാ വൈവിധ്യങ്ങൾ നിറഞ്ഞ ഭാരതത്തിലെ ജനതയുടെ ഐക്യത്തിനും നിലനില്പിനും പുരോഗതിക്കും അത്യന്താപേക്ഷിതമാണ്.

ദുക്റാനത്തിരുനാൾ സീറോമലബാർ സഭാദിനമായി ആഘോഷിക്കണമെന്ന് നമ്മുടെ സഭയുടെ സിനഡ് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനാഘോഷം കൊണ്ടാടണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

സഭാദിനം ആചരിക്കുമ്പോൾ നമ്മുടെ സഭയ്ക്ക് ഈ അടുത്ത നാളുകളിൽ ദൈവം നല്കിയിരിക്കുന്ന പ്രത്യേക

അനുഗ്രഹങ്ങളെ അനുസ്മരിക്കുക തികച്ചും ഉചിതമായിരിക്കും. നമ്മുടെ സഭയിലെ വാഴ്ത്തപ്പെട്ടവരായ ചാവറയച്ചന്റെയും ഏവുപ്രാസിയമ്മയുടെയും വിശുദ്ധപദ പ്രഖ്യാപനത്തിനുള്ള നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായി. ആസ്ത്രേലിയായിലെ മെൽബൺ കേന്ദ്രമായി നമുക്കു പുതിയ രൂപത ലഭിച്ചു. ഇന്ത്യയിലെ സീറോ മലബാർ പ്രവാസികളുടെ അജപാലനപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നതിനായി അപ്പസ്തോലിക് വിസിറ്ററെ ലഭിച്ചു. ദൈവം നമുക്കുനല്കിയ ഈ അനുഗ്രഹങ്ങളെയെല്ലാം ഓർത്തു ദൈവത്തിനു നന്ദിപറയാം. ഈ ഇടയലേഖനം ശ്രവിക്കുന്നവർക്കും സഭാമക്കൾ ഏവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:- ഈ ഇടയലേഖനം ജൂലൈ മാസം 3-ാം തീയതി ഞായറാഴ്ചയോ, അല്ലെങ്കിൽ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# കൃഷി ചെയ്ത് വളർത്തി എടുത്തു ഭക്ഷിക്കുക; ഇറക്കുമതി ചെയ്തു ഭക്ഷിക്കാതിരിക്കുക

**ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്**

2014 അന്തർദ്ദേശീയ കുടുംബകൃഷി (Family Farming) വർഷമാണ്. ഒരു രാജ്യത്തിന്റെ സാംസ്കാരികമഹിമയുടെയും സാമ്പത്തികഭദ്രതയുടെയും പ്രധാന ഘടകം ചെറുകിടകൃഷിയാണ്; പ്രത്യേകിച്ച് കുടുംബകൃഷി. ഇന്ത്യയുടെ പ്രത്യേകമായ പശ്ചാത്തലത്തിൽ ചെറുകിടകൃഷി മൊത്തകൃഷിയുടെ 80 ശതമാനം വരും. ആകെയുള്ള കാർഷികവരുമാനത്തിന്റെ 60 ശതമാനവും. അതായത്, രാജ്യത്തിന്റെ ആകമാനപുരോഗതിയുടെ സിരാകേന്ദ്രമാണ് ചെറുകിടകൃഷി അല്ലെങ്കിൽ കുടുംബകൃഷി. കർഷകരും കാർഷികോത്പന്നങ്ങളും ഇല്ലാത്ത ഒരു നാടിനെക്കുറിച്ച് നമുക്ക് ചിന്തിക്കാനാവില്ല. പച്ചക്കറിത്തോട്ടം ക്രമീകരിക്കുന്നതുൾപ്പെടെ കുടുംബകൃഷി വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാർഷികമേഖലയ്ക്ക് എല്ലാ തലങ്ങളിലും നിന്ന് മങ്ങലേറ്റിട്ടുണ്ട്. കർഷകരെയും കൃഷിയിടങ്ങളെയും ഭക്ഷ്യകൃഷി വിഭവങ്ങളെയും നാണ്യവിളകളെയും നാം കൂടുതൽ സ്നേഹിക്കണം. അതുവഴി മാതൃകായോഗ്യമായ കുടുംബാന്തരീക്ഷവും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്താൻ കഴിയും. കുടുംബകൃഷിയിലൂടെ ഭക്ഷ്യസുരക്ഷയും ദാരിദ്ര്യനിർമ്മാർജ്ജനവും അദ്ധ്വാനശീലവും ഉറപ്പുവരുത്താൻ സാധിക്കും. ദൈവവിചാരവും കുറെയെല്ലാം മനസമാധാനവുമുള്ള കൂട്ടരാണ് കൃഷിക്കാർ.

സ്വന്തമായ കൃഷിയിടങ്ങളിൽ അദ്ധ്വാനിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിലേക്ക് ലോകമാകമാനം തിരിഞ്ഞുകൊണ്ടിരിക്കുന്ന സമയമാണിത്. ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങളും കൃഷിക്കാരാവണം. നമുക്ക് സ്വന്തമായി ലഭിച്ചിരിക്കുന്ന സ്ഥലം തരിശുഭൂമിയാക്കി കളയരുത്. പണിക്കൂലി വഴിയുള്ള ചെലവുകൾ കുറയ്ക്കാനും നല്ല ഭക്ഷ്യവിഭവങ്ങൾ ഉത്പാദിപ്പിക്കാനും

കുടുംബാംഗങ്ങൾ എല്ലാവരും തമ്മിൽ കൂടുതൽ ആഴമായ സ്നേഹബന്ധം പുലർത്താനുമുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് കുടുംബകൃഷി. ഓരോ പ്രദേശത്തിനും അതിന്റേതായ ഭക്ഷ്യവിഭവ പ്രത്യേകതകൾ ഉണ്ട്. അതുംകൂടി പരിഗണനയിലെടുക്കുമ്പോൾ കുടുംബകൃഷി സമ്പന്നമായ ഒരു ഗാർഹികപ്രസ്ഥാനമാണ്.

അദ്ധ്വാനിച്ച് കൃഷി ചെയ്ത് ഭക്ഷിക്കാനും ജീവിക്കാനും പഠിക്കണം എന്ന സന്ദേശമാണ് കുടുംബകൃഷി നല്കുന്നത്. ഏറ്റവും വലിയ സ്വാശ്രയപ്രസ്ഥാനം ഇതാണ്. അന്തർദ്ദേശീയ കുടുംബകൃഷി വർഷത്തിന്റെ മുഖ്യലക്ഷ്യം കർഷകരെയും കാർഷികവൃത്തിയെയും പരിസ്ഥിതിസംരക്ഷണത്തെയും മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതത്രേ. ലോകഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതും ചെറുകിട കർഷകരാണ്. കുടുംബകൃഷി കുടുംബാംഗങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. വീട്ടുകാർ ഒരുമിച്ചുകൂടി വീടിന് ആവശ്യമുള്ളതെല്ലാം നട്ടുവളർത്തണം. നെല്ല്, കപ്പ, ചേന, വാഴ, കാച്ചിൽ, ചേമ്പ്, കിഴങ്ങ്, പയർവർഗ്ഗങ്ങൾ തുടങ്ങിയവമൂലം സമ്പന്നമായ പ്രദേശമായിരുന്നു നമ്മുടേത്. നഷ്ടപ്പെട്ടുപോയ കാർഷികസമ്പന്നതയും സൗന്ദര്യവും നമുക്ക് തിരിച്ചുപിടിക്കണം. ധാന്യകൃഷിക്ക് പ്രാധാന്യം കൊടുക്കുന്നതുപോലെ തന്നെ നാണ്യവിളകളുടെ കാര്യവും (തെങ്ങ്, റബർ, തേയില, കുരുമുളക്, ഏലം, കശുവണ്ടി, കൊക്കോ) ശ്രദ്ധിക്കണം.

ചെറുകിടകൃഷി അല്ലെങ്കിൽ കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിലും പരിരക്ഷിക്കുന്നതിലും പാലാ രൂപതയ്ക്ക് പ്രത്യേകമായ ഉത്തരവാദിത്വം കൂടിയുണ്ട്. ഇത്രയും കർഷകർ ഒരുമിച്ചുതാമസിക്കുന്ന മറ്റൊരു പ്രദേശവും കാണുകയില്ല. ഈ പ്രദേശത്തുള്ള എല്ലാവരുംതന്നെ കർഷകരാണ്. ഏതാനും മാസങ്ങൾക്കുമുമ്പ് നമ്മൾ നടത്തിയ കാർഷികമേള ഒരു പുത്തൻ ഉണർവ്വിന് കാരണമായിട്ടുണ്ട്. രൂപതയിലെ ഇൻഫാം പ്രവർത്തനങ്ങളും വളരെ ശക്തിപ്പെട്ടുവരികയാണ്. ഭൂമിയിലുള്ള അദ്ധ്വാനമാണ് ആരോഗ്യസംരക്ഷണത്തിനും ഏറ്റവും ഉചിതമായ മാർഗ്ഗം.

കൃഷി ചെയ്ത് വളർത്തി എടുത്തു ഭക്ഷിക്കുക; ഇറക്കുമതി ചെയ്തു ഭക്ഷിക്കാതിരിക്കുക (grow and eat; not import and eat) എന്നതായിരിക്കണം നമ്മുടെ ആദർശം. കാർഷികമേഖലയുടെ മഹത്ത്വം നഷ്ടപ്പെടാതിരിക്കണമെങ്കിൽ എല്ലാവരും കൂടുതൽ

അദ്ധ്വാനിക്കണം. സാമ്പത്തികലാഭം നോക്കി ആയിരിക്കരുത് കുടുംബകൃഷി നടത്തുന്നത്. കുടുംബകൃഷിയിൽ ജൈവകൃഷി സമ്പ്രദായം (organic farming) എല്ലാവരും സ്വീകരിക്കണം. സ്ഥായീ ഭാവമുള്ള കൃഷിസമ്പ്രദായം (sustainable cultivation) ഇതത്രേ. ജൈവകൃഷിയിലൂടെ മാത്രമേ ഭക്ഷ്യോത്പന്നങ്ങളുടെ വൈവിധ്യം നിലനിർത്താനാവൂ. മാലിന്യമില്ലാത്തതും രുചികര വുമായ ഭക്ഷ്യവിഭവങ്ങൾ ജൈവകൃഷിക്കാരിൽ നിന്നു മാത്രമേ ലഭിക്കൂ.

ഓരോരുത്തരുടെയും കൃഷിസ്ഥലങ്ങൾ പച്ചക്കറിത്തോ ട്ടവും വിവിധങ്ങളായ ഭക്ഷ്യോത്പന്നങ്ങളും കൊണ്ട് നിറയണം. കൃഷിയിടങ്ങൾ സജീവമായ പ്രദേശങ്ങളാവണം (active farmland). ഭാരതത്തിൽ ഭക്ഷ്യദൗർലഭ്യം (ദാരിദ്ര്യം) മൂലവും ഭക്ഷ്യ വിഷാംശംവഴിയും അനേകർ മരിക്കുന്നുണ്ട്. അതുപോലെതന്നെ അദ്ധ്വാനത്തിന്റെ കുറവുമൂലം പ്രത്യേകിച്ചു മണ്ണിനോടു ബന്ധ മില്ലാത്തതുമൂലം രോഗികളുടെ എണ്ണവും താരതമ്യേന കൂടിവരു കയാണ്. ഇതിനെല്ലാമുള്ള പരിഹാരമാർഗ്ഗമാണ് നമ്മുടെ കൃഷി യിടങ്ങൾ ജൈവകൃഷിസമ്പ്രദായം വഴി ജീവനുള്ളതാക്കി ത്തീർക്കുക എന്നത്. നമ്മുടെ പറമ്പിൽനിന്ന് കിട്ടുന്ന ഭക്ഷ്യോ ത്പന്നങ്ങൾ പാകം ചെയ്ത് കഴിക്കുന്ന ഒരു ഭക്ഷണശൈലിക്രമ ത്തിലേക്കു നാം തിരിച്ചുവരേണ്ടതുണ്ട്. ബേക്കറി ഭക്ഷണങ്ങളുടെ ഉപയോഗം നിയന്ത്രിക്കണം. കുടുംബകൃഷിക്ക് സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും പരിസ്ഥിതിപരവും ആത്മീ യവുമായ മൂല്യങ്ങളുണ്ട് എന്നും നാം തിരിച്ചറിയണം. പ്രകൃതിയെ ഉപദ്രവിക്കാതെയുള്ള കൃഷിരീതികളാണ് കുടുംബകൃഷി അഥവാ ജൈവവളം ഉപയോഗിച്ചുള്ള ചെറുകിട കൃഷിരീതികൾ. ചെറുകി ടകൃഷിയാണ് രാജ്യത്തിന്റെ അടിസ്ഥാനം.

കർഷകനാണ് രാജ്യത്തെ ഏറ്റവും ആദരണീയനായ വ്യക്തി. കർഷകർ ഒരിക്കലും ക്ഷയിക്കാത്ത പ്രായോഗികവിജ്ഞാനമുള്ള വരാണ്. നമ്മുടെ പൂർവ്വികർ അനുവർത്തിച്ചിരുന്ന കൃഷിരീതികൾ നമ്മെ അദ്ഭുതപ്പെടുത്തുന്നവയാണ്. അവരുടെ അദ്ധ്വാനത്തിലും, അതുവഴി കുടുംബാംഗങ്ങളെയും ഭൂമിയെയും സംരക്ഷിക്കുന്ന തിൽ അവർക്കുണ്ടായിരുന്ന തീക്ഷ്ണതയിലും അമർത്യതയുടെ അംശങ്ങൾ കലർന്നിട്ടുണ്ട്. നമ്മുടെ രൂപതയിലെ കർഷകരുടെ

വിജ്ഞാനം ഒന്നു ശേഖരിച്ചാൽ ഒരു സർവ്വകലാശാലയ്ക്കുള്ള വിജ്ഞാനകോശമാകുമത്. ശരിയായിട്ടുള്ള ശബ്ദതാരാവലി അവരുടേതാണ്. യഥാർത്ഥത്തിൽ കുടുംബകൃഷി ഒരു ജീവിതശൈലിയാണ്. ലാഭം നേടാനും കുറെ ഉത്പന്നങ്ങൾ കണ്ടെത്താനും വേണ്ടിയല്ല. അദ്ഭുതപ്പെടുത്തുന്ന രീതിയിൽ ഭക്ഷ്യവിഭവ വൈവിധ്യം മണ്ണിൽനിന്നു നേടിയ ഒരു അമൂല്യപ്രദേശമാണ് നമ്മുടേത്. നമ്മുടെ രൂപതാകേന്ദ്രത്തിലും പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലും കോളജ് പറമ്പിലും എല്ലാം ജൈവകൃഷിയും മറ്റു ചെറുകിട കൃഷികളും നടത്തുന്നുണ്ട്. വീട്ടാവശ്യങ്ങൾക്കായി അല്പമെങ്കിലും കൃഷി ചെയ്യാത്ത ഒരു വീടുപോലും നമ്മുടെ രൂപതയിൽ ഉണ്ടായിരിക്കരുത്.

മാറ്റിവയ്ക്കാവുന്നതും മാറ്റിക്കളയാവുന്നതുമായ വസ്തുക്കളല്ല കൃഷിക്കാർ. അന്തസ്സും മാന്യതയുമുള്ള മനുഷ്യരാണവർ. ഓരോ കൃഷിക്കാരനും നല്ല ഒരു ഗവേഷകനും ശാസ്ത്രജ്ഞനും കൂടിയാണ്. കൃഷിയുടെ ശാസ്ത്രമാണ് ഭൂമിയിലെ നമ്മുടെ നിലനില്പ്പിന്റെ അടിത്തറ. മറ്റു ശാസ്ത്രങ്ങളെല്ലാം കർഷകരുടെ ശാസ്ത്രത്തോടു ബന്ധപ്പെട്ടതും അതിൽനിന്നു കടമെടുത്തതുമാണ്. എങ്കിലും കർഷകരെ അപമാനിക്കുകയും കർഷകരൊഴികെ ബാക്കി എല്ലാവരും ശാസ്ത്രജ്ഞരാണെന്നു ചിന്തിക്കുകയും ചെയ്യുന്ന കാലത്താണു നാം ജീവിക്കുന്നത്. വാസ്തവത്തിൽ ഇന്നും നല്ല കർഷകരിലാണു സൃഷ്ടിപരതയും പുത്തൻരീതികളും നിലനില്ക്കുന്നത്. ഏറ്റവും നല്ല സംസ്കാരം അഗ്രിക്കൾച്ചർ ആണ്. കൃഷിയോടു ബന്ധപ്പെട്ടിട്ടുള്ളതാണ്. അതിനാൽ ഓരോ കൃഷിക്കാരനും തന്റെ ശക്തി തിരിച്ചറിയണം. കൃഷിക്കാരുടെ കൂടിവരവിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. പൊതുവേദികളിലും മറ്റും കൃഷിക്കാരെ കേൾക്കാൻ കുട്ടികൾക്കു കൂടുതൽ അവസരങ്ങൾ ഉണ്ടാകണം.

സംയോജിത (integrated) കൃഷി സമ്പ്രദായമായിരുന്നു നമ്മുടെ പ്രത്യേകത. അതായത്, ജൈവകൃഷി സമ്പ്രദായങ്ങളും മൃഗവളർത്തലും (livestocks) ഒരുമിച്ചുകൊണ്ടുപോകുന്ന രീതി. കൃഷിയും മൃഗവളർത്തലും മീൻവളർത്തലും എല്ലാം ചേർന്നുപോകേണ്ട കാര്യങ്ങളാണ്. മണ്ണിരകമ്പോസ്റ്റ് തയ്യാറാക്കുന്നത് ഏറ്റവും നല്ലതാണ്. സംയോജിത കൃഷിരീതിയിൽ ഭക്ഷ്യ

വിളകൾ, മൃഗവളർത്തൽ, ക്ഷീരോത്പന്നങ്ങൾ, കോഴിവളർത്തൽ, താറാവു വളർത്തൽ, മുയൽ വളർത്തൽ, ആടുവളർത്തൽ, പന്നി വളർത്തൽ, പക്ഷി വളർത്തൽ, മീൻ വളർത്തൽ, തേനീച്ച വളർത്തൽ എല്ലാം പെടും. പലതരത്തിലുള്ള പയർ വർഗ്ഗങ്ങൾ (pulses), ഭക്ഷ്യധാന്യങ്ങൾ (cereals), പഴവർഗ്ഗങ്ങൾ (fruit plants), കൂൺവർഗ്ഗങ്ങൾ, മറ്റു പ്രാദേശികസസ്യവർഗ്ഗങ്ങൾ (flora), ജന്തു വർഗ്ഗങ്ങൾ (founa), മുരിങ്ങക്കായ് (drumsticks) തുടങ്ങിയവയും പ്രാധാന്യമർഹിക്കുന്നവയാണ്. 'മുരിങ്ങ' (moringa) എന്നാൽ "ഒരിക്കലും നശിക്കാത്ത മരം" എന്നാണർത്ഥം. മുരിങ്ങയുടെ ഓരോ ഭാഗവും ഔഷധഗുണമുള്ളതുമാണ്. ഇഞ്ചി, മഞ്ഞൾ, കൂവ തുടങ്ങിയവ ഔഷധച്ചെടികളാണ്. മാങ്ങാ, വാഴയ്ക്കാ, പപ്പായ (കപ്പളങ്ങ) തുടങ്ങിയവയെല്ലാം പച്ചക്കറികളും പാകമാകുമ്പോൾ പഴവർഗ്ഗങ്ങളുമാണ്. പപ്പായയെ മാലാഖമാരുടെ ഫലം (fruit of the Angels, മാധുര്യം കൊണ്ട്) എന്നാണ് Christopher Columbus വിശേഷിപ്പിച്ചത്. ഇവയൊക്കെ വിളയിച്ചെടുക്കുക അദ്ധ്വാനശീലനായ ഒരു കൃഷിക്കാരന് അസാധ്യമായ കാര്യമല്ല. വി. ഫ്രാൻസിസ് അസ്സീസ്സിയുടെ വാക്കുകൾ ഇപ്രകാരമാണ്: "സാധിക്കുന്ന കാര്യം ആദ്യം ചെയ്യുക; പിന്നീട് അത്യാവശ്യമുള്ള കാര്യങ്ങൾ ചെയ്യുക; അപ്പോൾ അസാധ്യമായ കാര്യങ്ങൾ ചെയ്യാൻ പറ്റും." അപ്പോഴാണു കൃഷിയിൽനിന്നുള്ള സന്തോഷവും ഐശ്വര്യവും അനുഭവിക്കാൻ കഴിയുന്നത്. ഒരു നല്ല ജീവിതക്രമം നിലനിർത്താനുള്ള അടിസ്ഥാനശിലയാണിത് (not for making a profit but for making a living).

കുടുംബകൃഷിയുടെ നേട്ടം നമുക്ക് എത്ര ഏക്കർ സ്ഥലമുണ്ട് എന്നതിലല്ല; എത്ര ഫലപ്രദമായിട്ടു നാം ഉപയോഗിക്കുന്നു എന്നതിലാണ്. എത്രകിലോഗ്രാം ഉല്പാദിപ്പിച്ചു എന്നതല്ല എത്ര ഗുണമേന്മയുള്ളവ ഉത്പാദിപ്പിച്ചു എന്നതാണ്. എല്ലാവരും അതിൽ പങ്കെടുക്കുന്നു എന്നതാണ് പ്രധാനം. മറ്റുള്ളവരെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചല്ല നമ്മൾ കർഷകരാകേണ്ടത്. ഉദാഹരണമായി 2 ഏക്കർ സ്ഥലമുള്ള ഒരു വീട്ടുടമ ആ സ്ഥലത്തെ റബർ ടാപ്പിംഗ് ഉൾപ്പെടെ സ്വന്തമായിട്ട് ചെയ്യുമ്പോഴാണ് യഥാർത്ഥ കർഷകനാകുന്നത്. നമ്മൾ കൃഷി ചെയ്യിക്കുന്നവരാകാതെ കൃഷി ചെയ്യുന്നവരാകണം. കുടുംബകൃഷിയാണു കുടുംബാംഗങ്ങൾക്കു പറ്റിയ ഏറ്റവും നല്ല മരുന്ന്. കുടുംബാംഗങ്ങളുടെ കൂടിവരവിന്റെ ഏറ്റവും

പ്രാദേശികവും പ്രായോഗികവുമായ രൂപം കുടുംബ കൃഷി യിടമാണ്. ദീർഘനാൾ ജീവിക്കാനും ആരോഗ്യത്തോടെ ജീവി ക്കാനും (to live long and healthy) കുടുംബകൃഷി ഏറെ സഹായി ക്കും. മണ്ണൊലിപ്പു തടയുന്നതിനു കല്ല് - മൺ കയ്യാലകളും മഴവെള്ളം ശേഖരിക്കുന്നതിനു മൺകുഴികളും നിർമ്മിക്കുന്നത് ഉപകാരപ്രദമാണ്.

രാസവളങ്ങൾ ഉപയോഗിച്ചു ലാഭം മാത്രംനോക്കി കൃഷി നടത്തുമ്പോൾ കൃഷിയുടെ മഹത്ത്വം നമ്മൾ നശിപ്പിക്കുകയാണ്; ചെറുതാക്കുകയാണ്. ശാസ്ത്രീയം എന്നു വിശേഷിപ്പിക്കപ്പെടുന്ന രാസവളകീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ സ്വാഭാവികഘടന നഷ്ടപ്പെടുത്തുകയും ചെടികളുടെ ആയുസ്സു കുറയ്ക്കുകയും ചെയ്യുന്നു. നമ്മുടെ കർഷകർ നൂറ്റാണ്ടുകളിലൂടെ ജൈവവളം ഉപ യോഗിച്ചു നിലനിർത്തിയ സമ്പന്നമായ കൃഷിയിന വൈവിധ്യം (rich-agro diversity) രാസവളപ്രയോഗത്തിലൂടെ നശിപ്പിക്കപ്പെടുന്നു. ചെറുകിട കൃഷിക്കാരാണ് വൈവിധ്യത്തിന്റെ ശില്പികൾ. വൈവിധ്യം നശിപ്പിച്ച് ഏതെങ്കിലും ഒന്നിന്റെ പിറകേ പോവുക യാണ് വൻകിടകൃഷി. യന്ത്രവത്കൃതകൃഷി അപ്രകാരം വലിയ നഷ്ടങ്ങൾക്കു കാരണമാകുന്നു. അതു സാമൂഹികവും പാരിസ്ഥി തികവുമായ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. കീടനാശിനികളുടെ ഉപയോഗം മനുഷ്യരിൽ ഏല്പിക്കുന്ന മുറിവുകൾ എണ്ണിത്തിട്ട പ്പെടുത്താവുന്നവയല്ല. നമ്മൾ ജൈവകീടനാശിനികൾ ഉപയോ ഗിച്ചു പഠിക്കണം. ലോകപ്രശസ്ത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ പറയുന്നു- "അവസാനത്തെ ഈച്ച അപ്രത്യക്ഷമാ കുമ്പോൾ മനുഷ്യനും അപ്രത്യക്ഷനാകും. (when the last bee disappears, human will disappear)". നമ്മൾ വെറും സാധനങ്ങൾ (commodities) ഉത്പാദിപ്പിക്കുന്നവരല്ല, ഭക്ഷ്യയോഗ്യമായ വിഭവ ങ്ങൾ ഉത്പാദിപ്പിക്കുന്നവരാകണം. ജൈവകൃഷികേന്ദ്രിതമായ ഒരു Agro-ecology - കൃഷി പ്രാധാന്യമുള്ള പരിസ്ഥിതിസംരക്ഷണം - ലക്ഷ്യം വയ്ക്കണം. ജൈവകൃഷിയിലൂടെ, കുടുംബകൃഷിയിലൂടെ നമ്മുടെ കൃഷിയിടങ്ങളെ യൗവനവൽകരിക്കണം (re-juvenate). കാലാവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്കും ജൈവകൃഷി അത്യ ന്താപേക്ഷിതമത്രേ. മനുഷ്യന്റെ സന്തോഷവും മനുഷ്യർ തമ്മി ലുള്ള ഐക്യവും ജൈവകുടുംബകൃഷിയിലൂടെ വളർത്താൻ

കഴിയും. യന്ത്രവത്കൃത വൻകിടകൃഷിക്കാർ കർഷകരെ വെറും ഉപകരണങ്ങളാക്കുകയാണ്. ചെറുകിട കൃഷി ഭാവിയെ ലക്ഷ്യം വച്ചുള്ളതാണ്. ഭൂമിയെ സംരക്ഷിക്കണം എന്ന ലക്ഷ്യവും അതിനുണ്ട്. കർഷകൻ മണ്ണിന്റെ ചൂഷകൻ അല്ല, സൂക്ഷിപ്പുകാരനാണ്. വളക്കൂറുള്ള മണ്ണും അനുഗ്രഹദായകമായ കാലാവസ്ഥയും ഇത്തരം കൃഷിക്കാരുടെ അദ്ധ്വാനത്തിന്റെ ഫലമാണ്. കുടുംബകൃഷിയിലൂടെ മനുഷ്യബന്ധങ്ങളിൽതന്നെ ഒരു നവോത്ഥാനമുണ്ടാകും. സ്ത്രീശാക്തീകരണത്തിനും ലിംഗസമത്വത്തിനും ഏറ്റവും നല്ല വേദികളാണ് കുടുംബകൃഷിത്തോട്ടങ്ങൾ. സ്ത്രീകളുടെ വ്യക്തിത്വവികസനത്തിനും ആത്മസംതൃപ്തിയ്ക്കും ഏറെ സമയം കുടുംബാംഗങ്ങളോടുകൂടി ആയിരിക്കാനും ഈ കുടുംബകൃഷി ഉപകാരപ്പെടും. വീടുകളിൽ അമ്മമാരുടെ സാന്നിദ്ധ്യം കുറയുന്നതു കുടുംബമൂല്യങ്ങളുടെ ശോഷണത്തിനു കാരണമാകുന്നുണ്ട്. പാടത്തു പണിയെടുക്കുന്ന സ്ത്രീകളുടെ നാടാണു ഭാരതം എന്നു നാം മറക്കരുത്. സ്വന്തം വീട്ടിലും സ്വന്തം കൃഷിയിടങ്ങളിലും ആയിരിക്കാൻ എല്ലാ അമ്മമാരും ശ്രദ്ധിക്കണം. ഭാരതം ചെറുകിട കർഷകരുടെ നാടാണ്. മണ്ണിൽനിന്ന് അകലുന്നതു നല്ലതല്ല. കുടുംബകേന്ദ്രിതമായ കൃഷി വളരെയേറെ ശക്തിപ്പെടുത്തണം. കുട്ടികൾക്കു കൃഷി പരിശീലനം നൽകാനുള്ള നല്ല മാർഗ്ഗം കാർഷിക യൂണിവേഴ്സിറ്റിയല്ല, സ്വന്തം വീടും പറമ്പുമാണ്. പെൺകുട്ടികളെ എല്ലാ മാതാക്കളും പാചകം പഠിപ്പിക്കണം. കൃഷിക്കാർ ഇല്ലാതാകുമ്പോൾ രാജ്യം തകരും. പാചകം അറിയാത്ത അമ്മമാർ വീടു തകർക്കും. സംസ്കാരവും തകരും. എല്ലാ വൈദികരും സമർപ്പിതരും കൃഷിയിൽ ഏർപ്പെടുകയും തരിശുഭൂമി കൃഷിഭൂമിയാക്കി മാറ്റുകയും ചെയ്യണം. പ്രതീക്ഷയും പ്രത്യാശയും കൃഷിക്കാരിലാണ്. ഒരുകാലത്തു കേരളം ധാന്യകൃഷിക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. ഇന്ന് ആ രംഗം ശൂന്യമാണ്.

നമ്മുടെ ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് ഏറെ സങ്കടകരമായ കാര്യമാണ്. നമുക്ക് ആവശ്യമില്ലാത്തതെല്ലാം ആറ്റിലേക്കും വഴിയിലേക്കും വലിച്ചെറിയുന്ന ദുരവസ്ഥയിൽനിന്നു നാം മോചനം നേടേണ്ടതുണ്ട്. ജലമലിനീകരണവും, വായു മലിനീകരണവും വലിയ തോതിലുള്ള ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വലിയ പാരിസ്ഥിതിക പ്രതിസന്ധിയിലേക്ക് അവ നമ്മെ

എത്തിക്കുന്നുണ്ട്. കിണർ, കുളം, തോട്, ആറ്, നദി എന്നിവയെല്ലാം ശുദ്ധമായി സംരക്ഷിക്കുവാനുള്ള വലിയ ഉത്തരവാദിത്വം നമുക്കുണ്ട്.

ഈശോ കാർഷികമേഖലയെ ഏറെ സ്നേഹിച്ചിരുന്നു. സുവിശേഷം പ്രസംഗിക്കുവാൻ കൃഷിയിടങ്ങളോടു ബന്ധപ്പെട്ട എല്ലാ പ്രതീകങ്ങളും അവിടുന്ന് ഉപയോഗിച്ചു. നല്ല മണ്ണിൽ എന്ന പോലെ പാറക്കെട്ടിലും വഴിയോരങ്ങളിലും മുള്ളുകൾക്കിടയിലും വിത്തുപാകുന്ന അസാധാരണമായ വിശാലഹൃദയത്തിന്റെ ഉടമ യായ ഒരു കർഷകനായിരുന്നു അവിടുന്ന്. ഈ കൃഷിക്കാരൻ ഏതു മണ്ണും ഉഴുതു മറിക്കുന്നവനാണ്. കാർഷികസംസ്കാരം വേദപു സ്തകസംസ്കാരം തന്നെയാണ്; സുവിശേഷസംസ്കാരം തന്നെ യാണ്. നമ്മുടെ സ്ഥലങ്ങൾ വെറുംഭൂമിയും തരിശുഭൂമിയും മരുഭൂ മിയുമാക്കരുത്. വിശുദ്ധനായ 23-ാം ജോൺ മാർപാപ്പാ പറയുന്നു: "എന്റെ ഗ്രാമത്തെയും എന്റെ വീട്ടുകാർ ജോലി ചെയ്യുന്ന കൃഷി ഭൂമിയെയും മറക്കാതിരിക്കാൻ കർത്താവിന്റെ കൃപ എന്നെ സഹാ യിക്കുന്നു." ഈ കൃപയ്ക്കായി നമുക്കും പ്രാർത്ഥിക്കാം.

# രണ്ടാം വത്തിക്കാൻ കൗൺസിലും കേരളസഭയും

## കെ.സി.ബി.സി. നിർദ്ദേശങ്ങൾ

യേശുവിൽ പ്രിയമുള്ളവരേ,

രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തതിന്റെ സുവർണജൂബിലിയുടെ പശ്ചാത്തലത്തിലാണല്ലോ 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ വിശ്വാസവർഷമായി നാം ആചരിച്ചത്. കേരള കത്തോലിക്കാ സഭയുടെ വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ ദർശനങ്ങൾ എത്രമാത്രം കേരളസഭ ഉൾക്കൊണ്ടു എന്നതിനെക്കുറിച്ചു പഠിക്കാൻ സഭയിൽ ഒരു സർവ്വേ നടത്താൻ 2012 ജൂൺ 5 മുതൽ 7 വരെ പി.ഒ.സി.യിൽ കൂടിയ കെസിബിസി സമ്മേളനം തീരുമാനിക്കുക യുണ്ടായി. ഇതിൻപ്രകാരം കേരളത്തിലെ 30 രൂപതകളിലും തിരഞ്ഞെടുക്കപ്പെട്ടവരുടെ ഇടയിൽ പഠനം നടത്തുകയും പഠനത്തിന്റെ കണ്ടെത്തലുകൾ 2013 ഡിസംബർ 10 മുതൽ 12 വരെ പി.ഒ.സി.യിൽ നടന്ന കെസിബിസി യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. പഠനത്തിന്റെ കണ്ടെത്തലുകളുടെ രത്നച്ചുരുക്കം താഴെ ചേർത്തിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധന ങ്ങളും നിർദ്ദേശങ്ങളും കേരളസഭയിൽ കൂടുതലായി പ്രചരിക്കുന്നതിനും കൗൺസിൽ വിഭാവനം ചെയ്ത സഭാനവീകരണം തുടരുന്നതിനും ആവശ്യകമായ ചില പ്രായോഗിക നിർദ്ദേശങ്ങളാണ് ഇവ. രൂപതാതലത്തിലും സന്ന്യാസ സമൂഹതലത്തിലും ഇടവകതലത്തിലും സംഘടനാതലത്തിലും ഇവ വായിച്ച് ചർച്ചചെയ്യുകയും സാധിക്കുന്ന തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് 2014 ജൂൺ 3 മുതൽ 5 വരെ പി.ഒ.സി.യിൽ കൂടിയ കെസിബിസി യോഗം തീരുമാനിക്കുക യുണ്ടായി. വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും സഭയുടെ എല്ലാ മേഖലകളിലും ആത്മാർത്ഥമായി നട പ്പാക്കി കേരളസഭയെ നവീകരിക്കാനും വളർത്താനും നമുക്കൊരുമിച്ച് ശ്രമിക്കാം.

കേരള കത്തോലിക്കാമെത്രാൻസമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ** – പ്രസിഡന്റ്, കെസിബിസി

**ആർച്ച്ബിഷപ്പ്മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

## കൗൺസിലിനെക്കുറിച്ചുള്ള പഠനത്തിന്റെ കണ്ടെത്തൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചിട്ട് അമ്പതുവർഷം തികഞ്ഞ ഈയവസരത്തിൽ, കൗൺസിലിന്റെ പ്രധാനലക്ഷ്യം അധുനാതനീകരണം (Aggiornamento) ആയിരുന്നുവെന്നു നാം ഓർക്കുന്നുണ്ടാകുമല്ലോ. സ്വയം നവീകരിക്കാനും കാലാനുസൃതം സ്വയം പ്രസക്തമാക്കാനും വേണ്ടിയുള്ള തിരുസഭയുടെ, പരിശുദ്ധാരൂപിയാൽ നിവേശിതമായ ശ്രമത്തിന്റെ രൂപരേഖകളായിരുന്നു കൗൺസിലിന്റെ പ്രമാണരേഖകൾ. ഇവയെല്ലാം സഭയെ ഇന്നത്തെ മനുഷ്യസമൂഹവുമായി ഫലപ്രദമാംവിധം ബന്ധിപ്പിക്കുന്നതിനുവേണ്ട പ്രധാനപ്പെട്ട പ്രബോധനങ്ങളും നിർദ്ദേശങ്ങളും നല്കുന്നവയാണ്. ഇവവഴി മനുഷ്യസമൂഹത്തിന്റെ മുമ്പിലേക്കു സഭ സ്വന്തം വാതിലുകൾ തുറക്കുകയും സഭയും ലോകവും തമ്മിൽ ഫലപ്രദവും രക്ഷാകരവുമായ ബന്ധം വളർത്തുന്നതിന് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു. അതിനുശേഷം, പല അവസരങ്ങളിൽ ആഗോളസഭ മേല്പറഞ്ഞ ബന്ധങ്ങളെയും അവയുടെ ഗുണദോഷങ്ങളെയും വിലയിരുത്തുന്ന ആത്മപരിശോധനകൾ നടത്തിയിട്ടുണ്ട്. പ്രാദേശികതലത്തിലും മേല്പറഞ്ഞതരം പരിശോധനകളും അന്വേഷണങ്ങളും നടത്തുന്ന സമിതികളും യോഗങ്ങളും നടന്നിട്ടുണ്ട്. ഇവയുടെ പിന്തുടർച്ചയെന്നോണം ഒരു പഠനം കഴിഞ്ഞ വർഷം കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുകയുണ്ടായി. കേരളത്തിലെ മുപ്പതു രൂപതകളിൽനിന്നുള്ള, വൈദികരും സന്ന്യസ്തരും അല്മായരും അടങ്ങുന്ന, മൂവായിരം സഭാംഗങ്ങളിൽനിന്നുള്ള അഭിപ്രായങ്ങളാണു പ്രസ്തുത പഠനത്തിനുവേണ്ടി ശേഖരിച്ചത്. വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും കേരളസഭയിൽ എത്രമാത്രം പ്രായോഗികമായിട്ടുണ്ട് എന്നതിനെപ്പറ്റി ഈ പഠനം നമുക്ക് ഉപകാരപ്രദമായ പല ഉൾക്കാഴ്ചകളും നല്കുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

ക്രൈസ്തവ വെളിപാടിനെക്കുറിച്ചും അതിൽ വിശുദ്ധഗ്രന്ഥത്തിനും പാരമ്പര്യത്തിനും ഉള്ള സ്ഥാനത്തെക്കുറിച്ചും മുമ്പത്തെക്കാളേറെ നമ്മുടെ വിശ്വാസികൾ അവബോധമുള്ളവരാണ്. അതു വളരെ സന്തോഷകരമായ കാര്യമാണ്. അതുപോലെതന്നെ, തിരുസ്സഭയെന്നത് അധികാരികൾ മാത്രമല്ല, മെത്രാന്മാരും, വൈദികരും, അല്മായരും

ഉൾപ്പെടുന്ന ദൈവജനമാണെന്ന സമഗ്ര വീക്ഷണം കേരളസഭയിൽ വ്യാപകമായിത്തീർന്നിട്ടുണ്ട്. നാമെല്ലാവരും ഒരേ വിശുദ്ധിയിലേക്കാണു വിളിക്കപ്പെട്ടിരിക്കുന്നതെന്നും ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനുള്ള സേവനത്തിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണു സഭാശുശ്രൂഷകരെന്നും കൂടുതൽ കൂടുതൽ പേർ മനസ്സിലാക്കിവരുന്നു. ആദ്ധ്യാത്മികതയിൽ ആരാധനക്രമത്തിനുള്ള പ്രഥമസ്ഥാനത്തെക്കുറിച്ചും നാം ബോധവാന്മാരാണെന്നത് ചാരിതാർത്ഥ്യജനകമാണ്. യുവതലമുറയുടെ വിശ്വാസരൂപവത്ക്കരണത്തിൽ മാതാപിതാക്കൾക്കുള്ള പ്രഥമ ഉത്തരവാദിത്വത്തെക്കുറിച്ചും, സഭാനേതൃത്വത്തിലുള്ളവർ പ്രബോധനങ്ങൾ വഴിയെന്നതിനെക്കാൾ മാതൃകവഴി നല്കേണ്ട രൂപവത്കരണത്തെക്കുറിച്ചും സഭാംഗങ്ങൾ തികച്ചും അവബോധമുള്ളവരാണ്. കഴിഞ്ഞ അമ്പതു വർഷംകൊണ്ട് പല ക്രൈസ്തവവിഷയങ്ങളിലും കേരളസഭയിലുണ്ടായിട്ടുള്ള അറിവിന്റെ വളർച്ച ശ്ലാഘനീയമാണ്.

എങ്കിലും, കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും കേരളസഭയിൽ മുഴുവനായി പ്രായോഗികമാകാൻ നാമെല്ലാവരും ഒരുമിച്ച് ഇനിയും കൂടുതലായി ശ്രമിക്കേണ്ടിയിരിക്കുന്നുവെന്നും മേല്പറഞ്ഞ സർവേ സൂചിപ്പിക്കുന്നു. അപ്രകാരം, രൂപതകളുടെയും ഇടവകകളുടെയും തലങ്ങളിൽ നടപ്പാക്കേണ്ട ചില കാര്യങ്ങൾ രൂപതാധികാരികളുടെയും വികാരിമാരുടെയും ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്നു.

**പ്രായോഗിക നിർദ്ദേശങ്ങൾ**

1. ലിറ്റർജി, ദൈവാവിഷ്കരണം മുതലായ കൗൺസിലിന്റെ സുപ്രധാന പ്രബോധനങ്ങളെക്കുറിച്ചുള്ള അറിവ് ജനങ്ങളുടെയിടയിൽ ഇനിയും കൂടുതലായി വ്യാപകമാകേണ്ടതുകൊണ്ട്, യുവാക്കൾ, മുതിർന്നവർ എന്നിവർക്കായി ഇടവകകളിൽ സെമിനാറുകൾ സംഘടിപ്പിച്ച്, തുടർ മതബോധനം നല്കണം.
2. ലിറ്റർജി, പ്രത്യേകിച്ച് കൂദാശകളുടെ പരികർമ്മം, ഞായറാഴ്ചകളിലെ ദിവ്യബലിയർപ്പണം എന്നിവ കൂടുതൽ സജീവവും ജനങ്ങളുടെ അനുദിനജീവിതത്തിന്പറ്റും വിധം ആത്മീയശക്തി പകരുന്നതുമാക്കാൻ വേണ്ടതെല്ലാം വൈദികർ ചെയ്യേണ്ടതാണ്. ഇതിനുവേണ്ടി ഇടവകകളിൽ ലിറ്റർജിക്കൽ കമ്മിറ്റി ഉണ്ടാകുന്നതും, ഗാനാലാപം, വിശുദ്ധഗ്രന്ഥ വായനകൾ, കർമ്മങ്ങളെ സജീവമാക്കാൻ ആവശ്യമായ മറ്റ് ഒരുക്കങ്ങൾ എന്നിവ വൈദികന്റെ

നിർദ്ദേശമനുസരിച്ച് ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചെയ്യുന്നതും നല്ലതാണ്.

3. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ പ്രഭവസ്ഥാനവും അതിന്റെ പ്രഥമ പോഷകവും ലിറ്റർജിയാണെന്നു കൗൺസിൽ പഠിപ്പിക്കുന്നു. മറ്റു പൊതുജനഭക്തികൾ ലിറ്റർജിയോടു ബന്ധപ്പെട്ടും അതിലേക്കു നയിക്കുന്ന വിധത്തിലുമായിരിക്കണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. നമ്മുടെ ജനങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ഇക്കാര്യത്തിൽ പല അസന്തുലിതരീതികളും നിലനില്ക്കുന്നതായി അവർതന്നെ മേല്പറഞ്ഞ സർവേയിലൂടെ ചൂണ്ടിക്കാട്ടുന്നു. ഈ സാഹചര്യത്തിൽ, ഇവയെ നേർവഴിയിലാക്കാൻ ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ ഓരോ രൂപതയും നല്കുകയും, ഇടവകകളിൽ അവ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

4. നാമെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണെന്നും, ശിരസ്സായ ക്രിസ്തുവിൽ ഒന്നായിരിക്കുന്ന നമ്മുടെ ഐക്യം പ്രവൃത്തികളിൽകൂടി പ്രകടമാകണമെന്നും ഉള്ള പ്രബോധനമനുസരിച്ച്, നമ്മുടെ ഇടവകകളിൽ പരസ്പരം അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുവാൻ ഒരു ഫണ്ട് രൂപീകരിക്കുന്നതു നല്ലതാണ്. ഇടവകയിലെ പൊതുപിരിവിൽനിന്ന് ഒരു നിശ്ചിത ശതമാനം മാറ്റിവയ്ക്കുന്നതിനു പുറമെ, ഈ ഫണ്ടിനുവേണ്ടി പ്രത്യേക പിരിവ് രൂപതയുടെ അനുവാദത്തോടുകൂടി നടത്താവുന്നതാണ്. അതുപോലെ, രക്തദാനം, ജീവിച്ചിരിക്കുമ്പോഴും മരണശേഷവുമുള്ള അവയവദാനം മുതലായവയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

5. സ്ത്രീകൾക്കു സഭയിലും പൊതുസമൂഹത്തിലും തുല്യമായ സ്ഥാനവും പ്രവർത്തനങ്ങളിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻവേണ്ടി, രൂപതകളിലും ഇടവകകളിലും കമ്മിറ്റിയംഗങ്ങൾ, ഭാരവാഹികൾ, ഓഫീസ് ജോലിക്കാർ മുതലായവരിൽ മൂന്നിലൊന്നെങ്കിലും യോഗ്യതയുള്ള സ്ത്രീകളെ നിയമിക്കേണ്ടതാണ്.

6. സുവിശേഷവത്കരണത്തിനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിനും തടസ്സമാകുന്ന വിധത്തിൽ നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും സുവിശേഷമൂല്യങ്ങൾക്കു യോജിക്കാത്ത പ്രവർത്തനരീതികൾ ഉണ്ടാകാതിരിക്കാൻ നാമെല്ലാവരും ശ്രദ്ധിക്കേ

ണ്ടിയിരിക്കുന്നു. അതുകൊണ്ട്, സുവിശേഷമൂല്യങ്ങൾക്കെതിരായ അനീതി, അക്രമം എന്നിവ നമ്മുടെ കുടുംബങ്ങളിലെയും സ്ഥാപനങ്ങളിലെയും മനുഷ്യബന്ധങ്ങളിലും, ഫീസ് സമാഹരണം, ശമ്പള വിതരണം മുതലായ സാമ്പത്തിക സംവിധാനങ്ങളിലും ഒരിക്കലും കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കണം. സാമൂഹത്തിൽ ഏതെങ്കിലും തരത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നവരോടു പ്രത്യേക പരിഗണനയും അനുകമ്പയും കാണിക്കുന്നതിലൂടെയും നാം സുവിശേഷമൂല്യങ്ങൾക്കു സവിശേഷസാക്ഷ്യം വഹിക്കണം.

7. ക്രിസ്തുവിനും സുവിശേഷമൂല്യങ്ങൾക്കും സാക്ഷ്യം വഹിക്കാൻ എല്ലാ ക്രൈസ്തവർക്കും കടമയുണ്ട്. ക്രൈസ്തവ മൂല്യങ്ങൾ അല്മായർ തങ്ങളുടെ വ്യക്തിപരവും കുടുംബപരവുമായ ജീവിതത്തിൽ മാത്രമല്ല, പൊതുസമൂഹജീവിതത്തിലും പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം, പൊതുപ്രവർത്തനം, ഭരണതലം എന്നീ തലങ്ങളിൽ പ്രവർത്തിക്കുമ്പോഴും അവർ സുവിശേഷമൂല്യങ്ങൾ മുറുകെപ്പിടിക്കണം. അത് ശക്തമായ ക്രൈസ്തവസാക്ഷ്യമായിരിക്കും. മറിച്ചുള്ള ഏതു പ്രവർത്തനവും ക്രൈസ്തവ ഉത്തരവാദിത്വത്തിന്റെ ലംഘനവുമായിരിക്കും.

8. കത്തോലിക്കാ സമൂഹങ്ങളിൽ നിന്ന് വിശ്വാസികൾ സെക്റ്റുകളിലേക്കു മാറിപ്പോകുന്ന വേദനാജനകമായ സ്ഥിതിവിശേഷം ഉണ്ട്. അവരെ കത്തോലിക്കാ വിശ്വാസത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നതിന് എല്ലാവർക്കും, പ്രത്യേകിച്ച് അജപാലകർക്ക്, കടമയുണ്ട്. അതുകൊണ്ട്, മെത്രാന്മാരും വൈദികരും അവരോടു കരുണയോടും സ്നേഹത്തോടും കൂടി ബന്ധപ്പെടണം. വൈകാരികമായ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കാനും വിശ്വാസപരമായ സംശയങ്ങൾ തീർത്തുകൊടുക്കാനും ശ്രമിക്കുകയും വേണം.

9. ക്രൈസ്തവ കുടുംബങ്ങളുടെ ഐക്യവും നിലനില്പും ഏറ്റവും ഉദാത്തമായ സുവിശേഷസാക്ഷ്യമാണെന്നു മാത്രമല്ല അതു സഭയുടെതന്നെ നിലനില്പിനും ആവശ്യമാണ്. അതുകൊണ്ട്, കുടുംബച്ഛിദ്രങ്ങളും വിവാഹമോചനങ്ങളും ഗാർഹികപീഡനങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് കുടുംബപ്രേഷിതത്വത്തിനു രൂപതകളും ഇടവകകളും പ്രത്യേകപ്രാധാന്യം നല്കേണ്ടിയിരിക്കുന്നു.

കുടുംബങ്ങൾക്കുവേണ്ടിയുള്ള അജപാലകശുശ്രൂഷയിലേക്ക് കൂടുതൽ വൈദികരും സന്ന്യസ്തരും അല്മായരും ഇറങ്ങേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ ശുശ്രൂഷ ചെയ്യാൻ കഴിവുള്ളവർക്ക് പരിശീലനം നൽകാനും പ്രവർത്തനസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കാനും രൂപതാതലത്തിൽ ശ്രമിക്കണം.

10. മതങ്ങളുടെ പേരിൽ ജനങ്ങൾ അകലുന്നതിനു പകരം പരസ്പരധാരണയോടുകൂടി അടുക്കുന്നതിനും യോജിച്ചു പ്രവർത്തിക്കുന്നതിനും, ഇന്നത്തെ സമൂഹത്തിൽ നാം മുൻകൈ എടുക്കേണ്ടതാണ്. അതുകൊണ്ട്, വിവിധ മതസ്ഥർ തമ്മിലുള്ള ഡയലോഗ് പ്രോത്സാഹിപ്പിക്കാനും, വിവിധ ക്രൈസ്തവ സഭകൾ തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്താനും സഹായിക്കുന്ന വിധത്തിൽ ഉചിതമായ സാഹചര്യങ്ങളിലും ദിനങ്ങളിലും ഒരുമിച്ചുള്ള പ്രാർത്ഥന, സേവനയജ്ഞങ്ങൾ, ആശയ സംവാദങ്ങൾ മുതലായവ നടത്തുന്നതിന് പ്രാദേശികതലത്തിലും ഇടവകതലത്തിലും നാം നേതൃത്വം കൊടുക്കണം.

Prot. No.16119/ 2014

# DECREE

After mature consideration and due consultation, the undersigned bishop of the eparchy of Mananthavady, hereby suspends with immediate effect Rev. Fr. Joseph (Sujesh) Muttathukunnel, a member of the eparchial clergy of Mananthavady, from the exercise of the priestly ministry including the administration of all sacraments and sacramentals as well as from the preaching of the Word of God, since he is absconding from the eparchy from 24th May 2014 onwards. It is further decreed that he shall not be admitted anywhere for discharging any priestly function either inside or outside of the eparchy of Mananthavady until further communication.

Given from the eparchial curia of the eparchy of Mananthavady on 20th June 2014.

**+ Jose Porunnedom**
Bishop of Mananthavady

**Fr Joseph Paruvummel**
Chancellor

# രൂപതാകച്ചേരി വാർത്തകൾ

**സീറോ മലബാർ സഭാദിനം**

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3-ന് സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാന മധ്യേ ഈ നിയോഗത്തിനുവേണ്ടി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് നൽകുന്നതിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**വൈദികസമ്മേളനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2014 ഓഗസ്റ്റ് 12-ന് ചൊവ്വാഴ്ച രാവിലെ 10.30 മുതൽ 4.00 മണിവരെ പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. ആ ദിവസത്തെ പരിപാടികളെല്ലാം മുൻകൂട്ടി ക്രമീകരിച്ച് വൈദിക സമ്മേളനത്തിൽ മുഴുവൻ സമയവും സംബന്ധിക്കുവാൻ ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

**നന്ദിയും സ്വാഗതവും**

നിരവിൽപുഴ വികാരിയായി സേവനം ചെയ്തശേഷം തന്റെ സന്യാസ സമൂഹത്തിലേയ്ക്ക് തിരികെ പോകുന്ന ബഹു. ചാക്കോ പറക്കാട്ടുകുഴി CMI അച്ചനും കുന്നമ്പറ്റ ഇടവക വികാരിയായി സേവനം ചെയ്തശേഷം തന്റെ സന്യാസ സഭയിലേയ്ക്ക് തിരികെ പോകുന്ന ബഹു. ജോയി മുല്ലശ്ശേരി CSsR അച്ചനും സ്നേഹത്തോടെ നന്ദി അറിയിക്കുന്നു. മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന റവ.ഫാ. ഫ്രാൻസീസ് മൂന്നനാൽ CMI (നിരവിൽപുഴ), റവ.ഫാ. ജോസ് പൂവാന്നിക്കുന്നേൽ CSsR എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

**വൈദികർക്ക് തുടർപരിശീലനം (വർക്ക്ഷോപ്പ്) ജൂലൈ 23 ചൊവ്വാഴ്ച രാവിലെ 10.00 മുതൽ 4.30 വരെ.**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന രൂപതാ വൈദികരും സന്യസ്ത വൈദികരും ഉൾപ്പെടെ എല്ലാ വൈദികർക്കുമായി വൈദിക ബ്രഹ്മചര്യവും ലൈംഗികതയും എന്ന വിഷയത്തെക്കുറിച്ച് കാരുണികൻ ടീമിന്റെ നേതൃത്വത്തിൽ ഒരു വർക്ക്ഷോപ്പ് ക്രമീകരിച്ചിരിക്കുന്നു. മന:ശാസ്ത്രം, സിവിൽ-കാനൻ നിയമങ്ങൾ, ദൈവശാസ്ത്രം എന്നീ വിഷയങ്ങളിലെ പണ്ഡിതരാണ് വർക്ക്ഷോപ്പ് നയിക്കുക. അഭിവന്ദ്യ പിതാവിന്റെ ക്ഷണക്കത്ത് ഇതിനകം അയച്ചിട്ടുണ്ട്. ആർക്കെങ്കിലും ഏതെങ്കിലും കാരണത്താൽ ക്ഷണക്കത്ത് കിട്ടാതെ വന്നാലും ഇത് ഒരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിർബന്ധമായും എല്ലാവൈദികരും ഈ വർക്ക് ഷോപ്പിൽ പങ്കെടുക്കേണ്ടതാണ്. ഗൗരവതരമായ കാരണത്താൽ ആർക്കെങ്കിലും പങ്കെടുക്കാൻ സാധിക്കാതെ വന്നാൽ അവർ രേഖാമൂലം അഭിവന്ദ്യ പിതാവിനെയോ ബഹു. ജനറാളച്ചനെയോ അറിയിക്കേണ്ടതാണ്. (ഇടവകയുടെ ഉത്തരവാദിത്വം ഇല്ലാത്ത സന്യാസ വൈദികർക്കും മുൻകൂട്ടി അറിയിച്ചശേഷം വർക്ക് ഷോപ്പിൽ പങ്കെടുക്കാവുന്നതാണ്. താല്പര്യമുള്ളവർ പാസ്റ്ററൽ സെന്ററിലെ കുടുംബ പ്രേഷിതത്വ ഓഫീസിൽ അറിയിക്കുക. ഫോൺ: 04935-241335)

**Appointments:**

Rev. Fr. Francis Moonnanal CMI: Vicar, Niravilpuzha (w.e.f. 01-06-2014)
Rev. Fr. Jose Poovannikunnel CSsR : Vicar, Kunnambetta (w.e.f. 06-07-2014)

**New Address:**

Rev. Fr. Siju Puthenpurayil
Lorreto Matha church
Anamukham, Arukani P.O
Kaliyal (via) Pin 629101
Mobile Number : 09846268915

**New Mobile Number**

Rev. Fr. Kurian Manikuttiyil : 08940431446

## രൂപതാഡയറക്ടറി

മാനന്തവാടി രൂപതാഡയറക്ടറി പുതുക്കിപ്രസിദ്ധീകരിക്കുന്നതിനായി തയ്യാറാക്കികൊണ്ടിരിക്കുന്നു. ഇനിയും ഡയറക്ടറിയിലേയ്ക്ക് വിവരങ്ങൾ നൽകുവാനുള്ള ഇടവകകളും സന്യാസമൂഹങ്ങളും സ്ഥാപനങ്ങളും സംഘടനകളും എത്രയുംവേഗം വിവരങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## SMS സന്ദേശം

PRO ഓഫീസിൽ നിന്നും അയയ്ക്കുന്ന അറിയിപ്പുകൾ ലഭിക്കാത്ത ബഹു. വൈദികരും സന്യാസസഭകളുടെ സുപ്പീരിയർമാരും ദയവായി മൊബൈൽ ഫോൺ നമ്പർ PRO ഓഫീസിൽ അറിയിക്കുമല്ലോ. PRO Office - Phone Number : 04935-240066

## സീറോ മലബാർ സഭയ്ക്കു ദൈവശാസ്ത്ര ഫോറം

വിശ്വാസപരവും ധാർമ്മികവുമായ കാര്യങ്ങളിൽ ആധികാരികമായ പ്രബോധനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും സഭയുടെ ദൈവശാസ്ത്ര പരിചിന്തനങ്ങളുടെ പരീക്ഷണശാലയായി വർത്തിക്കുന്നതിനും സഭയിലെ വ്യത്യസ്ത ചിന്താഗതികളെയും സഭയെ എതിർക്കുന്നവരുടെ നിലപാടുകളെയും സർഗ്ഗാത്മകമായി സമന്വയിപ്പിക്കുന്നതിനുമായി ദൈവശാസ്ത്ര ഫോറം നിലവിൽ വന്നു. ജൂൺ 12 ന് മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം നിർവ്വഹിച്ച ഫോറത്തിന്റെ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ടും കമ്മീഷൻ അംഗങ്ങൾ മാർ ജോസഫ് അരുമച്ചാടത്തും മാർ ജോർജ് ഞരളക്കാട്ടുമാണ്. സെക്രട്ടറി റവ.ഡോ. സിബി പുളിക്കൽ. മാനന്തവാടി രൂപതയിൽ നിന്നും കമ്മീഷൻ അംഗമായി നിയമിതനായിരിക്കുന്ന ബഹു. മാത്യു കഴുതാടി അച്ചന് അനുമോദനങ്ങൾ.

## ബഹു. വൈദികരുടെ വാർഷികധ്യാനം

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 14-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 19-ാം തീയതി വെള്ളിയാഴ്ചവരെയും സെപ്റ്റംബർ 21-ാം തീയതി ഞായറാഴ്ച മുതൽ 26-ാം തീയതി വെള്ളിയാഴ്ചവരെയുമായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ ശ്രദ്ധിക്കുകയും മുടക്കംകൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## I[st] Batch - 2014 September 14 Sunday to 19 Friday

| SN | Rev.Frs. Housename & Name |
|---|---|
| 1 | Aikkarathazhath Joseph |
| 2 | Ambalathara Francis |
| 3 | Athickal Mathew |
| 4 | Chakkittakudiyil James |
| 5 | Chakkittukudy Jose |
| 6 | Chelackapallil Thomas |
| 7 | Chempalayil Augustine |
| 8 | Elavanappara Sebastian |
| 9 | Elayidathu Mani |
| 10 | Elemkunnel Sebastian |
| 11 | Iykkarakkanayil Thomas |
| 12 | Kachirayil Thomas |
| 13 | Kakkattikalayil Sebastian |
| 14 | Kakkonal Manoj |
| 15 | Kalappura Alex |
| 16 | Kalappura Jose |
| 17 | Kallumgatharayil Agustine |
| 18 | Kallupura Johny |
| 19 | Kappiarumalayil Jose |
| 20 | Karukapally Joseph |
| 21 | Karuthedath Mathew |
| 22 | Kassamkuttiyil Sebastian |
| 23 | Kattamkottil Joseph |
| 24 | Kattuthuruthiyil Thomas |
| 25 | Kavalakkadan Varghese |
| 26 | Kavumkal Joseph |
| 27 | Kochuparackal Kurian |
| 28 | Kokkandathil John |
| 29 | Kollarthottam Mathew |
| 30 | Koottala Paul |
| 31 | Korattiparambil Vincent |
| 32 | Kottayil Joseph |
| 33 | Kulathinal James |
| 34 | Kunnath Johny |

| SN | Rev.Frs. Housename & Name |
|---|---|
| 35 | Kuzhikandathil Joseph |
| 36 | Madapallikunnel Mathew |
| 37 | Madathil Abraham |
| 38 | Madathil Sebastian |
| 39 | Mampallil Anto |
| 40 | Mampallil George |
| 41 | Manakkunnel Thomas |
| 42 | Mankottil James |
| 43 | Mavara Stanislaus |
| 44 | Mecheril Joseph |
| 45 | Memana George |
| 46 | Moothedath Thomas |
| 47 | Mukkattukavunkal Thomas |
| 48 | Mulakudiyankal Varghese |
| 49 | Mulavelikunnel Jacob |
| 50 | Mundolickal Paul |
| 51 | Muthukathaniyil Varghese |
| 52 | Muthukattil Shantidas |
| 53 | Myladoor George |
| 54 | Nanthikatt Joseph |
| 55 | Nilackappillil Augustine |
| 56 | Olickal Thomas |
| 57 | Ottaplackal Thomas |
| 58 | Padinjarayil George |
| 59 | Paikkatt Mathew |
| 60 | Painumkal George |
| 61 | Palackeel Sebastian |
| 62 | Palath Joseph |
| 63 | Palathadathil George |
| 64 | Parambil Kuriakose |
| 65 | Pariyappanal Thomas |
| 66 | Periappuram Mathew |
| 67 | Pinakkatt Joseph |
| 68 | Ponparackal John |

69 Poothakkuzhy Jacob
70 Poovathinkal Peter
71 Pullamkunnel Joy
72 Pullankunnel Chacko
73 Pulpayil Joseph
74 Punakkatt Chandy
75 Puthenpura John
76 Puthenpurackal Mathew
77 Puthukulangara Thomas
78 Puthukulathil John
79 Thekkepera Mathew
80 Therakam Thomas Joseph
81 Thondiparambil Sebastian
82 Thuruthel Thomas
83 Thykunnumpuram Thomas
84 Urumbil Joseph
85 Vadakkancheril Mathew
86 Vadakkemulanjanal Michael
87 Valakodiyil Dominic
88 Valloppilly Joseph
89 Vathelil Abraham
90 Vattakkatt Paul
91 Vazhachalil Thomas
92 Vazhakatt Joseph

**Religious Priests**

1 Chakkanikunnel Paul CMI
2 Chirayath Prince MS
3 Kizhakkalamthottam Cyriac CMF
4 Mangalath Antony VC
5 Moonnanal Francis CMI
6 Mukulath Joseph OSFS
7 Njavarakkatt Augustine CST
8 Pathazhathinkal Biju PSDP
9 Peruvelil Thomas CMI
10 Poovakulath Jose SAC
11 Poovannikunnel Jose CSsR
12 Thenattil Thomas
13 Vadakkel Jovial Joseph O.Pream

## IInd Batch - 2014 September 21 Sunday to 26 Friday

| SN | Rev.Frs. Housename & Name |
|---|---|
| 1 | Ambalathinkal Sebastian |
| 2 | Changanamthundathil George |
| 3 | Chembakkara James |
| 4 | Chettaniyil Thomas |
| 5 | Chettiyassery Joseph |
| 6 | Choorapuzhayil John |
| 7 | Chozhenparambil John |
| 8 | Edakkudiyil Mathew |
| 9 | Edayakondattu Paul |
| 10 | Elavunkal Johny |
| 11 | Kalambukattu Joseph |
| 13 | Kalliyatt Devassia |
| 14 | Kappiarumalayil John |
| 15 | Kattamkottil Thomas |
| 16 | Kattarath Mathew |
| 17 | Kattath Thomas |
| 18 | Kazhuthadiyil Mathew |
| 19 | Keezheth Sebastian |
| 20 | Kizhakkanputhupally Varghese |
| 21 | Kizhakkumpuram George |
| 22 | Kocharackal Jose |
| 23 | Kochuparackal Mathew |
| 24 | Koipuram Sebastian |
| 25 | Korandiyarkunnel Paul |
| 26 | Kottackal Stephen |
| 27 | Kottaram Jose |
| 28 | Koyikattil Thomas |
| 29 | Kulirany Jose |
| 30 | Kumbukal James |
| 31 | Kunnathett James |
| 32 | Kuthukallunkal Francis |
| 33 | Kuttikattukunnel Thomas |

34 Kuttimakkal James
35 Madathinakam Leopold
36 Malayil Mathew
37 Manikuttiyil Kurian
38 Mannoor Thomas
39 Maplassery Lukose
40 Mekkatt Philip
41 Meppurath Chacko
42 Moloparambil Jose
43 Moolayil George
44 Moolayil Thomas
45 Moonnanal Justin
46 Moothedath Mathew
47 Mundackal Jose
48 Munjanattu Mathew
49 Muthirakalayil Joseph
50 Nadukunnel Abraham
51 Narikuzhy Jacob
52 Nechikatt Joseph
53 Nedumkallel Joseph
54 Nellikunnel Francis
55 Ousepparampil Joseph
56 Padinjarayil Mathew
57 Painumkal Kuriakose
58 Palakatt Augustine
59 Pallichankudiyil Mathai
60 Parayil Sebastian
61 Parunthanolil Thomas
62 Paruvummel Joseph
63 Peedikappara James
64 Perumattikunnel John
65 Perumattikunnel Mathew
66 Perumattikunnel Thomas
67 Plassanal Thomas
68 Ponthottiyil Thomas
69 Pudussery Martin
70 Pudussery Vincent
71 Pulinthanam Jose
72 Punchayil Lucka
73 Punnakkapadavil Sebastian
74 Puthanapra Kurian
75 Puthenpurayil Joseph
76 Puthenpurayil Manuel
77 Puthukattil Mathew
78 Thamarasseril Vincent
79 Thanniyil Augustine
80 Thekkanady Jose
81 Therakam George
82 Thondiparambil Joseph
83 Thuruthel Joseph
84 Thuruthel Kuriakose
85 Unnippally Sebastian
86 Vadayaparambil Jose
87 Vadayaparambil Emmanuel
88 Valachanath Cyriac
89 Vattukunnel Issac
90 Vazhakkala Chackochan
91 Vazhakkalayil Jose
92 Vazhayil Kurian

**Religious Priests**

1 Cheradiyil Abraham CMF
2 Ellickal Chacko OFM Cap.
3 Kanjiramparambil Johny MSFS
4 Kulangara Jose TOR
5 Narippara Joseph
6 Parekattil Baby TOR
7 Payyappully Joseph SDV
8 Thalachirayil Santhosh CSJB
9 Thanickal Lijoy O'Carm
10 Thottumkara Manoj O.Praem
11 Vadakkedath Saji MSFS,
12 Vattakatt Thomas CMI

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# ലഹരിവിമുക്ത വർഷാചരണം

## 2014-2015

### ലഹരിവിമുക്ത വർഷം പ്രവർത്തന റിപ്പോർട്ട്

ബഹുമാന്യരായ വൈദികരെ, സന്യസ്തരെ, അൽമായ സഹോദരങ്ങളെ,

2014 മാർച്ച് 1 മുതൽ 2015 മാർച്ച് 1 വരെ മാനന്തവാടി രൂപത ലഹരിവിമുക്തവർഷമായി പ്രഖ്യാപിച്ച് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണല്ലോ. മാനന്തവാടി രൂപതയിലെ വൈദിക സന്യസ്ത, അൽമായ നേതൃത്വം പ്രാർത്ഥനാപൂർവ്വകവും ത്യാഗപൂർണവുമായ നേതൃത്വമാണ് ലഹരിവിമുക്ത വർഷാചരണത്തിന് നൽകിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ വ്യക്തമായ സദ്ഗുണങ്ങൾ നമ്മുടെ ഇടവകയിലും കുടുംബങ്ങളിലും വ്യക്തികളിലും നമുക്ക് ദർശിക്കാൻ സാധിക്കും.

2013 ഒക്ടോബർ 12-ന് ശനിയാഴ്ച നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിലാണ് ലഹരിവിമുക്ത വർഷം പ്രഖ്യാപിക്കുക എന്ന ആശയം അവതരിപ്പിക്കപ്പെട്ടത്. അഭിവന്ദ്യ പിതാവ് നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുകയും വിവിധ തലങ്ങളിലെ വിശദമായ ചർച്ചകൾക്ക് ശേഷം അന്തിമ തീരുമാനത്തിലെത്താമെന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് രൂപത കൂരിയായോഗത്തിലും ആലോചന സമിതിയിലും വൈദിക സമ്മേളനത്തിലും വിഷയം ചർച്ച ചെയ്യുകയും 2014 ജനുവരി 20 ന് 2014 മാർച്ച് 01 മുതൽ 2015 മാർച്ച് 01 വരെ മാനന്തവാടി രൂപത ലഹരിവിമുക്ത വർഷമായി ആചരിക്കുന്നു എന്ന് അഭിവന്ദ്യ പിതാവ് പ്രഖ്യാപിക്കുകയും ചെയ്തു.

### ആലോചന യോഗങ്ങൾ

19-01-2014 പാസ്റ്ററൽ കൗൺസിൽ സ്റ്റാന്റിംഗ് കമ്മറ്റിയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും യോഗം ചേർന്ന് ലഹരിവിമുക്ത

വർഷം എങ്ങനെ ആയിരിക്കണമെന്നതിനെപ്പറ്റി ചർച്ച ചെയ്തു. 04-02-2014 ന് കോർ കമ്മറ്റി ചേർന്ന് ബാനർ, സ്റ്റിക്കർ, പ്രാർത്ഥന, കാറോസൂസ, പ്രതിജ്ഞ, മാർഗ്ഗരേഖ എന്നിവ രൂപകൽപ്പന നൽകുവാനുള്ള ഉത്തരവാദിത്വം ഏൽപ്പിക്കുകയും ചെയ്തു. 06-02-2014 ന് ചേർന്ന രൂപതാ കമ്മറ്റി അംഗങ്ങൾ, ഫൊറോന വികാരിമാർ, സംഘടനാ ഡയറക്ടർമാർ, ഭാരവാഹികൾ എന്നിവരുടെ യോഗം ബാനർ, സ്റ്റിക്കർ, പ്രാർത്ഥന, കാറോസൂസ, പ്രതിജ്ഞ എന്നിവ അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചു. ലഹരിവിമുക്ത വർഷത്തിന്റെ മുദ്രാവാക്യം ആപ്തവാക്യം എന്നിവയും അംഗീകരിച്ചു.

**മുദ്രാവാക്യം**

ലഹരി വിമുക്ത കുടുംബം അനുഗ്രഹീത സമൂഹം

**ആപ്തവാക്യം**

ആസക്തികളാൽ കലുഷിതമായ പഴയമനുഷ്യനെ ദൂരെ എറിയുവിൻ (എഫേ 4:22)

രൂപതാതല ഉദ്ഘാടനം മാർച്ച് 2-ന് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നടത്താനും അന്നേദിവസം തന്നെ ഇടവകതല ഉദ്ഘാടനം നടത്താനും തീരുമാനിച്ചു. എല്ലാ ദേവാലയങ്ങളിലും സന്യസ്ത ഭവനങ്ങളിലും സ്ഥാപനങ്ങളിലും ലഹരിവിമുക്ത വർഷം ബാനർ സ്ഥാപിക്കുക, ഇടവകകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും സ്റ്റിക്കർ പതിപ്പിക്കുക, എല്ലാ വി. ബലികളിലും പ്രത്യേക കാറോസൂസ, വി.ബലിക്ക് ശേഷവും കുടുംബപ്രാർത്ഥനക്ക് ശേഷവും ലഹരിവിമുക്ത പ്രാർത്ഥന എന്നിവ ചൊല്ലുക രൂപത മുഴുവനിലും ചങ്ങലയായി ജപമാല, വി.കുർബാന, ആരാധന എന്നിവ നടത്താനും തീരുമാനിച്ചു. 12-2-2014 ന് ചേർന്ന എക്സിക്യൂട്ടീവ് യോഗം ബാനർ, സ്റ്റിക്കർ, പ്രാർത്ഥന എന്നിവ പ്രിന്റ് ചെയ്യാനും 22-02-2014 ന് മുമ്പായി ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കാനും തീരുമാനിച്ചു. അതിൻപ്രകാരം എല്ലാ കേന്ദ്രങ്ങളിലും അവ എത്തിച്ചു.

**രൂപതാ കമ്മറ്റികൾ**

6 അംഗങ്ങളുള്ള കോർ കമ്മറ്റി, 15 അംഗ എക്സിക്യൂട്ടീവ് കമ്മറ്റി 81 അംഗ സെൻട്രൽ കമ്മറ്റി എന്നിവ പ്രവർത്തിക്കുന്നു.

**ഭാരവാഹികൾ**

| | |
|---|---|
| ചെയർമാൻ | : മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ |
| വൈസ് ചെയർമാൻ | : വെരി.റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ |
| വർക്കിംഗ് ചെയർമാൻ | : റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ |

റവ.ഫാ. സണ്ണി മഠത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഡയറക്ടർ ആയി ചാർജ് എടുത്തപ്പോൾ റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ വർക്കിംഗ് ചെയർമാൻ സ്ഥാനം ഒഴിയുകയും ഫാ. സണ്ണി മഠത്തിൽ വർക്കിംഗ് ചെയർമാനായി ചാർജ്ജെടുക്കുകയും ചെയ്തു.

| | |
|---|---|
| കൺവീനർ | : ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ |
| സെക്രട്ടറി | : ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ |
| ആനിമേറ്റർ | : സി. ജോവിറ്റ എഫ്.സി.സി. |

2014 ജൂൺ 1 ന് കോർ കമ്മറ്റിയും, ജൂൺ 13 ന് എക്സിക്യൂട്ടീവ് കമ്മറ്റിയും ചേർന്നു

## സബ്കമ്മറ്റി കൺവീനർമാർ

| | | |
|---|---|---|
| ബോധവത്ക്കരണം | : | ശ്രീ. ജോസ് പള്ളത്ത് |
| കലാ സാംസ്കാരികം | : | ശ്രീ. ടോമി നെടുംകൊമ്പിൽ |
| കൗൺസിലിംഗ് – ചികിത്സ | : | സി. ജോവിറ്റ FCC |
| മാധ്യമം | : | ശ്രീ. ജോയി മേപ്പാടത്ത് |
| പ്രാർത്ഥന ആരാധന | : | സി. എൽസ പൈകട SABS |
| നിയമസഹായം | : | അഡ്വ. ജോർജ് ജോസഫ് |

## ഫൊറോന കമ്മറ്റികൾ

എല്ലാ ഫൊറോനകളിലും ലഹരിവിമുക്ത വർഷാചരണ കമ്മറ്റി ചേരുകയും ഡയറക്ടർ, ആനിമേറ്റർ, കൺവീനർ, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്തു.

## ഇടവകകമ്മറ്റി

എല്ലാ ഇടവകകളിലും ഫൊറോന പ്രതിനിധി കൺവീനറായുള്ള കമ്മറ്റി രൂപീകരിച്ചു.

## വാർഡ് കമ്മറ്റികൾ

എല്ലാ വാർഡിലും 3 അംഗങ്ങളുള്ള കമ്മറ്റി രൂപീകരിച്ച് കൺവീനറെ തെരഞ്ഞെടുത്തു.

## പത്രസമ്മേളനം

മാനന്തവാടി രൂപത ലഹരിവിമുക്ത വർഷാചരണത്തിന്റെ പ്രഖ്യാപനവുമായി 27-2-2014 ന് കൽപ്പറ്റയിൽ പത്രസമ്മേളനം നടത്തി. എല്ലാ പത്രങ്ങളും ഗൗരവത്തോടെ തന്നെ വാർത്ത പ്രസിദ്ധീകരിച്ചു. ആദ്യപേജിൽ തന്നെ വാർത്ത നൽകിയ ദീപിക പത്രത്തെ പ്രത്യേകം സ്മരിക്കുന്നു.

## രൂപതാതല ഉദ്ഘാടനം

ലഹരിവിമുക്ത വർഷാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം മാർച്ച് 2-ന് ഞായർ കത്തീഡ്രൽ ദേവാലയത്തിൽ തിരി തെളിച്ച് കൊണ്ട് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. കത്തീഡ്രൽ വികാരി വെരി.റവ.ഫാ. ജോർജ് മൈലാടൂർ ഉദ്ഘാടന പരിപാടികൾക്ക് നേതൃത്വം നൽകി.

## ഇടവകാതല ഉദ്ഘാടനം

ഇടവകകളിൽ ബഹു. വികാരിയച്ചന്മാർ തിരിതെളിച്ച് ലഹരി വിമുക്ത വർഷം ഉദ്ഘാടനം ചെയ്തു. ബാനർ പ്രദർശിപ്പിക്കുകയും പ്രതിജ്ഞ ചൊല്ലിക്കുകയും ചെയ്തു. എല്ലാ ഭവനങ്ങളിലും പ്രാർത്ഥന, സ്റ്റിക്കർ എന്നിവ എത്തിക്കുകയും ചെയ്തു.

## വൈദികസമ്മേളനം

മാർച്ച് 12 ന് ചേർന്ന വൈദിക സമ്മേളനത്തിൽ ലഹരിവിമുക്ത വർഷാചരണത്തെപ്പറ്റി ചർച്ച നടത്തി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ ക്ലാസിന് നേതൃത്വം നൽകി. റവ.ഫാ. സണ്ണി മഠത്തിൽ, ശ്രീ. അപ്പായി ചേട്ടൻ, ശ്രീമതി സാറാമ്മ ചേടത്തി എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു.

## റിസോഴ്സ് ടീം പരിശീലനം

ലഹരിവിമുക്ത വർഷത്തിൽ വിവിധ ഇടവകകളിൽ സെമിനാറുകൾ, ക്ലാസുകൾ എന്നിവക്ക് നേതൃത്വം കൊടുക്കുവാൻ മാർച്ച് 12-ന് വൈകുന്നേരം 4 മുതൽ 9.30 വരെ റിസോഴ്സ് ടീം പരിശീലനം നൽകി. അഡ്വ. ചാർളി പോൾ പരിശീലനത്തിന് നേതൃത്വം നൽകി. തുടർന്ന് നടന്ന ചർച്ചക്ക് അഡ്വ. ചാർളി പോൾ, ഡോ.വി.ജെ. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി. തുടർന്ന് വർഷാചരണത്തെ സംബന്ധിച്ച് റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ വിശദീകരിച്ചു. 128 പേർ പങ്കെടുത്തു.

## മതബോധനകേന്ദ്രം

മാനന്തവാടി രൂപതാ മതബോധനകേന്ദ്രം ലഹരിവിമുക്ത വർഷാചരണത്തോടനുബന്ധിച്ച് 2013-14 വർഷത്തെ വിശ്വാസോത്സവം ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ക്രമീകരിച്ചത്. വളരെ കാര്യക്ഷമമായി ലഹരി വിരുദ്ധ ആശയം കുട്ടികൾക്ക് ലഭിക്കാൻ വിശ്വാസോത്സവം ഇടയാക്കി. കുട്ടികളുടെ കൊളാഷ്, പോസ്റ്റർ, മുദ്രാവാക്യങ്ങൾ, അനുഭവക്കുറിപ്പുകൾ, റാലികൾ എന്നിവ ഏറെ ശ്രദ്ധയാ

കർഷിച്ചു. ബഹു. റോയി അച്ചനും ടീം അംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**സി.എം.എൽ.**

ചെറുപുഷ്പ മിഷൻലീഗ് 2014-15 വർഷത്തെ കർമ്മപരിപാടികൾ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. സോണിയച്ചനും രൂപതാ നേതൃത്വത്തിനും അഭിനന്ദനങ്ങൾ.

**കെ.സി.വൈ.എം.**

ലഹരിവിമുക്ത വർഷത്തോടനുബന്ധിച്ച് യുവാക്കളിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തുക എന്ന ലക്ഷ്യത്തോടെ ഊർജ്ജസ്വല മായ പ്രവർത്തനങ്ങളിലൂടെ ഏറെ മുന്നിലാണ് കെ.സി.വൈ.എം. ഡയറ ക്ടർ ബഹു. ലാലച്ചനും യുവജന നേതൃത്വവും. അനുമോദനങ്ങൾ

**ലഹരികിസ്**

ലഹരിവിമുക്ത വർഷാചരണത്തിന്റെ ഭാഗമായി ലഹരികിസ് എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേ ലച്ചനാണ് പുസ്തക രചന നിർവ്വഹിച്ചത്. ചോദ്യോത്തരങ്ങളിലൂടെ ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കാൻ സാധിക്കുന്ന രീതിയി ലാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

**രൂപതാദിനം**

ഈ വർഷത്തെ രൂപതാദിനാഘോഷം ലഹരിവിമുക്ത പ്രവർത്ത നത്തിന് പ്രാമുഖ്യം നൽകുന്ന രീതിയിലാണ് ക്രമീകരിച്ചത്. മാജിക്ഷോ, സ്കിറ്റ് എന്നിവ ശ്രദ്ധേയമാണ്.

**തീം സോംങ്**

ലഹരിവിമുക്ത വർഷത്തിൽ ആലപിക്കാനായി ഒരു തീം സോംങ് രചിച്ചു. ശ്രീ. ഷാജി ചന്ദനപറമ്പിലാണ് രചന നിർവ്വഹിച്ചത്. രൂപതാ ദിനത്തിൽ പ്രകാശനം ചെയ്തു.

**ദിവ്യബലി**

ലഹരിവിമുക്ത വർഷത്തിന്റെ വിജയത്തിനായി നടത്തുന്ന വി.ബലി ചുങ്കക്കുന്ന്, കല്ലോടി, കൽപ്പറ്റ, മാനന്തവാടി, പയ്യംമ്പള്ളി, ബത്തേരി, തരിയോട്, ഫൊറോനകളിൽ പൂർത്തിയായി.

**ആരാധന**

ലഹരിവിമുക്ത വർഷാചരണ ആരാധന മണിമൂളി, പുൽപ്പള്ളി, നടവയൽ, നിലമ്പൂർ, ചുങ്കക്കുന്ന്, കല്ലോടി, കൽപ്പറ്റ എന്നീ ഫൊറോ നകളിൽ പൂർത്തിയായി.

**ജപമാല**

ലഹരിവിമുക്ത വർഷത്തിൽ നടത്തുന്ന തുടർ ജപമാല പയ്യംപള്ളി, ബത്തേരി, തരിയോട്, ഗൂഡല്ലൂർ, മണിമൂളി, മുള്ളൻകൊല്ലി, നടവയൽ, നിലമ്പൂർ ഫൊറോനകളിൽ പൂർത്തിയായി.

**ഫൊറോന - റിപ്പോർട്ടുകൾ**

ധാരാളം പ്രവർത്തനങ്ങൾ ഫൊറോന തലങ്ങളിൽ നടക്കുന്നുണ്ട് എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഫൊറോനകളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ സമയബന്ധിതമായി ഓഫീസിൽ എത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

**ഇടവക റിപ്പോർട്ടുകൾ**

നെല്ലിയോടി, കുറുമണി, വെള്ളൂന്നി, ചുങ്കക്കുന്ന്, അടയ്ക്കാത്തോട്, കേളകം, കൊട്ടിയൂർ, ചുള്ളിയാന, പനംചിറ, ചിത്രഗിരി, പടമല, തോമാട്ടുചാൽ, വാളേരി, ദ്വാരക, തോണിച്ചാൽ, കൊമ്മയാട്, പുതുശ്ശേരി, ദീപ്തിഗിരി, ബത്തേരി, തവിഞ്ഞാൽ, കോട്ടത്തറ, മണിമൂളി, വഞ്ഞോട്, പടമല, കുറുമ്പാലക്കോട്ട, പയ്യംപള്ളി, മരക്കടവ്, കയ്യൂന്നി എന്നീ ഇടവകകളുടെ റിപ്പോർട്ട് രൂപതയിൽ ലഭിച്ചു.

**ശ്രദ്ധേയമായ ചില പ്രവർത്തനങ്ങൾ**

സെമിനാറുകൾ, റാലികൾ, പ്രചരണബോർഡുകളുടെ സ്ഥാപനം, ഫാമിലി കൗൺസിലിംഗ്, ധ്യാനത്തിൽ പങ്കെടുപ്പിക്കൽ, ചികിത്സക്ക് പറഞ്ഞയക്കൽ, വാർഡുകളിൽ സ്കിറ്റ്, സർവ്വേ, കുട്ടികളുടെ സന്ദേശം, കുരിശിന്റെവഴി, പ്രചരണവാഹനജാഥ, ദീപശിഖ പ്രയാണം, ലഹരിവിരുദ്ധ ബൈബിൾവാക്യം വിതരണം ചെയ്യൽ, ധ്യാനം, ഹോംമിഷൻ, സമ്മേളനങ്ങൾ, ആഘോഷവേളകളിലെ ലഹരി ഉപേക്ഷിക്കൽ, പരിത്യാഗനിധി, വീഡിയോ പ്രദർശനം, മദ്യവിൽപ്പന സ്ഥലങ്ങളിലേക്ക് ജപമാല റാലി, കുരിശിന്റെവഴി, ഭവനസന്ദർശനം, എ.എ.കൂട്ടായ്മ, പ്രാർത്ഥനാ ഗ്രൂപ്പ്, നൈറ്റ് വിജിൽ, ഫണ്ട് ശേഖരണം തുടങ്ങിയവ.

ലഹരി വർഷം പ്രഖ്യാപിച്ച് മൂന്ന്മാസം പൂർത്തിയാകുമ്പോൾ ധാരാളം ഇടവകകൾ കർമ്മരംഗത്ത് സജീവമാണ്. നേതൃരംഗത്ത് പ്രവർത്തിക്കുന്ന ഏവർക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. ധാരാളം വ്യക്തികളെയും കുടുംബങ്ങളെയും ലഹരിയുടെ കരാളഹസ്തങ്ങളിൽ നിന്ന് വിമോചിപ്പിക്കുവാൻ നമുക്ക് സാധിക്കട്ടെ. തുടർപ്രവർത്തന രംഗത്ത് നമുക്ക് കൂടുതൽ സജീവമാകാം ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

മാനന്തവാടി
10-06-2014

ജോൺസൺ തൊഴുത്തുങ്കൽ
സെക്രട്ടറി - ലഹരിവിമുക്ത വർഷം

## കർമ്മപദ്ധതി

### 1. യോഗങ്ങൾ

**a. രൂപതാതലം**

| | | |
|---|---|---|
| 2014 | ജൂൺ 19<br>ഡിസംബർ<br>ഓഗസ്റ്റ് | സെൻട്രൽ കമ്മിറ്റി |
| | ഒക്ടോബർ<br>ഡിസംബർ | രൂപതാ എക്സിക്യൂട്ടീവ് |
| 2015 | ഫെബ്രുവരി | രൂപതാകൺവെൻഷൻ<br>സമാപനം – 27 |

**b. ഫൊറോനാതലം**

| | | |
|---|---|---|
| 2014 | ജൂലൈ<br>സെപ്റ്റംബർ<br>നവംബർ<br>ജനുവരി | ഫൊറോനാ കൗൺസിൽ & എക്സിക്യൂട്ടീവ് |

**c. ഇടവകാതലം**

പ്രതിമാസയോഗം/ ഇടവകസമിതിയോഗങ്ങൾ
(മാസത്തിലൊരിക്കൽ)

### 2. പ്രവർത്തനങ്ങൾ

**a. രൂപതാതലം**

★ സ്റ്റിക്കർ, ബാനർ, പ്രാർത്ഥന, പ്രതിജ്ഞ, കൺവെൻഷൻ
★ ടീം രൂപീകരണം
★ തീം സോങ്ങ് തയ്യാറാക്കൽ
★ ലഘുലേഖ തയ്യാറാക്കൽ
★ തെരുവ് നാടക പരിശീലനം (കലാജാഥ)
★ എക്സിബിഷനുകൾ, മത്സരങ്ങൾ
★ മികച്ച കയ്യെഴുത്തുമാസികയുടെ പ്രസിദ്ധീകരണം
★ മികച്ച ഫൊറോന/ ഇടവകകളെ ആദരിക്കൽ
★ പ്രോത്സാഹന സമ്മാനങ്ങൾ
★ ചികിത്സ / കൗൺസലിംഗ് സൗകര്യങ്ങൾ
★ സർവ്വേ
★ ഇടവക / ഫൊറോനാതല മദ്യവിരുദ്ധ സമിതികളുടെ സംഘാടനം

★ ലഹരിവിമുക്തരുടെ കൂട്ടായ്മ (II Sunday സിയോൻ 2 pm - 4 pm വരെ)

**b. ഫൊറോനതലം**

★ പ്രത്യേക സമ്മേളനങ്ങൾ (1 എങ്കിലും)

★ ടീം രൂപീകരണം

★ റിപ്പോർട്ട് ശേഖരണം / സമർപ്പണം

★ സമയബന്ധിത യോഗങ്ങൾ

★ സെമിനാറുകൾ/ബോധവത്കരണം/റാലികൾ/പൊതുസമ്മേളനം

**c. ഇടവകാതലം**

**1) അടിസ്ഥാന പ്രവർത്തനങ്ങൾ**

★ ഇടവക സമിതിയുടെ രൂപീകരണം

★ ദിവ്യബലി

★ ആരാധന & ജപമാല

★ കാറോസൂസ

★ സ്റ്റിക്കർ വിതരണം

★ പ്രാർത്ഥനാകൂട്ടായ്മ

★ ലഹരിവിരുദ്ധ പ്രാർത്ഥനയുടെ ഉപയോഗം

**2) ബോധവത്കരണം**

★ കുട്ടികൾക്ക്

★ യുവജനം

★ മാതാപിതാക്കൾ

★ യുവദമ്പതികൾ

} ക്ലാസ് / സെമിനാർ / മറ്റ് പ്രവർത്തനങ്ങൾ

★ സ്റ്റിക്കർ വിതരണം

★ ലഘുലേഖ വിതരണം

★ സ്കൂൾതല സെമിനാർ

**3) ജനസമ്പർക്കം**

★ ഭവനസന്ദർശനം – സ്റ്റിക്കർ വിതരണം

★ സർവ്വേ

★ കോർണർ ബോർഡുകൾ സ്ഥാപിക്കുക

★ പ്രദർശന സ്റ്റാളുകൾ (തിരുനാൾ/ ആഘോഷവേളകൾ)

★ ദിനാചരണങ്ങൾ

★ ചികിത്സ/ധ്യാനം/AA കൂട്ടായ്മ/ പ്രാർത്ഥനാകൂട്ടായ്മകൾ

**4) കല / സാഹിത്യം**

★ കഥ/കവിത/ലേഖനം/പോസ്റ്റർ മത്സരങ്ങൾ (പ്രസിദ്ധീകരണം)

★ തീം സോങ്ങ് പരിശീലനം / ആലാപനം

★ വാർഡ് യോഗങ്ങളിൽ ടെലിഫിലിം പ്രദർശനങ്ങൾ/ സന്ദേശങ്ങൾ

**5) സാമ്പത്തീകം**

★ ഇടവക ബഡ്ജറ്റിൽ തുക നീക്കിവെക്കൽ

★ പ്രത്യേകപിരിവ് (ഫണ്ട് ശേഖരണം)

**6) റിപ്പോർട്ടിംഗ്**

★ പ്രതിമാസം - ഫൊറോനയ്ക്കും/ രൂപതയ്ക്കും

★ റിപ്പോർട്ട് - പതിപ്പ് നിർമ്മാണം

## ഏറ്റെടുക്കാൻ പറ്റുന്ന മറ്റ് പ്രവർത്തനങ്ങൾ

● ആഘോഷവേളകൾ മദ്യവിമുക്തമാക്കുക, ● ചികിത്സ ആവശ്യമായിട്ടുള്ളവരെ അതിനായി പറഞ്ഞയയ്ക്കുക, ● ധ്യാനങ്ങൾക്ക് മദ്യപരെ പറഞ്ഞയയ്ക്കുക, ● പ്രാർത്ഥനാദിനം ആചരിക്കുക. ● ഇടവകകളിൽ AA കൂട്ടായ്മ/പ്രാർത്ഥനാകൂട്ടായ്മ എന്നിവ രൂപീകരിക്കുക.

## സെൻട്രൽ കമ്മറ്റി റിപ്പോർട്ട്

ലഹരി വിമുക്ത വർഷാചരണത്തിന്റെ രൂപതാ സെൻട്രൽ കമ്മറ്റിയോഗം 19-06-2014 ന് വ്യാഴം 4.30 മുതൽ 8.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വർക്കിംഗ് ചെയർമാൻ റവ. ഫാ. സണ്ണി മഠത്തിൽ സ്വാഗതം ആശംസിച്ചു. ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ അദ്ധ്യക്ഷത വഹിച്ചു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ പ്രവർത്തനറിപ്പോർട്ട് രൂപതാ സെക്രട്ടറി ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അവതരിപ്പിച്ചു. തുടർന്ന് റിപ്പോർട്ടിനെപ്പറ്റി പൊതുചർച്ച നടന്നു. ചർച്ചകൾക്കും വിശകലനത്തിനും ഭേദഗതിക്കും ശേഷം റിപ്പോർട്ട് അംഗീകരിക്കുകയും രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് ഫൊറോന പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ ബന്ധപ്പെട്ടവർ അവതരിപ്പിച്ചു.

| | | |
|---|---|---|
| 1. ബത്തേരി | : | റവ. സി. ബ്ലസി SH |
| 2. നടവയൽ | : | റവ. ഫാ. ബാബു മാപ്ലശേരി |
| 3. മാനന്തവാടി | : | ശ്രീ. ജോസ് പുന്നക്കുഴി |
| 4. കല്ലോടി | : | ശ്രീ. ജോയി പരിയാരത്ത് |
| 5. മണിമൂളി | : | റവ. സി. ലീന SH |
| 6. നിലമ്പൂർ | : | റവ. സി. സാലി |

7. ചുങ്കക്കുന്ന് : ശ്രീ. ബിജു പൊയ്കുന്നേൽ

8. മുള്ളൻകൊല്ലി : റവ. ഫാ. തോമസ് തൈക്കുന്നുംപുറം

**റിപ്പോർട്ട് അവതരിപ്പിക്കാത്ത ഫൊറോനകൾ**

1. കൽപ്പറ്റ, 2. തരിയോട്, 3. പയ്യമ്പള്ളി, 4. ഗൂഡല്ലൂർ

ഫൊറോന കമ്മറ്റികളുടെ റിപ്പോർട്ടുകൾക്ക്ശേഷം വിവിധ സംഘടനകളുടെ പ്രതിനിധികൾ സംഘടനയുടെ ലഹരിവിമുക്ത വർഷാചരണ പ്രവർത്തനങ്ങളെപ്പറ്റി അവതരിപ്പിച്ചു.

| | | |
|---|---|---|
| കെ.സി.വൈ.എം. | : | ശ്രീ. ബിബിൻ ചമ്പക്കര |
| സി.എം.എൽ. | : | ശ്രീ. ജോയി മേപ്പാടത്ത് |
| മതബോധനം | : | റവ. ഫാ. സോണി വടയാപറമ്പിൽ |
| കോർപ്പറേറ്റ് സ്കൂൾ | : | റവ. ഫാ. ബിജു പൊൻപാറ |
| മാതൃസംഘം | : | ശ്രീമതി മോളി കരിമ്പനാക്കുഴി |
| മാറ്റൊലി | : | റവ. ഫാ. സന്തോഷ് കാവുങ്കൽ |
| ധ്യാനകേന്ദ്രം | : | റവ. ഫാ. അഗസ്റ്റിൻ താന്നിയിൽ |

തുടർന്ന് ബഹു. ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. ലഹരി വിമുക്ത വർഷാചരണ പ്രവർത്തനങ്ങൾ വളരെ സജീവമായി മുന്നോട്ട് പോകുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. ലഹരി ഉപയോഗിക്കുന്ന ആളുകളുടെ അടുത്തേക്ക് നമ്മൾ കടന്നുചെല്ലണമെന്നും അതിനുള്ള യോഗ്യതയുള്ളവർ കൂടുതലുണ്ടാകണമെന്നും സംഘടനകളും പ്രസ്ഥാനങ്ങളും ഇടവകകളും ഫൊറോനകളും ഒന്നുചേർന്ന് മുന്നേറാൻ സാധിക്കണമെന്നും അച്ചൻ ആഹ്വാനം ചെയ്തു.

റിപ്പോർട്ടുകളെപ്പറ്റിയുള്ള ചർച്ചയിൽ ഇനിയും ശക്തിപ്പെടാത്ത മേഖലകൾ കണ്ടെത്തി പ്രവർത്തനം വേഗത്തിലാക്കാൻ നിർദ്ദേശിച്ചു. തുടർന്ന് സെബാസ്റ്റ്യൻ പാലംപറമ്പിൽ തുടർ മാസങ്ങളിൽ ഇടവകകളിലും മേഖല, രൂപതാ തലങ്ങളിലും നിർബന്ധമായും നടക്കേണ്ട കാര്യങ്ങളെപ്പറ്റി അവതരിപ്പിച്ചു.

ഗൗരവകരമായ പൊതുചർച്ചകളിൽ കർമ്മപരിപാടികൾ അംഗീകരിച്ചു. കമ്മറ്റി അംഗങ്ങൾ ചില നിർദ്ദേശങ്ങൾ വെക്കുകയും കമ്മറ്റി അംഗീകരിക്കുകയും ചെയ്തു.

**നിർദ്ദേശങ്ങൾ**

1. കമ്മറ്റിയോഗങ്ങൾ അവധി ദിവസങ്ങളിൽ പകൽ നടത്തുക. തീയതി മുൻകൂട്ടി അറിയിക്കുക.

2. തീം സോങ്ങിന്റെ ട്യൂൺ പരിഷ്കരിക്കുക.
3. ക്രിസ്തുമസിന് എല്ലാ ഭവനങ്ങളിലും ലഹരിവിമുക്ത സന്ദേശം ഉൾക്കൊള്ളുന്ന ക്രിസ്തുമസ് കാർഡ് എത്തിക്കുക.
4. ക്രിസ്തുമസ്സ് നക്ഷത്ര വിളക്കുകൾ ലഹരിവിമുക്ത സന്ദേശം പകരുന്നതായിരിക്കുക.
5. AA കൂട്ടായ്മ ശക്തിപ്പെടുത്തുക.
6. ഇടവകയിൽ നിശബ്ദമായി ലഹരിവിമോചന പ്രവർത്തനം നടത്തുന്നവരെ അംഗീകരിക്കുക.
7. ലഹരിവിമുക്ത പ്രവർത്തനങ്ങൾക്ക് സ്ഥിരം സംവിധാനം ഉണ്ടാക്കുക.
8. റിഹാബിലിറ്റേഷൻ സെന്റർ തുടങ്ങുവാൻ സാധിക്കുമോ എന്ന് ആലോചിക്കുക.
9. ശ്രേഷ്ഠപുരസ്കാർ അടുത്ത വർഷം കൂടുതൽ ആളുകൾക്ക് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നൽകുക.

മറുപടി പറഞ്ഞ ചെയർമാൻ റിഹാബിലിറ്റേഷൻ ഇടവക തലങ്ങളിൽ ക്രമീകരിക്കാനും രൂപതയ്ക്ക് ഏറ്റെടുത്ത് നടത്തുവാൻ പ്രയാസമുണ്ട് എന്ന് അറിയിക്കുകയും ചെയ്തു. ശ്രീ. ജോസ് പള്ളത്ത് ഏവർക്കും നന്ദി അർപ്പിച്ചു. അത്താഴത്തോടെ യോഗം അവസാനിച്ചു.

യോഗത്തിൽ പങ്കെടുത്തവരെ വളരെ നന്ദിപൂർവ്വം സ്മരിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിലും സമയത്തും തിരക്കുകൾ മാറ്റിവെച്ച് കടന്നുവന്ന ഫൊറോന വികാരിമാരായ റവ. ഫാ. തോമസ് മണക്കുന്നേൽ (ചുങ്കക്കുന്ന്), റവ. ഫാ. ജോർജ്ജ് മൈലാടൂർ (മാനന്തവാടി), റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ (ബത്തേരി), റവ. ഫാ. പോൾ കൂട്ടാല (നിലമ്പൂർ), സംഘടാ ഡയറക്ടർമാർ, വിവിധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർമാർ, ലഹരിവിമുക്ത വർഷാചരണ ഫൊറോന ഡയറക്ടർമാർ, ആനിമേറ്റർമാർ, കൺവീനർമാർ, പാസ്റ്ററൽ കൗൺസിൽ പ്രതിനിധികൾ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപതാസമിതി അംഗങ്ങൾ എന്നിവരെ നന്ദിപൂർവ്വം ഓർക്കുന്നു. യോഗത്തിന് എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയ ബഹു. പാസ്റ്ററൽ സെന്റർ ഡയറക്ടറച്ചൻ മാത്യു പെരിയപ്പുറം, രൂപതാ ചാൻസിലർ റവ. ഫാ. ജോസഫ് പരുവുമ്മേൽ എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കട്ടെ.

**ഫൊറോന വാർത്തകൾ**

**ബത്തേരി ഫൊറോന**

എല്ലാ ഇടവകകളിലും ലഹരിവിമുക്ത പ്രാർത്ഥനാദിനം ആച രിച്ചു. ജപമാലചങ്ങല ആരംഭിച്ചു. വിശ്വാസോത്സവം കാര്യക്ഷമമായി നടത്തി. ബത്തേരി, അമ്പലവയൽ ഇടവകകളിൽ എക്സൈസ് വകു പ്പിന്റെ നേതൃത്വത്തിൽ ശില്പശാല നടത്തി ആയിരത്തോളം വിദ്യാർത്ഥി കൾ പങ്കെടുത്തു. പഴൂർ ഇടവകയിൽ ലഘുലേഖ വിതരണം ചെയ്തു. പല ഇടവകകളിലും മദ്യാസക്തരെ ചികിത്സക്കും ധ്യാനത്തിനും പറ ഞ്ഞയച്ചു. 3 ഫൊറോനതലയോഗങ്ങൾ നടന്നു. ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ, ഡയറക്ടർ ഫാ. ജോസ് വടയാപറ മ്പിൽ, കൺവീനർ ശ്രീ. തോമസ് വല്ലപ്ര, സെക്രട്ടറി ശ്രീ. വർഗ്ഗീസ്, ആനിമേറ്റർ സി. ബ്ലസ്സി SH എന്നിവർ നേതൃത്വം നൽകുന്നു.

**നടവയൽ ഫൊറോന**

ഫൊറോന വികാരി റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കലിന്റെയും ഡയറക്ടർ റവ. ഫാ. ബാബു മാപ്ലശ്ശേരിയുടെയും നേതൃത്വത്തിൽ ലഹ രിവിമുക്ത വർഷാചരണ പ്രവർത്തനങ്ങൾ സജീവമായി പോകുന്നു. മദ്യം കഴിക്കാത്തവരെ ആദരിക്കുക, 9 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടി കൾക്ക് ബോധവൽക്കരണം എന്നിവ നടക്കുന്നു.

**കല്ലോടി ഫൊറോന**

ഫൊറോന വികാരി റവ. ഫാ. ജോസ് കൊച്ചറക്കൽ, ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനം സജീവമാണ്. എല്ലാ മാസവും ഫൊറോന കമ്മറ്റി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. എല്ലാ ഇടവകയിലും വിദ്യാർത്ഥി കൾക്കായി മോചന സെമിനാർ നടത്തുവാൻ തീരുമാനിച്ചു. മതാധ്യാപ കർക്കായി ലഹരിവിരുദ്ധ സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

**മുള്ളൻകൊല്ലി**

ഫൊറോന വികാരി റവ. ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ, ഡയറക്ടർ റവ. ഫാ. തോമസ് തൈക്കുന്നുംപുറം എന്നിവരുടെ നേതൃ ത്വത്തിൽ ലഹരിവിമുക്ത വർഷാചരണം നല്ല രീതിയിൽ നടക്കുന്നു. ഏപ്രിൽ 12 ന് ശനിയാഴ്ച മുള്ളൻകൊല്ലി പാരീഷ്ഹാളിൽ വെച്ച് മുള്ളൻകൊല്ലി ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള വാർഡ് പ്രതിനിധികൾക്കും സംഘടനാഭാരവാഹികൾക്കുമായി ലഹരി വിമുക്ത സെമിനാർ നടത്തി. 172 പേർ പങ്കെടുത്തു. ശ്രീ. വക്കച്ചൻ ഉർപ്പംകാട്ടിൽ, ശ്രീ. എം. എം. ചാക്കോ സാർ എന്നിവർ ക്ലാസ്സ് നയിച്ചു. പൊതുചർച്ചയിൽ വിവിധ ലഹരിവിമുക്ത പ്രവർത്തനങ്ങൾ നടത്താൻ

തീരുമാനിച്ചു. ജൂൺ മാസം 17 ന് ചേർന്ന മുള്ളൻകൊല്ലി ഫൊറോന യിലെ ബഹു. വൈദികരുടെ യോഗം കൂടുതൽ ശക്തമായ പ്രവർത്തന ങ്ങളുമായി മുന്നോട്ടുപോകുവാൻ തീരുമാനിച്ചു. ഡി അഡിക്ഷൻ സെന്ററിൽ മദ്യപന്മാരെ ചികിത്സയ്ക്ക് അയയ്ക്കാനും ആവശ്യക്കാരെ സാമ്പത്തികമായി സഹായിക്കാനും തീരുമാനിച്ചു. വിവാഹതലേന്നത്തെ പാർട്ടി നിരുത്സാഹപ്പെടുത്തുക, പ്രാർത്ഥന ദേവാലയങ്ങളിൽ ആക്കുക എന്നീ നിർദ്ദേശങ്ങൾ ഇടവകയിൽ നൽകാൻ തീരുമാനിച്ചു.

**നിലമ്പൂർ ഫൊറോന**

ഫൊറോ വികാരി റവ. ഫാ. പോൾ കൂട്ടാലയുടെയും ഡയറക്ടർ ബഹു. സജി പുതുക്കുളങ്ങര അച്ചന്റെയും നേതൃത്വത്തിൽ ലഹരിവി മുക്ത വർഷാചരണ പ്രവർത്തനങ്ങൾ സജീവമായി തന്നെ മുന്നോട്ട് പോകുന്നു. ആത്മീയപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി. എല്ലാ മാസവും ലഹരിവിമുക്ത ഇടവക കമ്മറ്റിയുടെയും നേതൃത്വത്തിൽ ഉപവാസ പ്രാർത്ഥന നടന്നു വരുന്നു. സർവ്വേനടത്തി മദ്യപന്മാർക്കായി പ്രാർത്ഥിക്കുന്നു. എല്ലാ ഇട വകയിലും ലഹരിവിമുക്ത ധ്യാനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. അക്രൈസ്തവരെ കൂടി ഉൾപ്പെടുത്തി ഇടവകയിൽ ആക്ഷൻ കൗൺസിൽ രൂപീകരിക്കാൻ തീരുമാനിച്ചു. നിലമ്പൂർ, മണിമൂളി ഫൊറോനകളിലെ സംയുക്ത യോഗം സിഞ്ചെല്ലൂസ് വെരി. റവ. ഫാ. ജെയിംസ് കുറ്റിമാക്കലിന്റെ നേതൃത്വത്തിൽ ചേർന്നു. ഫൊറോന തല റിസോഴ്സ് ടീം രൂപീകരിച്ചു.

**ഇടവക വാർത്തകൾ**

**മരക്കടവ്**

വികാരിയച്ചൻ ഭവനസന്ദർശനം നടത്തി സ്റ്റിക്കർ പതിപ്പിച്ചോ എന്ന് പരിശോധിച്ചു. പതിക്കാത്തിടത്ത് അപ്പോൾതന്നെ പതിപ്പിച്ചു. ഇട വകയിൽ ലഹരിവിമുക്ത ധ്യാനം നടത്തി. മാതാപിതാക്കൾക്കായി സെമി നാർ നടത്തി. ശ്രീ. ജോസ് പുന്നക്കുഴി ക്ലാസ്സ് നയിച്ചു. 6 പേരെ ധ്യാന ത്തിനും 2 പേരെ ചികിത്സയ്ക്കും അയച്ചു.

**പഴൂർ**

വാർഡുതല പ്രാർത്ഥനകളിൽ പ്രത്യേക ലഹരിവിമുക്ത പ്രാർത്ഥന, ഇടവക ലഹരിവിമുക്ത കമ്മറ്റിയംഗങ്ങളുടെ ചെയിൻ റോസറി, കൗൺസിലിംഗ്, ചികിത്സ എന്നിവയ്ക്ക് സൗകര്യം ഒരുക്കി നൽകുക, വാർത്താബോർഡ് സ്ഥാപനം, പ്രത്യേക ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടത്തുന്നു.

**വടക്കനാട്**

ഇടവകയിൽ ജപമാലചങ്ങല, ഒരു ജപമാല വെഞ്ചരിച്ച് നൽകിയത് ഓരോ ദിവസവും ഒരു കുടുംബം ജപമാല ചൊല്ലി അടുത്ത ഭവനത്തിലേക്ക് കൈമാറി വരുന്നു. വാർഡുപ്രാർത്ഥനകളിൽ ലഹരിവിരുദ്ധ ബൈബിൾ വാക്യം മനഃപാഠമാക്കുകയും ലഹരിവിരുദ്ധ സന്ദേശം നൽകുകയും ചെയ്യുന്നു. വി. കുർബാനയ്ക്ക് ശേഷം കുട്ടികൾ ലഹരി വിരുദ്ധ സന്ദേശം നൽകുന്നു.

**വാകേരി**

ഇടവകയിൽ പ്രാർത്ഥനാദിനം ആചരിച്ചു. വി. ബലി, ആരാധന, ജപമാല എന്നിവ നടത്തി. ചികിത്സയ്ക്ക് പോകുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നു.

**മീനങ്ങാടി**

ക്രൂശിതന്റെ വഴിയെ ഒരു തീർത്ഥാടനം എന്ന പേരിൽ ഇടവക ജനം അനുഷ്ഠിക്കേണ്ട കാര്യങ്ങളുടെ നോട്ടീസ് വിതരണം ചെയ്തു. ലഹരിക്കടിമപ്പെട്ട് കഴിയുന്നവർക്കായി മെയ് 25 ന് പ്രത്യേക ദിവ്യബലിയർപ്പിച്ചു. ഇടവക മാർഗ്ഗരേഖ തയ്യാറാക്കി. കുട്ടികൾക്ക് പ്രസംഗ പരിപാടി സംഘടിപ്പിച്ചു.

**കടൽമാട്**

ജൂൺ 14 ന് മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ജപമാല ചൊല്ലി ലഹരിവിമുക്തവർഷ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിച്ചു. ഏപ്രിൽ 25 ന് ആരാധന നടത്തി.

**അമ്പലവയൽ**

ഏപ്രിൽ 1 ന് ലഹരിവിരുദ്ധ ശില്പശാല സംഘടിപ്പിച്ചു. എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ നേതൃത്വം നൽകി. 400 കുട്ടികൾ പങ്കെടുത്തു. 11 വ്യക്തികളെ ഡി അഡിക്ഷൻ സെന്ററിൽ ചികിത്സയ്ക്ക് അയച്ചു. AA കൂട്ടായ്മ ആരംഭിച്ചു.

**ചുള്ളിയോട്**

ആനപ്പാറ പാലം മുതൽ ചുള്ളിയോട് വരെ ലഹരിവിമുക്ത റാലി നടത്തി. അയൽക്കൂട്ട ബോധവൽക്കരണം, സർവ്വേ എന്നിവയും നടത്തി.

**ചിത്രഗിരി**

ആദ്യകുർബാന സ്വീകരണത്തിനുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് സെമിനാർ നടത്തുകയും ആദ്യകുർബാന ദിനത്തിൽ മദ്യ ഉപയോഗം ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്തു. വികാരിയച്ചൻ ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി. മെയ് 29 മുതൽ കുട്ടികൾക്കായി ധ്യാനം നടത്തി.

**ചുള്ളിയാന**

ജൂൺമാസത്തെ ആദ്യവെള്ളി പൊതു ഉപവാസദിനമായി ആചരിച്ചു. തണൽ പ്രാർത്ഥനാ കൂട്ടായ്മ ആരംഭിച്ചു. ആഘോഷങ്ങൾ ലഹരി വിമുക്തമാക്കുവാൻ ഭൂരിഭാഗം കുടുംബങ്ങളും ശ്രദ്ധിക്കുന്നു.

**കണിയാമ്പറ്റ**

മദ്യവിമുക്തധ്യാനം നടത്തി. ലഹരിവിരുദ്ധ വാർത്താപ്രദർശനം നടത്തി. ലഹരിയുടെ ദൂഷ്യങ്ങളെപ്പറ്റിയുള്ള ബോധവത്ക്കരണ ക്ലാസ് നടത്തി.

**ചെറുകാട്ടൂർ**

കുരിശുപള്ളികളിൽ നിന്ന് വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ റാലികൾ സംഘടിപ്പിച്ചു. ഇടവകസെമിനാർ നടത്തി. "മദ്യം ഉപേക്ഷിച്ച് കൂദാശകളിലേയ്ക്ക് തിരിയുന്ന ഇടവക സമൂഹം" എന്ന വിഷയം ഉയർത്തി ഹോംമിഷൻ നടത്തി.

**കുറുമ്പാലക്കോട്ട**

മാർച്ച് 9-ന് മുക്തി ഡി അഡിക്ഷൻ സെന്ററിലെ ചാക്കോ സാറിന്റെ ക്ലാസ് നടത്തി. മാത്യു നെയ്ക്കുപ്പ അനുഭവസാക്ഷ്യം നൽകി.

**അരിഞ്ചേർമല**

കെ.സി.വൈ.എം. അംഗങ്ങളുടെ ആഭിമുഖ്യത്തിൽ കൊളാഷ് തയ്യാറാക്കി പ്രദർശിപ്പിച്ചു.

**വിളമ്പുകണ്ടം**

ബോധവത്ക്കരണ ക്ലാസ് നടത്തി.

**ഡയറക്ടറച്ചന്റെ ഇടവകസന്ദർശനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ റവ.ഫാ സണ്ണി മഠത്തിൽ ഞായറാഴ്ചകളിൽ ഇടവകകളിൽ സന്ദർശനം നടത്തുന്നു. വി.ബലി അർപ്പിക്കുകയും ലഹരിവിമുക്ത സന്ദേശം നൽകുകയും വി.ബലിക്ക് ശേഷം ദിവ്യകാരുണ്യ ആരാധന നടത്തുകയും ചെയ്യുന്നു. ചെറുകാട്ടൂർ, പറളിക്കുന്ന്, ചിത്രഗിരി എന്നീ ഇടവകകളിൽ അച്ചൻ സന്ദർശനം നടത്തി.

ലഭ്യമായ മുഴുവൻ ഇടവക റിപ്പോർട്ടുകളും ഈ മാസം ബുള്ളറ്റിനിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. തുടർമാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ജോൺസൺ തൊഴുത്തുംങ്കൽ**

സെക്രട്ടറി-ലഹരിവിമുക്തവർഷം, മാനന്തവാടി രൂപത

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് 2014**

ലോഗോസ് 2014 registration ക്രമീകരണങ്ങൾ ഇടവകകളിൽ പുരോഗമിക്കുന്നുവെന്ന് കരുതുന്നു. കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും പൂർണ്ണമായും On Line Registration നടത്തണം. രൂപതാ ഓഫീസിൽ Registration നടത്തിയതിന്റെ പ്രിന്റും Registration fees (Rs.10) – ഉം രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31. മുൻ വർഷങ്ങളിൽ Registration സമയത്ത് ലഭിച്ചിരുന്ന കൈപുസ്തകം ഇത്തവണ ലഭിക്കില്ല. പുസ്തകം website ൽ ലഭ്യമാണ്. ആവശ്യമുള്ളവർക്ക് down load ചെയ്ത് ഉപയോഗിക്കാം.

**ബൈബിൾ പ്രേഷിതത്വത്തിന് ഒരു സുവർണ്ണാവസരം**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗമായി ബൈബിൾ പ്രഘോഷണ പ്രചാരണ ദൗത്യത്തിൽ പങ്കാളിയാകാൻ അവസരം. കെ.സി.ബി.സി. യുടെ അംഗീകാരത്തോടെ 1990 മുതൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പ്രവർത്തിച്ചു വരുന്നു.

**ലക്ഷ്യങ്ങൾ**

1. ബൈബിൾ പ്രേഷിതത്വത്തിന് ഏവർക്കും അവസരം ഒരുക്കുക.
2. ബൈബിൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക.
3. ബൈബിൾ സംബന്ധമായ ഗ്രന്ഥങ്ങളും ലഘുരേഖകളും സി.ഡി.കളും നിർമ്മിക്കുകയും പൊതുജനത്തിനു പരിചയപ്പെടുത്തുകയും ചെയ്യുക.
4. ബൈബിൾ ദിനം, ബൈബിൾ വാരം, ബൈബിൾ കലോത്സവം, ലോഗോസ് ക്വിസ് തുടങ്ങിയ പ്രബോധനാത്മകമായ ആഘോഷങ്ങൾക്കും കർമ്മപരിപാടികൾക്കും പ്രോത്സാഹനവും സഹകരണവും നൽകുക.

**മെമ്പർഷിപ്പ്**

വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, ഇടവകകൾ എന്നിവയുടെ അംഗത്വം സംബന്ധിച്ച വ്യക്തത താഴെ കൊടുത്തിരിക്കുന്ന ചാർട്ടു നൽകുന്നു.

| അംഗത്വരീതി | ഫീസ് | ആനുകൂല്യങ്ങൾ | |
|---|---|---|---|
| | | ചേരുമ്പോൾ ലഭിക്കുന്ന ബൈബിൾ | വർഷംതോറും ലഭിക്കുന്ന ബൈബിൾ |
| **വ്യക്തിഗതം** | | | |
| ഓർഡിനറി | 500 | 1 | 95 രൂപാ നിരക്കിൽ 1 |
| സ്പെഷ്യൽ | 1000 | 2 | 85 രൂപാ നിരക്കിൽ 1 |
| ലൈഫ് | 2000 | 4 | 85 രൂപാ നിരക്കിൽ 2 |
| സ്പെഷ്യൽ ലൈഫ് | 10000 | 20 | 85 രൂപാ നിരക്കിൽ 10 |
| സ്പോൺസർ ലൈഫ് | 20000 | 40 | 85 രൂപാ നിരക്കിൽ 20 |
| **സംഘടന** | | | |
| ലൈഫ് | 2000 | 4 | 85 രൂപാ നിരക്കിൽ 2 |
| **സ്ഥാപനങ്ങൾ** | | | |
| ലൈഫ് | 2000 | 4 | 85 രൂപാ നിരക്കിൽ 2 |
| സ്പോൺസർ ലൈഫ് | 20000 | 40 | 85 രൂപാ നിരക്കിൽ 20 |
| **ഇടവകകൾ** | | | |
| പാരീഷ് ഓർഡിനറി | 5000 | 10 | 85 രൂപാ നിരക്കിൽ 5 |
| പാരീഷ് ലൈഫ് | 20000 | 40 | 85 രൂപാ നിരക്കിൽ 20 |

**നിങ്ങൾ ചെയ്യേണ്ടത്**

നിങ്ങളുടെ അംഗത്വഫീസ് രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിലോ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ പേരിൽ MO/DD ആയി താഴെക്കാണുന്ന വിലാസത്തിലോ അയയ്ക്കാം. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖയിൽ നിന്നും ലഭിക്കുന്ന മെയിൽ ട്രാൻസ്ഫർ ആപ്ലിക്കേഷൻ പൂരിപ്പിച്ച് ബാങ്ക് കമ്മീഷൻ നൽകാതെ തന്നെ ബാങ്ക് വഴി സൊസൈറ്റിയിലേക്ക് പണമയയ്ക്കുന്നതിന് സംവിധാനമുണ്ട്. In favour of Secretary, Kerala Catholic Bible Society, SB A/c No.750 South Indian Bank, Vennala Branch,Palarivattom എന്ന് എഴുതി നിങ്ങളുടെ അഡ്രസ്സും, താത്പര്യമെങ്കിൽ, ഫോട്ടോയും സഹിതം സൊസൈറ്റിയുടെ ഓഫീസിലേയ്ക്ക് എഴുതുക. രൂപ കിട്ടിയാൽ ഉടൻ രസീതും അംഗത്വകാർഡും താത്പര്യമെങ്കിൽ, ഫോട്ടോ പതിപ്പിച്ച കാർഡും അയച്ചു തരുന്നതാണ്.

- അംഗത്വമെടുക്കുമ്പോൾ സമ്മാന ബൈബിളുകളും ഓരോവർഷവും അംഗത്വത്തിന് ആനുപാതികമായ സബ്സിഡി ബൈബിളുകളും ലഭിക്കുന്നതാണ്.
- ഓരോ വർഷവും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിവരിക്കുന്ന ബുള്ളറ്റിൻ സൗജന്യമായി ലഭിക്കുന്നതാണ്.
- ഓരോ അംഗത്വത്തിനും സൊസൈറ്റിയുടെ തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.
- ബൈബിൾ സംബന്ധമായ ഒരു ഗ്രന്ഥം എല്ലാവർഷവും സമ്മാനമായി അംഗങ്ങൾക്ക് ലഭിക്കും.

**ബൈബിൾ ക്ലാസ്**

വൈദികർക്കായി ബഹു.ജോസഫ് പാംബ്ലാനിയച്ചൻ നയിക്കുന്ന ബൈബിൾ ക്ലാസ് ജൂൺ 17 -ന് നടന്നു. അടുത്ത മാസങ്ങളിലെ ക്ലാസ്സുകൾ

| Month | Date |
|---|---|
| July | 16 |
| August | 7 |
| October | 2 |
| November | 4 |
| December | 2 |

ക്ലാസ്സിൽ സംബന്ധിക്കുന്ന ബഹു.വൈദികർ ഈ തീയതികൾ ശ്രദ്ധിക്കുമല്ലോ.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## മതബോധനരംഗം

മെയ് 24 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട പ്രധാനാദ്ധ്യാപകരുടെയും ബഹു. വികാരിയച്ചന്മാരുടെയും സംയുക്ത സമ്മേളനത്തോടെ 2014-15 അധ്യയനവർഷം ആരംഭിച്ചു. വിശ്വാസപരിശീലനം എന്ന വിശുദ്ധമായ ഉത്തരവാദിത്വത്തെ വിശുദ്ധിയോടും കൂടുതൽ കരുണയോടും സ്നേഹത്തോടും കൂടെ സമീപിക്കാൻ വേണ്ട ഹൃദയവിശാലതയും സേവനസന്ധതയും ഈ രംഗങ്ങളിൽ സേവനം ചെയ്യുന്ന എല്ലാവർക്കും ഉണ്ടാകട്ടെ എന്ന ആശംസയോടുകൂടി ഡയറക്ടർ റവ. ഫാ. റോയി വട്ടക്കാട്ട് ഏവരേയും സ്വാഗതം ചെയ്തു.

ഫ്രാൻസീസ് പാപ്പായുടെ ആദ്യത്തെ അപ്പസ്തോലിക ആഹ്വാനമായ "സുവിശേഷത്തിന്റെ സന്തോഷം" (*Evangeli Guadium*) വിശ്വാസ പരിശീലന പ്രവർത്തകർക്ക് നൽകുന്ന ഓർമ്മപ്പെടുത്തലുകളും നിർദ്ദേശങ്ങളും അർത്ഥ സമ്പുഷ്ടമായ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിലൂടെ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ അവതരിപ്പിച്ചു. പരിശുദ്ധ പിതാവിന്റെ ഉപദേശങ്ങളെ ഹൃദയത്തിൽ സ്വീകരിച്ച് കൂടുതൽ കാരുണ്യത്തോടും അനുകമ്പയോടും കൂടി മതബോധന പ്രവർത്തനങ്ങളെ സമീപിക്കണമെന്ന് മാത്യു അച്ചൻ ഓർമ്മപ്പെടുത്തി. തുടർന്ന് മാനന്തവാടി രൂപത മതബോധന കേന്ദ്രത്തിന്റെ പുതിയ Website: www.catechismmdy.org ന്റെ Launching കർമ്മം ബഹു. ജനറാളച്ചൻ നിർവ്വഹിച്ചു.

SMCC യുടെ സംസ്ഥാന ഡയറക്ടർ ഡോ. ജോർജ്ജ് ദാനവേലിലച്ചന്റെ സാന്നിധ്യം HM, PP Confrence ന് കൂടുതൽ സന്തോഷം നൽകി. മതാദ്ധ്യാപകന്റെ ശ്രദ്ധ പതിയേണ്ട മേഖലകളും മതബോധനത്തിന്റെ പ്രസക്തിയും തന്റെ ക്ലാസ്സിലൂടെ വ്യക്തമായി അച്ചൻ അവതരിപ്പിച്ചു. 'മാതാപിതാക്കളും വിശ്വാസപരിശീലനവും' എന്ന മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടത് ആവശ്യമാണെന്ന് അച്ചൻ നിർദ്ദേശിച്ചു. രൂപതാ ടീം അംഗം ശ്രീ. സജി നരിവേലിൽ അച്ചന് കൃതജ്ഞതയർപ്പിച്ചു.

തുടർന്ന് വിശ്വാസപരിശീലനരംഗത്ത് 25 വർഷങ്ങൾ പൂർത്തിയാക്കി സിൽവർ ജൂബിലി ആഘോഷിക്കുന്ന ശ്രീ. ടോമിച്ചൻ തോപ്പിൽ (കുറുമ്പാല), ശ്രീ. ജോസ്കുട്ടി കോട്ടേപറമ്പിൽ (തലഞ്ഞി), ശ്രീ. ജോമോൻ എം. വി. മൂർക്കാട്ടിൽ (ചോക്കാട്), ശ്രീ. ജോർജ്ജ് കൊച്ചാനിച്ചുവട്ടിൽ (പാടിച്ചിറ), ശ്രീ. ജോയി കിഴക്കരക്കാട്ട് (നിരവിൽപ്പുഴ), ശ്രീ. ജോസ് പുന്നൂർ (വാളവയൽ), ശ്രീ. മാത്യു മുതിരക്കാലായിൽ (ആടിക്കൊല്ലി), ശ്രീമതി ഫിലോമിന തെക്കേക്കര (കൊമ്മയാട്), ശ്രീമതി മേരി ജോസ് നടാംകണ്ടം (തലപ്പുഴ), ശ്രീമതി ലില്ലി നെല്ലിക്കുന്നേൽ (അരുൾനിലയം), സി. മേഴ്സി കുര്യൻ SH (പുതിയിടം), സി. ലീലാമ്മ SKD (ഇടിവണ്ണ), സി. തെരേസ് SKD (ഇടിവണ്ണ), ശ്രീ. തങ്കച്ചൻ പി.ജെ. പിലാപ്പിള്ളിൽ (ദ്വാരക), ശ്രീ. വർക്കി നിരപ്പേൽ (ദ്വാരക), ശ്രീ. ജോസഫ് കാലായിൽ (പുൽപ്പള്ളി) എന്നിവർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാമംഗളങ്ങളും രൂപതാ ടീം അംഗം ശ്രീ. ഷാജി ചന്ദനപറമ്പിൽ ആശംസിച്ചു. ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ ജൂബിലേറിയൻസിന് മെമന്റോ നൽകി ആദരിച്ചു. കഴിഞ്ഞ 25 വർഷം വിശ്വാസപരിശീലനരംഗത്തിന് ഇവർ നൽകിയ സ്തുത്യർഹമായ സേവനത്തെ നന്ദിയോടെ ഓർക്കുന്നു.

കഴിഞ്ഞ അധ്യയന വർഷം IV, VII, X, XII ക്ലാസ്സുകളിലും HDC കോഴ്സുകളിലും ഉന്നത വിജയം നേടിയവരെയും SELOC, VII, XII ക്ലാസ്സുകളിലെ പ്രതിഭകളെയും അനുമോദിച്ച് രൂപതാ ടീം അംഗം ശ്രീ. ജോൺ തോട്ടത്തിൽ സംസാരിച്ചു. അവരെ പരിശീലിപ്പിച്ച അധ്യാപകർ, മാതാപിതാക്കന്മാർ, നേതൃത്വം നൽകുന്ന വികാരിയച്ചന്മാർ എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു.

ദൈവം തങ്ങൾക്കു നൽകിയ അനുഗ്രഹങ്ങൾ നന്ദിപൂർവ്വം അനുസ്മരിച്ചുകൊണ്ടും ഇനിയും വിശ്വാസപരിശീലനരംഗത്ത് തുടരുവാനുള്ള തീക്ഷ്ണമായ ആഗ്രഹം അറിയിച്ചുകൊണ്ടും ജൂബിലിയേറിയൻസിന്റെ പ്രതിനിധിയായി ശ്രീ. മാത്യു മുതിരക്കാലായിൽ, വിദ്യാർത്ഥികളുടെ പ്രതിനിധിയായി മെൽവിൻ വടക്കേകുടി എന്നിവർ സംസാരിച്ചു. ബഹു. ദാനവേലിലച്ചന്റെ ക്ലാസ്സിനുശേഷം ലഹരിവിമുക്ത വർഷാചരണ കമ്മറ്റി സെക്രട്ടറിയും രൂപതാ ടീം അംഗവുമായ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സംസാരിച്ചു.

2014-15 വർഷത്തെ മതബോധന കലണ്ടർ, പ്രധാനപ്പെട്ട കാര്യങ്ങൾ, പ്രധാനാധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം രൂപതാ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ വിശദീകരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വിശ്വാസ

പരിശീലന രംഗത്ത് ഈ അധ്യയനവർഷം പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ട കാര്യങ്ങൾ പങ്കുവെച്ചു. തുടർന്ന് രൂപതാ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ നന്ദി പ്രകാശിപ്പിച്ചു. രൂപതാ ഗാന ത്തോടെ സമ്മേളനം അവസാനിച്ചു.

**മതബോധനരംഗത്തിന് പുതിയ വെബ്സൈറ്റ്**

മെയ് 24 ന് HM, PP Confrence ൽ വെച്ച് മാനന്തവാടി രൂപതാ മതബോധന കേന്ദ്രത്തിന്റെ പുതിയ വെബ്സൈറ്റ് Launch ചെയ്തു. www.catechismmdy.org എന്നതാണ് സൈറ്റ് അഡ്രസ്സ്.

## HCC Registration

ഈ വർഷം മുതൽ +1, +2 രജിസ്ട്രേഷൻ ഈ സൈറ്റിലൂടെ ഓൺലൈൻ വഴിയായി ചെയ്യണം എന്നുള്ള കാര്യം ശ്രദ്ധിക്കുക. HCC Registration July-6 ന് മുമ്പ് പൂർത്തിയാക്കുക. ജൂലൈ 20 വരെ 50 രൂപ ഫൈനോടുകൂടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. രജിസ്ട്രേഷൻ നടത്തിയ കുട്ടികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്ര ത്തിൽ എത്തിക്കാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസ് +1 = 100, +2 = 125, പ്രൈവറ്റ് രജിസ്ട്രേഷൻ = 200.

**അധ്യാപക പരിശീലനം**

1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ അധ്യാപകർക്കുള്ള പരി ശീലനത്തിൽ സംബന്ധിച്ച എല്ലാ അദ്ധ്യാപകർക്കും അവർക്ക് പരിശീ ലനം നൽകിയ ടീം അംഗങ്ങൾക്കും അദ്ധ്യാപകരെ പറഞ്ഞയച്ച വികാ രിയച്ചന്മാർ, പ്രധാനാധ്യാപകർ എന്നിവർക്കും നന്ദി.

**ആമുഖ സെമിനാർ**

ജൂൺ 13–15 ദിവസങ്ങളിൽ നടത്തിയ ആമുഖ സെമിനാറിൽ പങ്കെ ടുത്ത എല്ലാ പുതിയ അധ്യാപകർക്കും ആശംസകളും പ്രാർത്ഥനകളും. അടുത്ത ബാച്ചിന്റെ ആമുഖ സെമിനാർ ജൂലൈ 11–13 തീയതികളിലാണ്. അധ്യാപകരുടെ പേര് വിവരം ഓഫീസിൽ മുൻകൂട്ടി അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ (Ph: 04935 245094).

**DCC സംഗമം**

ഈ വർഷം DCC യ്ക്ക് ചേരുന്ന വിദ്യാർത്ഥികളുടെ പ്രഥമ സംഗമം ജൂലൈ 6 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെ ടുന്നു. DCC വിദ്യാർത്ഥികളെ പറഞ്ഞയയ്ക്കാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധി ക്കുമല്ലോ.

**HDC ക്ലാസ്സ്**

HDC രണ്ടാം വർഷക്കാരുടെ ഒന്നാമത്തെ ക്ലാസ്സ് ജൂൺ 28 ന് ദ്വാരകയിൽ വെച്ച് നടത്തപ്പെട്ടു. ജൂലൈ 5 ന് മണിമൂളിയിലും ജൂലൈ

19 ന് ബത്തേരിയിലും ഈ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സുകൾ സെപ്റ്റംബർ മാസത്തിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 6 ന് ദ്വാരകയിലും, സെപ്റ്റംബർ 13 ന് മണിമൂളിയിലും സെപ്റ്റംബർ 20 ന് ബത്തേരിയിലും വച്ച് നടത്തപ്പെടുന്നതാണ്.

**നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്**

ബൈബിൾ നേഴ്സറി അധ്യാപകർക്കുള്ള പരിശീലനം ജൂലൈ 26-ാം തീയതി 4.00 pm ന് ആരംഭിച്ച് 27-ാം തീയതി 4.00 pm ന് അവസാനിക്കും. ഫീസ് 150/- രൂപ. പങ്കെടുക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

**മണിമൂളി ഫൊറോന ഡയറക്ടർക്ക് സ്വാഗതം**

മണിമൂളി ഫൊറോനയിൽ മതബോധന ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോസ് കൊട്ടാരത്തിൽ അച്ചന് സ്നേഹപൂർവ്വം സ്വാഗതം. കഴിഞ്ഞ വർഷങ്ങളിൽ മണിമൂളി ഫൊറോന മതബോധന ഡയറക്ടർ ആയി സേവനം ചെയ്ത ബഹു. ജസ്റ്റിൻ മൂന്നാനാലച്ചന് ഹൃദ്യമായ നന്ദിയും അറിയിക്കുന്നു.

**HCC Private Registration**

പത്താം ക്ലാസ്സ് പഠനത്തിനുശേഷം ഒരു വിഭാഗം 11, 12 ക്ലാസ്സുകളിൽ വിശ്വാസ പരിശീലനത്തിന് എത്താതെ എൻട്രൻസ് കോച്ചിംഗിന് പോകുന്നതായി കാണുന്നു. ഉന്നത വിദ്യാഭ്യാസത്തിനുള്ള അവരുടെ അവസരം നിഷേധിക്കാതെ വിശ്വാസ പരിശീലനത്തിന്റെ മുഖ്യധാരയുമായി അവരെക്കൂടി ഉൾച്ചേർക്കേണ്ടത് ഒരു അനിവാര്യതയാണ്. ഇപ്രകാരം എൻട്രൻസ് കോച്ചിംഗിനായി പോകുന്ന കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. 2014-15 അധ്യയനവർഷം മുതൽ XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന HCC പരീക്ഷയ്ക്ക് യുണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്തുന്നവർക്കുള്ള കോൺടാക്ട് ക്ലാസ്സുകൾ നടത്തേണ്ട ചുമതല അതാത് ഇടവകകൾക്കായിരിക്കും.
2. ഇടവകയിൽ നിന്ന് രൂപതയ്ക്കകത്ത് വിവിധ എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിൽ പോകുന്ന കുട്ടികൾ, മാതൃ ഇടവകയിൽ ഞായറാഴ്ച രാവിലെ ആദ്യത്തെ കുർബാനയിൽ സംബന്ധിക്കുക.
3. ഞായറാഴ്ച രാവിലെ കുർബാന മാതൃ ഇടവകയിൽ പ്രായോഗികം അല്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വി. കുർബാനയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.
4. യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് കോൺടാക്ട് ക്ലാസ്സുകളി

ലുള്ള 100% ഹാജർ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്ന താണ്.

5. കുട്ടികൾ എൻട്രൻസ് പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ടെന്നുള്ള നിശ്ചിത സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം വാങ്ങിയശേഷം മാത്രമേ പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കാവൂ.
6. 2014 ജൂൺ മുതൽ 2015 ഫെബ്രുവരി വരെ എല്ലാ മാസവും ഏതെങ്കിലും സൗകര്യപ്രദമായ ദിവസം പ്രൈവറ്റ് രജിസ്ട്രേഷനിലുള്ള കുട്ടികൾ ക്ലാസ്സ് അധ്യാപകന്റെയോ പ്രധാനാധ്യാപകന്റെയോ നേതൃത്വത്തിൽ സംശയനിവാരണം, Assignment സമർപ്പിക്കൽ, വചനഡയറി പരിശോധന എന്നിവയ്ക്കായി ഒരുമിച്ച് കൂടണം. ഓരോ ഇടവകയുടെയും സൗകര്യമനുസരിച്ച് വികാരിയച്ചൻ നിശ്ചയിച്ച സമയം ഇതിനായി ഉപയോഗിക്കുക.
7. ഡിസംബർ 31 വരെ നടത്തിയ കോൺടാക്ട് ക്ലാസ്സുകളുടെ സംക്ഷിപ്ത ഫോർമാറ്റിന്റെ ഫോട്ടോ കോപ്പി രൂപതയിൽ ജനുവരി 15 ന് മുമ്പായി നൽകേണ്ടതാണ്.
8. കോൺടാക്ട് ക്ലാസ്സിൽ വെച്ച് ആ മാസത്തെ വി. കുർബാനയിലെ പങ്കാളിത്തം വിലയിരുത്തൽ, വചനഡയറി പരിശോധന, സംഘടനാ പ്രവർത്തനം എന്നിവയുടെ മാർക്ക്, ഹാജർ എന്നിവ രൂപതയിൽ നിന്ന് തന്നിരിക്കുന്ന നിശ്ചിത പ്രൊഫോർമയിൽ പൂരിപ്പിക്കേണ്ടതാണ്.
9. ഒരു മാസം 2 പാഠങ്ങളുടെ അസൈൻമെന്റുകൾ പരിശോധിക്കേണ്ടതാണ്. കൂടാതെ കുട്ടികളുടെ സംശയ നിവാരണത്തിനും സാഹചര്യം ഒരുക്കണം.
10. ഡിസംബർ, ജനുവരി മാസത്തിൽ നമസ്ക്കാരങ്ങൾ, പൊതു വിജ്ഞാനം, വചനഡയറി, വചനഡയറിയിലെ പൊതുവിജ്ഞാനം എന്നീ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഊന്നൽ കൊടുക്കാവുന്നതാണ്.
11 ഓണം, ക്രിസ്തുമസ്, പരീക്ഷകൾ മാതൃ ഇടവകയിൽ മറ്റു കുട്ടികളോടൊപ്പം എഴുതേണ്ടതാണ്.
12. വർഷാവസാന പരീക്ഷ ഫെബ്രുവരി മാസത്തിൽ എല്ലാവരുടെയും കൂടെതന്നെ എഴുതണം.
13. ഈ സംവിധാനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൽറ്റ് രൂപതാ റാങ്കിന് പരിഗണിക്കുന്നതല്ല.
14. രൂപതയ്ക്ക് പുറത്ത് പരിശീലനത്തിനായി പോകുന്നവർ ജൂൺ മാസത്തിൽ രൂപതാകേന്ദ്രത്തിൽ നിന്ന് അസൈന്റ്മെന്റ്സ് വാങ്ങി

പോകുക, പൂർത്തിയാക്കി അവധിക്ക് വരുമ്പോൾ തിരികെ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുക.

15. രൂപതാ കേന്ദ്രത്തിൽ നിന്നു തന്നിരിക്കുന്ന നിശ്ചിത പ്രോഫോർമ യുടെ അടിസ്ഥാനത്തിൽ കുട്ടിക്ക് പരീക്ഷ എഴുതുവാൻ യോഗ്യത യുണ്ടോ എന്ന് നിർണ്ണയിക്കുന്നത് രൂപതാ മതബോധനകേന്ദ്രം ആയിരിക്കും.
16. നവോദയ സ്കൂളിലെ കുട്ടികൾ മാതൃ ഇടവകകളിൽ അവധിക്ക് വരുമ്പോൾ അവർ ഇരിക്കേണ്ട ക്ലാസ്സിലെ അധ്യാപകരെ കണ്ട് പാഠ ഭാഗങ്ങൾ ചർച്ച ചെയ്യുക. പൊതു പരീക്ഷകൾ മറ്റു കുട്ടികളോടൊപ്പം എഴുതുക. വർഷാരംഭത്തിൽ തന്നെ അവർക്ക് വേണ്ടുന്ന പുസ്തകം സൺഡേ ക്ലാസ്സിൽ നിന്ന് വാങ്ങിക്കേണ്ടതാണ്. രൂപതാകേന്ദ്രം പഠന സംബന്ധമായി അസൈന്റ്മെന്റ്സ്, അഡീഷണൽ മെറ്റീരിയൽസ് നൽകുന്നതും അത് പൂർത്തിയാക്കി തിരിച്ചേൽപ്പിക്കേണ്ടതുമാണ്.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

**2013–2014 മേഖല സ്കോളർഷിപ്പ് – സമ്മാനാർഹർ**

**കല്ലോടി മേഖല**

**Class V**

| | | | |
|---|---|---|---|
| 1. ആൻമരിയ ഒറവച്ചാലിൽ | ദ്വാരക | 88 | I st |
| 2. അനിലിറ്റ് മുണ്ടക്കാത്തടത്തിൽ | കൊമ്മയാട് | 87 | II nd |
| 3. അൽഫോൻസ കുന്നൂർ | കല്ലോടി | 85 | III rd |

**Class VI**

| | | | |
|---|---|---|---|
| 1. എയ്ഞ്ചൽ മരിയ മുണ്ടക്കാത്തടത്തിൽ | കൊമ്മയാട് | 91 | I st |
| 2. അനിറ്റ് റോബർട്ട് പുത്തൻപുരയ്ക്കൽ | പുതിയിടംകുന്ന് | 87 | II nd |
| 3. ആൻമേരി തോമസ് പുതുപ്പള്ളി | വെള്ളമുണ്ട | 84 | III rd |

**Class VIII**

| | | | |
|---|---|---|---|
| 1. ഫെമിന വലരിയിൽ | ദീപ്തിഗിരി | 94 | I st |
| 2.അല ജോസ് പള്ളത്ത് | കല്ലോടി | 90 | II nd |
| 3. സ്റ്റെഫിൻ ഷാജി തോപ്പിൽ | ചുള്ളിയാന | 89 | III rd |

**Class IX**

| | | | |
|---|---|---|---|
| 1. സയന ഇലഞ്ഞിക്കുഴി | പുതിയിടംകുന്ന് | 82 | I st |
| 2. ഷെറിൻ ജോസ് പാണാലിക്കൽ | വഞ്ഞോട് | 80 | II nd |
| 3. അക്ഷയ റോസ് വട്ടുകുളത്തിൽ | ദ്വാരക | 78 | III rd |

**ഫാ. സെബാസ്റ്റ്യൻ എലവനപ്പാറ** – മേഖല ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

ഈ പ്രവർത്തനമാസം നമ്മൾ ആരംഭിക്കുന്നത് ദുക്റാനതിരുനാളോടുകൂടിയാണല്ലോ. വി. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത നമുക്കും സ്വീകരിക്കാം. വലിയ തീഷ്ണതയോടെ ഈ മാസത്തെ പ്രവർത്തനങ്ങളിൽ നമുക്ക് പങ്കുചേരാം. ഒത്തിരിസ്നേഹത്തോടെ ഏവർക്കും തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

രൂപത കൗൺസിൽ വളരെ ഭംഗിയായി നടത്തപ്പെട്ടു. ശാഖാ ഭാരവാഹികളെ പറഞ്ഞയച്ച വികാരിയച്ചന്മാരെയും അവരെ കൊണ്ടുവന്ന പ്രിയ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. രൂപത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ശാഖകളിൽ ഈ ലഹരിവിമുക്ത വർഷത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശാഖകളിൽ ലഹരിവിരുദ്ധ സേന രൂപീകരിച്ച് ഈ വർഷത്തെ പ്രവർത്തനങ്ങൾ കൂടുതൽ മനോഹരമാക്കുമല്ലൊ. മികച്ച ലഹരിവിരുദ്ധ സേനക്ക് രൂപതാതലത്തിൽ അംഗീകാരം നൽകുന്നതാണ്.

എല്ലാ സഹകരണത്തിനും പ്രോത്സാഹനത്തിനും ഒത്തിരിനന്ദി. തുടർന്നും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

ഒത്തിരി സ്നേഹത്തോടെ,

**ഫാ. സോണി വടയാപറമ്പിൽ**

രൂപതാ ഡയറക്ടർ

**രൂപതാ കൗൺസിലും പ്രവർത്തന വർഷോദ്ഘാടനവും**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കൗൺസിലും 2014-15 പ്രവർത്തനവർഷോദ്ഘാടനവും 14-ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡണ്ട് ജോയി മേപ്പാടത്ത് പതാക ഉയർത്തിയതോടുകൂടി കൗൺസിലിന് ഔദ്യോഗികമായി തുടക്കമായി. തുടർന്ന് നടന്ന പൊതുസമ്മേളനം റവ.ഫാ. ജോർജ് മമ്പള്ളി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ജോയി

മേപ്പാടത്ത് അദ്ധ്യക്ഷത വഹിച്ചു. പ്രവർത്തനവർഷ മാർഗ്ഗരേഖ തരിയോട് മേഖല ഡയറക്ടർ റവ.ഫാ. ജിമ്മി ഓലിക്കൽ തെനേരി ശാഖാ പ്രസിഡണ്ടിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ സ്വാഗതം ആശംസിക്കുകയും ജനറൽ ഓർഗ്ഗനൈസർ ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദി പറയുകയും ചെയ്തു. സംസ്ഥാന സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ, സി. ലിസ എസ്. കെ.ഡി. സംസ്ഥാന ജോ.സെക്രട്ടറി ഷാലു തൈപറമ്പിൽ തുടങ്ങിയവർ പ്രവർത്തനവർഷത്തിന് ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും വഴി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ വളർച്ചയിൽ എന്നും താങ്ങും തണലുമായി കൂടെനിന്ന ബഹുമാനപ്പെട്ട ജോർജ് മമ്പള്ളിയച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹോപഹാരം രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ സമ്മാനിച്ചു. ഡിപ്ലോമ റാങ്ക് ജേതാവ് ജിന്റോ, സംസ്ഥാന പ്രതിഭ ഡെനിക് ഇവരെ ആദരിച്ചു. രൂപതാ കൗൺസിൽ അംഗങ്ങൾക്ക് ജോൺസൺ ചിറായിൽ, ഷാജി ചന്ദനപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു. രൂപതാ വൈ.പ്രസിഡണ്ട് ഡിൻന കാവനമാലിൽ റിപ്പോർട്ടും ബിനീഷ് തുമ്പിയാംകുഴിയിൽ കണക്കും അവതരിപ്പിച്ചു.

**മരം ഒരു വരം**

സി.എം.എൽ. മാനന്തവാടി രൂപത മരം ഒരു വരം എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ ശാഖകൾക്കും വൃക്ഷ തൈകൾ നൽകി. പദ്ധതിയുടെ ഉദ്ഘാടനം റവ.ഫാ. ജോർജ് മമ്പള്ളി നിർവ്വഹിച്ചു.

**ഹൃദയപൂർവ്വം നന്ദി**

കർമ്മധീരതയോടെ മേഖലാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി മേഖല ഡയറക്ടർ സ്ഥാനത്തു നിന്ന് വിരമിക്കുന്ന നടവയൽ ഡയറക്ടർ റവ.ഫാ. ജോസ് കുളിരാനിയെ രൂപതാ നേതൃത്വം സ്നേഹപൂർവ്വം ഓർക്കുന്നു. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് നൽകിയ സേവനത്തെ നന്ദിയോടെ ഓർക്കുന്നു.

**സ്വാഗതം... സുസ്വാഗതം**

മിഷൻലീഗ് പ്രസ്ഥാനത്തിന് ഉണർവ്വും ഉത്തേജനവുമായി കടന്നുവരുന്ന പുതിയ മേഖല ഡയറക്ടേഴ്സിനെ മിഷൻലീഗ് കുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. റവ.ഫാ. ജോർജ് തേരകം - നടവയൽ, റവ.ഫാ. അനിൽ മുഞ്ഞനാട്ട് - കല്ലോടി.

**ദ്യുതി 2014**

ശാഖാഭാരവാഹികൾക്കായി പ്രവർത്തനങ്ങളെക്കുറിച്ചും റിക്കാർഡുകളെക്കുറിച്ചും അറിവ് പകരുന്നതിനായി രൂപതയുടെ നേതൃ

ത്വത്തിൽ പയ്യമ്പള്ളി, പുൽപ്പള്ളി, നടവയൽ മേഖലകളിൽ ജൂൺ 22-ാം തീയതിയും, മാനന്തവാടി, കല്ലോടി, തരിയോട്, ബത്തേരി, ഗൂഡല്ലൂർ മേഖലകളിൽ ജൂൺ 29-ാം തീയതിയും അർദ്ധദിന സെമിനാർ നടത്തി. രൂപതാ എക്സിക്യൂട്ടീവ് ക്ലാസുകൾക്ക് നേതൃത്വം നൽകി.

**മേഖല ഡയറക്ടേഴ്സ് & വൈ.ഡയറക്ടേഴ്സ് സംഗമം**

മേഖലാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഡയറക്ടേഴ്സിന്റെയും വൈ. ഡയറക്ടേഴ്സിന്റെയും സംഗമം ജൂൺ 26-ാം തീയതി വ്യാഴാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു.

**ശാഖാ ജോ.ഡയറക്ടേഴ്സ് സംഗമം**

ശാഖകളിൽ സംഘടനയ്ക്ക് ശക്തി പകരുന്ന ജോ.ഡയറക്ടേഴ്സ് സിസ്റ്റേഴ്സിന്റെ സംഗമം ജൂലൈ 12-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് ദ്വാരക എ.യു.പി. സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. മുഴുവൻ ജോ.ഡയറക്ടേഴ്സും സംഗമത്തിൽ പങ്കെടുക്കുമല്ലോ.

**സൗഹൃദം 2014 ശാഖാ സന്ദർശനം**

ശാഖാ സന്ദർശനം ജൂലൈ 13 ഞായർ പയ്യമ്പള്ളി മേഖലയിലും ജൂലൈ 27 ഞായർ തരിയോട് മേഖലയിലും നടത്തപ്പെടുന്നു. സന്ദർശനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**മേഖല - രൂപത സാഹിത്യ മത്സരം**

ചെറുപുഷ്പ മിഷൻലീഗിന്റെ ഈ പ്രവർത്തനവർഷത്തെ സാഹിത്യ മത്സരം ജൂലൈ 20-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് വിവിധ മേഖലാ കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്നു. മേഖലാ ഭാരവാഹികൾ വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫൗസ്റ്റാ സിസ്റ്റർക്ക് സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ഓഫീസ് സെക്രട്ടറിയായി സ്ഥാനം ഏറ്റെടുത്ത ഫൗസ്റ്റാ സിസ്റ്റർക്ക് മിഷൻലീഗ് കുടുംബത്തിന്റെ സ്വാഗതം.

**അനുശോചനം**

മാനന്തവാടി രൂപതയുടെ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ അമ്മയുടെ നിര്യാണത്തിലും കൊട്ടിയൂർ മേഖല ജോ. ഡയറക്ടർ ബ്രിൻസി സിസ്റ്ററിന്റെ അമ്മയുടെ നിര്യാണത്തിലും മിഷൻലീഗ് രൂപത സമിതി അനുശോചിച്ചു.

**മേഖലാ വാർത്തകൾ**

**മാനന്തവാടി**

ദൈവവിളി പ്രോത്സാഹനമായി രൂപതാ സെമിനാരിയിൽ 5000 രൂപ നൽകി.

**തരിയോട്**

മേഖലയിൽ വെച്ച് നടന്ന മതാധ്യാപക സംഗമത്തിൽ പങ്കെടുത്തു. വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു.

**ശാഖാവാർത്തകൾ**

*പയ്യമ്പള്ളി :-* പഠനത്തിൽ മിടുക്കരും സാമ്പത്തികമായി ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതുമായ കുടുംബത്തിലെ 15 കുട്ടികൾക്ക് 1000 രൂപ വീതം പഠനസഹായമായി നൽകി വരുന്നു.

*മരക്കടവ് :-* രോഗീസന്ദർശനം നടത്തി. രംജിത്ത് എന്ന കിഡ്നി രോഗ ബാധിതന് 2000 രൂപ സാമ്പത്തിക സഹായം നൽകി.

*കരിമ്പിൽ :-* ആദ്യകുർബാന പരിശീലന ക്ലാസുകൾ നടത്തി.

*പാലേമാട് :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.

*പോരൂർ :-* വചനതാരം പരിപാടിയിൽ ജോമോൾ അമ്പലത്തറ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

*മുണ്ടേരി :-* ഡയറക്ടറച്ചന്റെ ജന്മദിനം സി.എം.എൽ. അംഗങ്ങൾ ആഘോഷിച്ചു.

*തലഞ്ഞി :-* രുച്ചൂർ അനാഥാലയം സന്ദർശിച്ച് 11000 രൂപയും ഇടവകയിലെ ഒരു വീടുപണിക്കായി 25000 രൂപയും നൽകി. ബഹു. ഡയറക്ടറച്ചന് യാത്രയയപ്പ് നൽകി.

*ഇടിവണ്ണ :-* ഈങ്ങാപ്പുഴ ധ്യാനകേന്ദ്രത്തിൽ വെച്ച് സി.എം.എൽ. 106 അംഗങ്ങൾ ധ്യാനിച്ചു.

*തെനേരി :-* ലഹരിവിരുദ്ധ കൊളാഷ്, റാലി എന്നിവ സംഘടിപ്പിച്ചു.

*വടപുറം :-* ചികിത്സാ സഹായമായി 2000 രൂപയും വിവാഹസഹായമായി 1500 രൂപയും നൽകി. ഏകദിന സെമിനാർ നടത്തി.

*മൂലങ്കാവ് :-* ദേവാലയ നിർമ്മാണഫണ്ടിലേക്ക് പണം സ്വരൂപിക്കുന്നതിനായ് ഇടവകയിലെ വീടുകളിൽ നിന്ന് പഴയ വസ്തുക്കൾ ശേഖരിച്ചു.

*ധർമ്മഗിരി :-* ക്രിസ്റ്റീൻ ധ്യാനം നടത്തി. കുട്ടികൾക്കുവേണ്ടി ക്രിക്കറ്റ് മത്സരം സംഘടിപ്പിച്ചു.

*അമ്പായത്തോട് :-* വചനതാരം പ്രോഗ്രാമിൽ പങ്കെടുത്ത ക്രിസ്റ്റീന അഞ്ചേരിക്ക് രണ്ടാംസ്ഥാനവും പ്രശസ്തിപത്രവും 5000 രൂപയും ലഭിച്ചു.

*ചെന്നലോട് :-* ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോകുന്ന വികാരിയച്ചന് സി.എം.എൽ. അംഗങ്ങൾ യാത്രയയപ്പ് നൽകി.

*കമ്മന :–* ക്രിസ്റ്റീൻ ധ്യാനം നടത്തി 'ഇസയ 2014' വികാരിയച്ചൻ ഉദ്ഘാടനം ചെയ്തു.
*ആടിക്കൊല്ലി :–* ആടിക്കൊല്ലി, അമരക്കുനി ശാഖകളിലെ മിഷനറിമാർക്കായി ആടിക്കൊല്ലിയിൽ വെച്ച് ത്രിദിന ധ്യാനം നടത്തി.
*പേര്യ :–* സ്ഥലം മാറിപ്പോകുന്ന ബഹു. വികാരിയച്ചനും സിസ്റ്റേഴ്സിനും യാത്രയയപ്പ് നൽകി.
*ബത്തേരി :–* ഇടവകയിൽ സേവനം ചെയ്ത റവ.ഫാ. പ്രതീഷ് അച്ചൻ, സി.എം.എൽ. ജോ.ഡയറക്ടറായിരുന്ന സി. സെലിൻ ജോസ് എന്നിവർക്ക് യാത്രയയപ്പ് നൽകി.
*നടവയൽ :–* പ്രവേശനോത്സവം നടത്തി. വചനതാരം പരിപാടിയിൽ പങ്കെടുത്ത ആൻമേരി റോബിന് 5–ാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞു.
*കൽപ്പറ്റ :–* കല്ലോടി ഇടവകയിലേക്ക് സ്ഥലംമാറിപ്പോകുന്ന ജോസച്ചന് സി.എം.എൽ. അംഗങ്ങൾ യാത്രയയപ്പ് നൽകി.
*ചാരിറ്റി :–* സി.എം.എൽ. വാർഷികം ആഘോഷിച്ചു.
*ഒലിവുമല :–* സ്വർഗ്ഗാരോഹണ തിരുനാളിന് ഈശോയുടെ രൂപം അലങ്കരിച്ചു.
*പൂളപ്പാടം :–* പയനിയേഴ്സ് ക്യാമ്പിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു. ഇടവകയിൽ നിന്നും പൗരോഹിത്യ സന്യാസത്തിലേക്ക് വിളിക്കപ്പെട്ടവരുടെ സംഗമം നടത്തി.
*പ്രശാന്തഗിരി :–* ബഹു. ഡയറക്ടറച്ചനും ജോ. ഡയറക്ടറച്ചനും സിസ്റ്ററിനും സി.എം.എൽ. അംഗങ്ങൾ യാത്രയയപ്പ് നൽകി.
*പന്തിപ്പൊയിൽ :–* രോഗീസന്ദർശനം നടത്തി.
*കല്ലോടി :–* വചനതാരം പ്രോഗ്രാമിൽ ആശ കുന്നൂർ രൂപതയിലെ വചനതാരമായി തെരഞ്ഞെടുക്കപ്പെട്ടു. പ്രിയ കാഞ്ഞിരത്തിങ്കൽ 4–ാം സ്ഥാനത്തിന് അർഹയായി. സ്ഥലംമാറിപ്പോകുന്ന ജെയ്സൺ കള്ളികാട്ടച്ചനും 47 വർഷത്തെ പൗരോഹിത്യ സേവനങ്ങൾക്കുശേഷം വിശ്രമ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന ബഹു. ജോർജ്ജ് മമ്പള്ളിയച്ചനും യാത്രയയപ്പ് നൽകി. ഒപ്പം പുതുതായി ചാർജ്ജെടുക്കുന്ന ജോസച്ചനെയും അസി. വികാരിയച്ചന്മാരെയും സ്വീകരിച്ചു.
*ചുങ്കക്കുന്ന് :–* ക്രിസ്റ്റീൻ ധ്യാനം നടത്തി. 1–4 വരെയുള്ള കുട്ടികൾക്ക് ഏകദിന സെമിനാർ നടത്തി.

എന്ന്, നിങ്ങളുടെ സ്വന്തം,

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

## യുവജനദിന സന്ദേശം

പ്രിയമുള്ള മാതാപിതാക്കളെ, യുവജനങ്ങളെ, കുട്ടികളെ,

ദൈവത്തിന്റെ സ്വന്തം നാടായ കേരളം രാക്ഷസ കേരളമായി മാറിയില്ലേയെന്ന് ആരെങ്കിലും ചോദിച്ചാൽ നിഷേധിക്കാൻ സാധിക്കാത്തവണ്ണം കേരളം മദ്യശാലയായും ലഹരിയുടെ ശവപറമ്പായും ഭീകര രൂപം പ്രാപിച്ചിരിക്കുന്നു. ലഹരിയുടെ ആഴക്കയങ്ങളിൽ മുങ്ങിത്താഴുന്ന കൗമാരക്കാരേയും യുവജനങ്ങളേയും മുതിർന്നവരേയും ആത്മബോധത്തിന്റേയും അപരബോധത്തിന്റേയും ഉണർത്തുപാട്ടുകൾകൊണ്ട് ജീവിതത്തിന്റെ സമനിലങ്ങളിലേയ്ക്ക് ആനയിക്കുവാൻ യുവജനങ്ങൾ മുന്നോട്ട് വരണം. ഈ വർഷത്തിൽ മാനന്തവാടി രൂപത കെ.സി.വൈ.എം. സ്വീകരിച്ച ലഹരിവിമുക്തയൗവനം കുടുംബഭദ്രതയ്ക്ക് എന്ന മുദ്രാവാക്യം എന്തുകൊണ്ടും അർത്ഥഗർഭമാണ്. കെ.സി.വൈ.എം. ന്റെ ഈ വർഷത്തെ രൂപതാ മേഖലാ യൂണിറ്റ് പ്രവർത്തനങ്ങൾ ലഹരി ഉപയോഗത്തിനെതിരെ ബോധവത്ക്കരണം നടത്തുവാനും ലഹരി വിതച്ച ദൂഷ്യഫലങ്ങളിൽ നിന്നും യുവജനങ്ങളെ മോചിപ്പിക്കാനുമുള്ള സംഘടിതമായ മുന്നേറ്റങ്ങൾ ആയിരിക്കണം.

കേരളം കുടിച്ചുമുടിയുകയും പുകഞ്ഞ് കത്തുകയും മയങ്ങി മരിക്കുകയുമാണ്. സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബങ്ങളിലും രാജ്യത്തിന്റെയും വീടിന്റേയും സമ്പത്തും പ്രതീക്ഷയുമായ യുവജനങ്ങളിലും ലഹരി തീമഴപോലെ പെയ്തിറങ്ങി നാശം വിതയ്ക്കുന്നു. കൗമാരക്കാരും യുവജനങ്ങളും ലഹരി ഉപയോഗത്തിനെതിരെ ജാഗ്രത പുലർത്തിയില്ലെങ്കിൽ നമ്മുടെ സമൂഹം അധികം താമസിയാതെ വെണ്ണീറാകും. നമ്മുടെ സംസ്ക്കാരത്തിന്റെ അടിസ്ഥാനമൂല്യമായ കുടുംബം തകർന്നടിയുകയും ദേശം ജീർണ്ണിക്കുകയും ചെയ്യും. ഈ മഹാവിപത്തിനെതിരെ യുവജനങ്ങളേയും സമൂഹത്തേയും ഓർമ്മപ്പെടുത്തുവാൻ

എല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ട് വരണം. പുകവലി, മയക്കുമരുന്ന്, പാൻമസാലകൾ, മദ്യപാനം എന്നീ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന നാശം മനുഷ്യവിചാരങ്ങൾക്ക് അപ്പുറമാണ്.

**പുകവലി**

പുകവലിയ്ക്കെതിരെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ നിരന്തരമായ അഭ്യർത്ഥനകൊണ്ടും പുകവലിയുടെ ദൂഷ്യഫലങ്ങൾക്ക് വിധേയരായ വ്യക്തികളേയും സമൂഹത്തേയും ഈ സാമൂഹ്യ വിപത്തിൽ നിന്ന് രക്ഷിക്കാനുള്ള പ്രഥമ ബോധവത്ക്കരണ സംരംഭം എന്ന നിലയിലും ലോകാരോഗ്യ സംഘടന 1980 ൽ പുകവലി വിരുദ്ധ വർഷമായി ആചരിച്ചു. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് വർഷംതോറും പുകവലിമൂലം മരിക്കുന്നവരുടെ എണ്ണം ഏകദേശം 50 ലക്ഷമാണ്. അതായത് ഓരോ ആറ് സെക്കന്റിലും പുകവലി മൂലം ഒരു മനുഷ്യജീവൻ ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷമാകുന്നു. ക്യാൻസറിന്റെ കാരണങ്ങളിൽ 40 ശതമാനത്തോളം പുകവലി എന്ന രോഗമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഭാരതത്തിലെ ക്യാൻസർ രോഗികളിൽ 27 ശതമാനം പുകവലിക്കാരാണ്. പുകയില ഉത്പാദനത്തിൽ ലോകത്തിൽ ഇന്ത്യ മൂന്നാം സ്ഥാനത്തും ഉപഭോഗത്തിൽ കേരളം ഇന്ത്യയിൽ മൂന്നാം സ്ഥാനത്തും ആണെന്ന സത്യം ഏറെ ലജ്ജാകരമാണ്. കേരളത്തിലെ 12 ലക്ഷം ശ്വാസകോശരോഗികളുടെ കാര്യത്തിൽ ഭരണകൂടത്തിനും, പുകയില ഉപഭോക്താക്കൾക്കും, വിതരണക്കാർക്കും പുകയില ഉപയോഗിക്കാൻ പ്രേരണ നൽകുന്നവർക്കും ഗൗരവമായ ഉത്തരവാദിത്വമുണ്ട്.

പലകാരണങ്ങൾ ഒരു വ്യക്തിയെ പുകവലിയിലേയ്ക്ക് ആകർഷിക്കുന്നു. എന്തിനേയും അനുകരിക്കാനുള്ള കൗമാരക്കാരുടേയും യുവജനങ്ങളുടേയും ഭ്രമം, പുകവലി ശീലമാക്കിയ കുടുംബാംഗങ്ങളെ അനുകരിക്കാനുള്ള ആഗ്രഹം. സെലിബ്രറ്റികൾ, താരങ്ങൾ അവരുടെ പുകവലി ദൃശ്യങ്ങൾ, പുകവലിക്കുന്ന സമപ്രായക്കാരുമായുള്ള സൗഹൃദം, മറ്റുള്ളവരുടെ നിർബന്ധപ്രേരണകൾ തുടങ്ങിയ കാരണങ്ങളും, ഒരു കമ്പനിക്ക്, ഒന്ന് രസിക്കാൻ, വലിച്ചാൽ എന്താ കുഴപ്പം എന്നീ ചിന്തകളും പ്രധാന കാരണങ്ങളാണ്. ഒരു രസത്തിനും സുഖത്തിനും വേണ്ടി തുടങ്ങിയ പുകവലിശീലം ഇന്ന് വിട്ട് പിരിയാതെ ദു:ഖമായി മാറിയിരിക്കുന്നു. പുകവലിക്കുന്ന വ്യക്തികളുടെ ശാരീരിക മാനസിക വൈകാരിക തലങ്ങളിൽ അപകടകരമായ മാറ്റങ്ങൾ സംഭവിക്കുന്നു. കാഴ്ചക്കുറവ്, അൾസർ, ഹൃദയസ്തംഭനം, ആസ്ത്മ, പക്ഷാഘാതം, വന്ധ്യത, തലമരപ്പ്, പ്രത്യുത്പാദന ക്ഷമത കുറയുക, അമിതമായ ഉത്കണ്ഠ,

അനിയന്ത്രിതമായ കോപം എന്നിവ പുകവലിക്കാരുടെ സന്തത സഹചാരിയാണ്. പുകവലിക്കാരുടെ അടുത്ത് വ്യാപരിക്കുന്നവരേയും കൂടെ താമസിക്കുന്നവരേയും ഇവർ രോഗികളാക്കുന്നു. അങ്ങനെ വലിയ സാമൂഹ്യദ്രോഹികളായി മാറുകയും ചെയ്യുന്നു. പുകവലി ഒരു വ്യക്തിയെ കൂടുതൽ നാശത്തിലേയ്ക്ക് വലിച്ചിഴയ്ക്കുന്നു. പുകവലി മദ്യത്തിലേയ്ക്കും മയക്കുമരുന്നിലേയ്ക്കുമുള്ള വാതിൽ തുറക്കുകയും പുറത്ത് കടക്കാനാവാത്തവിധം കുരുക്കിൽ വീഴിക്കുകയും ചെയ്യുന്നു.

**മയക്കുമരുന്ന്**

അതിവേഗം യുവതലമുറ മയക്കുമരുന്നു ലോകത്തിലേയ്ക്ക് മയങ്ങിവീഴുന്നു. ഇന്ത്യയിലേയും കേരളത്തിലേയും കാലഹരണപ്പെട്ട മയക്കുമരുന്ന് നിരോധിത നിയമങ്ങൾ, മയക്കുമരുന്ന് വ്യാപനത്തിനും വിതരണത്തിനും ഉപയോഗത്തിനും ആക്കം കൂട്ടുന്നു. രോഗത്തിനായുള്ള മരുന്നുകളായും, ചോക്ലേറ്റ് മിഠായികളായും, മയക്കുമരുന്നുകൾ കുട്ടികളുടേയും യുവജനങ്ങളുടേയും ഹരമായി മാറിയിരിക്കുന്നു. മയക്കുമരുന്ന് ഉപയോഗത്തിലൂടെ യുവജനങ്ങളുടെ സ്വഭാവികമായ കഴിവുകൾ നശിക്കുകയും സമൂഹത്തെ മുഴുവൻ നശിപ്പിക്കുന്ന മാറാരോഗികളായി  മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ജീവിതത്തിലെ വെല്ലുവിളികളെ നേരിടുന്നതിനുപകരം രക്ഷപെടാൻ നടത്തുന്ന ഒളിച്ചോട്ടങ്ങൾ ചെന്നെത്തുന്നത് മയക്കുമരുന്നിന്റെ നിലയില്ലാക്കയങ്ങളിലാണ്.

മയക്കുമരുന്നിനു അടിമകളായവർ ഇന്ന് വിലപിക്കുന്നു. ഇവരിൽ സിംഹഭാഗവും കൂട്ടുകാരുടെ പ്രേരണയ്ക്ക് വഴങ്ങിയവരാണ്. കുടുംബത്തിലെ പ്രശ്നങ്ങൾ, പ്രണയനൈരാശ്യം, ലഹരി വസ്തുക്കളോടുള്ള ആസക്തി, പുകവലി, മാതാപിതാക്കളോടുള്ള വൈരാഗ്യം, സുഖം തേടിയുള്ള യാത്ര, കൗതുകം തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ മയക്കുമരുന്നിലേയ്ക്ക് അനേകരെ വലിച്ചിഴക്കുകയും സ്വയം ചെന്നുപെടുകയും ചെയ്യുന്നു. മയക്കുമരുന്ന് ഒരു പ്രാവശ്യം ഉപയോഗിക്കുന്ന വ്യക്തി അത് വീണ്ടും വീണ്ടും ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു. ആഗ്രഹത്തെ നിയന്ത്രിക്കാൻ സാധിക്കാതെ വരുമ്പോൾ അടിമത്വമായി മാറുന്നു. ആദ്യം ഉപയോഗിക്കുമ്പോൾ സന്തോഷം, ഭാരമില്ലാത്ത അവസ്ഥ, പിന്നീട് ആത്മഹത്യ ചിന്ത, ഭ്രാന്ത്, ഏകാന്തത, അലസത, അനിയന്ത്രിതമായ വികാര പ്രകടനം, കുറ്റകൃത്യവാസന എന്നിവയ്ക്ക് അടിമയായി മാറുന്നു.

മയക്കുമരുന്നിന് അടിമകളായവർക്ക് ലൈംഗീകവൈകൃതം, ഓർമ്മനഷ്ടം, എയ്ഡ്സ്, ഭ്രാന്ത്, മെലിച്ചിൽ, എന്നിവ അതിഥികളായ് എത്തുന്നു. മാനസികമായി തകർന്ന് കോപം, അരിശം, ഉറക്കമില്ലായ്മ,

പരിസരബോധം നഷ്ടപ്പെടുക, തളർച്ച, ഒന്നിലും സന്തോഷം തോന്നാത്ത അവസ്ഥ, ഇത്യാദി തലങ്ങളിലേയ്ക്ക് അധ:പതിക്കുന്നു.

കൂട്ടുകാരുടെ പ്രേരണയ്ക്ക് വഴങ്ങി കുറച്ച് പുക എടുത്തും, ഗുളിക രുചിച്ചു നോക്കിയും സ്വല്പം പൊടി വായിലിട്ടും തുടങ്ങിയ മയക്കുമരുന്ന് ഉപയോഗം ഇതില്ലാതെ ജീവിക്കാൻ പറ്റാത്ത അവസ്ഥ യിലെത്തിച്ചിരിക്കുന്നു. ഒരു പരീക്ഷണത്തിനുപോലും മയക്കുമരുന്ന് രുചി ക്കാതിരിക്കാൻ കൗമാരയുവജനങ്ങൾക്ക് കഴിയണം. മയക്കുമരുന്ന് ഉപ യോഗിക്കുന്നവരിൽ ഉണ്ടാകുന്ന നാശോന്മുഖമായ അവസ്ഥയാണ് അടി മത്വം. ഒരു പ്രാവശ്യം മയക്കുമരുന്ന് ഉപയോഗിച്ച വ്യക്തി അത് വീണ്ടും വീണ്ടും ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു. ആഗ്രഹത്തെ നിയന്ത്രി ക്കാൻ സാധിക്കാതെ വരുമ്പോൾ അടിമത്വമായി മാറുന്നു.

**പാൻമസാലകൾ**

പാൻമസാലകൾ വർണ്ണക്കടലാസിലെ കൊലയാളിയാണെന്ന് തിരിച്ചറിഞ്ഞപ്പോഴേയ്ക്കും വിട്ടുമാറാത്ത പല അർബുദങ്ങൾക്കും ഈ നാട്ടിലെ ജനങ്ങൾ കീഴടങ്ങി. മദ്യവും മയക്കുമരുന്നും പോലെ തന്നെ അപകടകാരിയാണ് പാൻമസാലകൾ എന്ന് അധികം ജനങ്ങൾക്കും അറിയില്ല. 1960-കളിൽ ഗുജറാത്തിൽ തുടങ്ങിയ പാൻമസാല വ്യവ സായം 1990 കളിൽ കേരളത്തിലേയ്ക്ക് വ്യാപിക്കുകയും 1995 കാല ഘട്ടത്തിൽ കേരളത്തിലെ ഗ്രാമങ്ങളിൽ പോലും ഇത് സുലഭമാവുകയും ചെയ്തു. ഈ സാമൂഹ്യ വിപത്തിനെതിരെ മാനന്തവാടി രൂപതാ കെ.സി. വൈ.എം. ശക്തമായ സമരമുറകളുമായി രംഗത്തെത്തി. മാനന്തവാടി രൂപത കെ.സി.വൈ.എം. പ്രവർത്തകരുടെ ശ്രമഫലമായി 2002-2003 വർഷത്തിൽ മുൻ മന്ത്രി ടി.എം. ജേക്കബ് വയനാടിനെ പാൻമസാല നിരോധിത ജില്ല ആയി പ്രഖ്യാപിച്ചു. വയനാട് ആണ് കേരളത്തിലെ ആദ്യത്തെ പാൻമസാല നിരോധിത ജില്ല. 2013 ൽ കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി കേരളത്തെ പാൻമസാല നിരോധിത സംസ്ഥാന മായി പ്രഖ്യാപിച്ചു.

ആദ്യം വയനാട്ടിലും പിന്നീട് കേരള സംസ്ഥാനം മുഴുവനിലും പാൻമസാലകൾ നിരോധിക്കാനുള്ള കാരണം അത് മനുഷ്യജീവനും മനുഷ്യസമൂഹത്തിനും നാശോന്മുഖമാണെന്ന് അത് ഉപയോഗത്തിലൂടെ വ്യക്തമായതിനാലാണ്. ഇന്ത്യയിൽ 125 ലധികം കമ്പനികൾ പാൻമസാല നിർമ്മിക്കുന്നു. മയക്കുമരുന്നുകൾ കലർത്തി പാൻമസാ ലകൾ ഉണ്ടാക്കുന്നതുകൊണ്ട് പാൻമസാലകൾ മയക്കുമരുന്നിലേ യ്ക്കുള്ള വാതിലാണ്. പാൻമസാല ഉപയോഗിക്കുന്നവരിൽ വിവിധ തര ത്തിലുള്ള ശാരീരിക മാനസിക രോഗങ്ങൾ ഉണ്ടാകുന്നു. വായ്, തൊണ്ട,

അന്നനാളം, ആമാശയം, മലദ്വാരം എന്നിങ്ങനെയുള്ള അവയഭാഗങ്ങളിൽ പാൻമസാലയുടെ ഉപയോഗം മൂലം ക്യാൻസർ ഉണ്ടാകുന്നു.

വായിലെ തൊലി ദ്രവിച്ച് പോവുക, വായിൽ വെളുത്ത പാടുകൾ പ്രത്യുക്ഷപ്പെടുക, വായിൽ കോശങ്ങൾ ഉരുണ്ട് കൂടുക, ലൈംഗീകശേഷി കുറയുക തുടങ്ങിയ ശാരീരിക രോഗങ്ങൾക്ക് കാരണമാകുന്നു. ഉറക്കക്കുറവ്, അനിയന്ത്രിതമായ വികാര പ്രകടനങ്ങൾ, അരിശം, ദു:ഖം, സന്തോഷം, നിരാശ, വെറുപ്പ്, അകാരണമായ ഭയം, മറവി, പൊട്ടിത്തെറിക്കുന്ന സ്വഭാവം, സംശയരോഗം, നിരാശാബോധം, അക്രമവാസന, ലൈംഗീക വൈകൃതങ്ങളായ സ്വവർഗ്ഗഭോഗം, ബാലപീഢനം, ബലാൽസംഗം തുടങ്ങിയവയും, ആത്മഹത്യചിന്ത, അപകർഷതാബോധം, തുടങ്ങിയ മാനസിക വൈകല്യങ്ങളും പാൻമസാല ഉപയോഗിക്കുന്നവരിൽ കണ്ടുവരുന്നു. പാൻമസാല ഉപയോഗിക്കുന്നവരുടെ കണ്ണുകൾ ഇടുമ്മിച്ച് ഇരിക്കും. പല്ലുകൾ കറപിടിച്ചിരിക്കുകയും ചെയ്യും. ഇവരുടെ അടുത്ത് ഇരിക്കാൻ വയ്യാത്തവിധം ദുർഗന്ധവും വായ്നാറ്റവും അനുഭവപ്പെടും.

നിയമംമൂലം കേരളത്തിൽ പാൻമസാലകൾ നിരോധിച്ചിട്ടും സ്കൂളുകളുടെയും, കോളേജുകളുടെയും സമീപത്തുള്ള കടകളിൽ പോലും പാൻമസാലകൾ ഇന്നും സുലഭമാണ് എന്നത് ദു:ഖസത്യമാണ്. പാൻമസാലയിലേയ്ക്കും, മയക്കുമരുന്നിലേയ്ക്കും വിദ്യാർത്ഥികളെ ആകർഷിക്കാൻ മൗത്ത് ഫ്രഷ്നറുകൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. പാൻമസാലയുടെ അംശം കലർന്ന മിഠായി കഴിച്ച് ഏതാനും വിദ്യാർത്ഥികൾ ബോധരഹിതരായ സംഭവം പാൻമസാല ലോബിയുടെ നിഗൂഢ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്നവയാണ്. മിഠായികളിലൂടെയും മൗത്ത് ഫ്രഷ്നറുകളിലൂടെയും വിദ്യാർത്ഥികളിലേയ്ക്ക് പാൻമസാലയുടെ ലഹരി കുത്തിവെയ്ക്കാനുള്ള ലഹരി മാഫിയകളുടെ രഹസ്യ അജണ്ടകളെ ചെറുത്തു തോൽപ്പിച്ചില്ലെങ്കിൽ വർണ്ണക്കടലാസിൽ ഒളിഞ്ഞിരിക്കുന്ന കൊലയാളിയായ ലഹരിപദാർത്ഥങ്ങൾ വിഷപാമ്പുകണക്കേ നമ്മുടെ യുവജനങ്ങളേയും കുട്ടികളേയും വിഷമയമാക്കി മാറ്റും. സ്കൂൾ, കോളേജ് വിദ്യാർത്ഥികളിലും അന്യസംസ്ഥാന തൊഴിലാളികളിലും പരസ്യമായോ രഹസ്യമായോ പാൻമസാല ഉപയോഗിക്കുന്നതായി കണ്ടാൽ പോലീസ് എക്സൈസ് മേധാവികളുടെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തിയാൽ ശിക്ഷാനടപടികൾ സ്വീകരിക്കാൻ അവർക്ക് ഉത്തരവാദിത്വമുണ്ട്. നിയമംമൂലം നിരോധിച്ചതിനെ ബോധവത്ക്കരണത്തിലൂടേയും ചികിത്സയിലൂടേയും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ നമുക്ക് കഴിയണം.

**മദ്യപാനം**

ആദ്യം മനുഷ്യൻ മദ്യം കഴിക്കുന്നു അവസാനം മദ്യം മനുഷ്യനെ കഴിക്കുന്നു എന്ന ചൊല്ല് കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമാണ്. ഇന്ത്യയിൽ ഏറ്റവുമധികം മദ്യം ഉപയോഗിക്കുന്ന വർ കേരളീയരാണ്. അതുകൊണ്ട് തന്നെ രാജ്യത്തെ മദ്യവില്പനയുടെ 16% വും കേരളത്തിലാണ് എന്നത് മലയാളിയുടെ മദ്യപാനാസക്തിയുടെ തെളിവാണ്. മദ്യത്തിന്റെ മാർക്കറ്റായി മാറിയ കേരളത്തിൽ 12 വയസ്സാ കുന്നതിനു മുമ്പേ കുട്ടികൾ മദ്യപിച്ചു തുടങ്ങുന്നു. കേരളത്തിൽ മദ്യം ഒഴുക്കി സംസ്ഥാന സർക്കാർ 20000 കോടി നേടുമ്പോൾ ഒലിച്ചുപോകു ന്നത് കേരളത്തിന്റെ ധർമ്മ, സനാതന കുടുംബമൂല്യങ്ങളാണ്. 1956-ൽ ലോകാരോഗ്യ സംഘടന മദ്യാസക്തി ഒരു രോഗമായി പ്രഖ്യാപിച്ചു. കേരളത്തിലെ മദ്യപരിൽ ഏറ്റവും കൂടുതൽ മദ്യം കഴിക്കുന്നത് 21 നും 40 നും മദ്ധ്യേപ്രായമുള്ളവരാണ്. ഇവർ ആത്മഹത്യാ പ്രവണതയിൽ മുന്നിട്ട് നിൽക്കുന്നു. മദ്യപാനം മൂലം 8 ലക്ഷം പേർ കരൾ രോഗിക ളായി. ബലാത്സംഗം, കൊലപാതകം, മോഷണം എന്നീ കുറ്റകൃത്യ ത്തിൽ ഏർപ്പെടുന്നവരിൽ 87 ശതമാനവും മദ്യപാനത്തിന് അടിമക ളാണ്. ഭാര്യമാരെ ഉപദ്രവിക്കുന്ന ഭർത്താക്കന്മാർ 85 ശതമാനം മദ്യപാനി കളാണ്. നൂറിൽ പതിനെട്ട് പേർക്ക് മദ്യപാനം മൂലം മനോരോഗം ഉണ്ടാ കുന്നു. മദ്യപാനികളുടെ മക്കളിൽ 7 ശതമാനത്തിന് മനോവൈകല്യവും, മദ്യാസക്തരുടെ മക്കളിൽ 60 ശതമാനം മദ്യപരാകാനുള്ള സാധ്യതയും കണ്ടുവരുന്നു. വാഹനാപകടങ്ങളിൽ 85 ശതമാനവും, ക്രിമിനൽ കുറ്റങ്ങളിൽ 87 ശതമാനവും സംഭവിക്കുന്നത് മദ്യം ഉപയോഗിക്കുന്ന തുകൊണ്ടാണ്.

*മദ്യപാനം ആരോഗ്യത്തിന് ഹാനികരം* എന്ന മുന്നറിയിപ്പ് അത് ഉല്പാദിപ്പിക്കുന്നവർ തന്നെ നൽകുന്നു. മദ്യം കഴിക്കുമ്പോൾ തന്നെ രക്തത്തിലേയ്ക്ക് പ്രവേശിക്കുകയും രക്തത്തിലൂടെ കരളിലേയ്ക്കും തലച്ചോറിലേയ്ക്കും ഇതിന്റെ പ്രവർത്തനം വ്യാപിക്കുകയും ചെയ്യു ന്നതുവഴി ശരീരത്തിൽ വ്യത്യസ്തതരം എൻസൈമുകൾ ഉല്പാദിപ്പി ക്കപ്പെടുന്നു. ഇവ കരളിലും തലച്ചോറിലും സൂക്ഷിക്കപ്പെടുന്നതുവഴി മാരകമായ വിഷമായി മാറുകയും ചെയ്യുന്നു. മദ്യം കഴിക്കുന്നവരുടെ കരൾ വീങ്ങുകയും ഹെപ്പറ്റെറ്റീസ്, സിറോസീസ്, ഫാറ്റിലിവർ എന്നീ രോഗങ്ങൾ പിടികൂടുകയും ചെയ്യും. കരൾ മാത്രമല്ല നശിക്കുക തലച്ചോ റിന്റെ പ്രവർത്തനങ്ങൾ അതിവേഗം തകരാറിലാവുകയും തലച്ചോറിലെ കോശങ്ങൾ ഘട്ടംഘട്ടമായി നശിക്കുകയും ചെയ്യും. ഓർമ്മക്കുറവ്, ഉറക്കം കുറയുക, അമിതമായ ഉത്ക്കണ്ഠ, പരിസരബോധം നഷ്ട

പ്പെടൽ, ഉദരരോഗങ്ങൾ, പ്രമേഹം, ക്യാൻസർ, പിത്താശയ വീക്കം, കാഴ്ചക്കുറവ്, വൃക്കകളുടെ തകരാർ, എന്നിവയിലൂടെ ക്രമേണ മദ്യം മനുഷ്യനെ വിഴുങ്ങുന്നു.

മദ്യം കഴിക്കുന്ന കുട്ടികളും യുവജനങ്ങളും ഗുരുതരമായ തിന്മയ്ക്ക് വിധേയരാകുന്നു. ഹിമാചൽപ്രദേശിലെ ഡോ. രാജേന്ദ്ര പ്രസാദ് മെഡിക്കൽ കോളേജിൽ 4-ാം വർഷ വിദ്യാർത്ഥികൾ ഒന്നാംവർഷ മെഡിക്കൽ വിദ്യാർത്ഥിയായ അമൽകെയെ കൊലചെയ്തത് മദ്യലഹരിയിലായിരുന്നു. ആന്ധ്രാപ്രദേശിലെ അഗ്രികൾചറൽ കോളേജിലെ മൂന്ന് സീനിയർ ആൺകുട്ടികൾ ഒന്നാംവർഷ പെൺകുട്ടിയോട് നഗ്നനൃത്തം ചെയ്യാനാവശ്യപ്പെട്ടത് മദ്യം കഴിച്ച് മദം ഇളകിയപ്പോഴായിരുന്നു. ആ പെൺകുട്ടി പിന്നീട് ആത്മഹത്യ ചെയ്തു. വയനാട്ടിലെ പുൽപ്പള്ളി ജയശ്രീ സ്കൂളിലെ ആൺകുട്ടി കൂട്ടുകാരിയേയും കൂട്ടി ഗുണ്ടൽപേട്ടിൽ പോയി അവിടെ വച്ച് അവളെ കൊലപ്പെടുത്തി. അവൻ മദ്യപാനത്തിന് അടിമയായിരുന്നുവെന്ന് പത്രമാധ്യമങ്ങൾ വെളിപ്പെടുത്തി. മദ്യത്തിനു അടിമകളായ കൗമാര യുവജനങ്ങൾ തിന്മയുടെ ചുഴിയിൽ കിടന്ന് പുറത്ത് കടക്കാനാവാതെ വട്ടം തിരിയുമ്പോൾ മനസാക്ഷിയുള്ള സംസ്കാര സമൂഹം ഉണർന്നെഴുന്നേൽക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

**എന്തുകൊണ്ട് ലഹരി പദാർത്ഥങ്ങൾ നമ്മൾ ഉപയോഗിക്കാൻ പാടില്ല.**

1. ഒന്നാമതായി ഞാൻ നിന്നെ നശിപ്പിക്കും എന്ന് ലഹരി വസ്തുക്കൾ തന്നെ മുന്നറിയിപ്പ് നൽകുന്നു. ലഹരി പദാർത്ഥങ്ങൾ ആർക്കും ഇന്നേവരെ ഉപകാരപ്രദമായി തീർന്നിട്ടില്ലാത്തതുകൊണ്ടും പലർക്കും നാശത്തിന് കാരണമായതുകൊണ്ടും ലഹരി പദാർത്ഥങ്ങൾ ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ് അത് ഉത്പാദിപ്പിക്കുന്നവർ തന്നെ നൽകുന്നു. പുകവലി ക്യാൻസറിനു കാരണമാകുന്നു, മദ്യപാനം ആരോഗ്യത്തിനു ഹാനികരം തുടങ്ങിയ മുന്നറിയിപ്പുകൾ അത് ഉപയോഗിക്കുന്നവരെ മരണത്തിലേയ്ക്കും അടിമത്വത്തിലേയക്കും കൊണ്ടുപോകും എന്നതു കൊണ്ടുതന്നെ ഇവ ഉപയോഗിക്കാൻ പാടില്ല.

2. രണ്ടാമതായി ലഹരി ഉപയോഗിക്കുന്നവർ പറയുന്നു ഇത് നിന്നെ നശിപ്പിക്കും. ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവർക്ക് നല്ല വ്യക്തിത്വം, വിദ്യാഭ്യാസം, ഭാവി, കുടുംബജീവിതം, സാമൂഹ്യബന്ധങ്ങൾ, ജോലി ഇതെല്ലാം നഷ്ടപ്പെട്ട് സ്വയം നശിക്കുന്നു. പ്രശസ്തരായ സിനിമ-കായിക താരങ്ങൾ, സെലിബ്രറ്റികൾ, മ്യൂസീഷ്യൻസ് എന്നിവർ പറയുന്നു, ഞാൻ ലഹരി വസ്തുക്കൾ മൂലം നശിച്ചു, ഇനി നിങ്ങൾ

നശിക്കരുത്. രാജ്യങ്ങളുടേയും കുടുംബങ്ങളുടേയും വ്യക്തികളുടേയും ചരിത്രം ലഹരി ഉപയോഗിക്കരുത് എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

3. മൂന്നാമതായി ലഹരി വസ്തുക്കളുടെ ഉപയോഗം ഗൗരവമേറിയ പാപമാണെന്ന് കത്തോലിക്കാസഭയുടെ പ്രബോധനം വ്യക്തമായി പഠിപ്പിക്കുന്നു.

ലഹരിക്കടിമകളാകുന്നവരുടെ സത്വബോധം നഷ്ടപ്പെട്ട് അധഃപതിക്കുന്നു. ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ (ഉത്പത്തി 1.26) സവിശേഷത നിറഞ്ഞതാണെന്നും ആന്തരികവും അനന്യത ഉള്ളതും ആവർത്തിക്കപ്പെടാത്തതുമാണെന്ന സത്യം ലഹരിക്കടിമകളായവർ വിസ്മരിക്കുന്നു. പോൾ ആറാമൻ മാർപാപ്പ ഈ കാര്യം കൂടുതൽ വ്യക്തമാക്കുന്നു. മനുഷ്യ മഹത്വം തന്നെ അപകടത്തിലായിരിക്കുന്നു. ഇവിടെ ഒരു വ്യക്തി അവന്റെ ഇച്ഛയും ബുദ്ധിയും ഉപയോഗപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നു. ഒരു മനുഷ്യ വ്യക്തി എന്ന നിലയിൽ അവന്റെ അഥവാ അവളുടെ ശരിയായ ദൗത്യം നിറവേറ്റുന്നതിനും തദ്വാര ഉന്നതമായ ആത്മീയമായ ലക്ഷ്യം നേടുന്നതിനും ഇത് തടസ്സപ്പെടുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ശരീരത്തിന്റെ സമഗ്രത കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കൃത്യമായ പ്രബോധനം നൽകുന്നു. ദൈവം നമ്മെ ഏല്പിച്ച വിലപ്പെട്ട ദാനങ്ങളാണു ജീവനും ശാരീരിക ആരോഗ്യവും (ccc 2288). ലഹരിവസ്തുക്കളുടെ ഉപയോഗം മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും ഗൗരവമുള്ള നാശമുളവാക്കുന്നു (ccc 2291). മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും കൊല്ലരുത് എന്ന പ്രമാണത്തിന്റെ നഗ്നമായ ലംഘനമാണെന്ന് സ്വയം മരിക്കുകയും മറ്റുള്ളവരെ കൊലയ്ക്ക് ഏല്പിച്ച് കൊടുക്കുകയും ചെയ്യുന്നവർ അറിയണം. ഓരോ വ്യക്തിയും ദൈവത്തിന്റെ ആലയമാണ്. ഈ ആലയം പരിശുദ്ധമാണ്. ദൈവത്തിന്റെ ആലയം ലഹരി വസ്തുക്കളുടെ ഗുഹയാക്കി മാറ്റാൻ പാടില്ല.

മാത്രവുമല്ല, ലഹരിവസ്തുക്കളായ മയക്കുമരുന്നുകൾ, പാൻമസാല, പുകവലി, മദ്യപാനം – ആർക്കും നന്മചെയ്തിട്ടില്ല. ഇവ മൂലം ആരും നല്ലവരായിട്ടില്ല. ഇവ ഉപയോഗിക്കുന്നതുമൂലം മാതാപിതാക്കളോ, ജീവിതപങ്കാളികളോ, ഗുരുക്കന്മാരോ, യഥാർത്ഥ സുഹൃത്തുക്കളോ സന്തോഷിച്ചിട്ടില്ല. എന്നാലും മനുഷ്യൻ വീണ്ടും വീണ്ടും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നു. വി. ബൈബിൾ പറയുന്നു. "അഭിലാഷങ്ങൾക്ക് അടിമപ്പെടരുത്. അത് ഒരു കാളകൂറ്റനെപ്പോലെ നിന്നെ കുത്തിക്കീറും. നിന്റെ ഇലകൾ ഭക്ഷിക്കുകയും നിന്റെ ഫലങ്ങൾ

നശിപ്പിക്കുകയും നീ ഒരു ഉണക്കമരമായിത്തീരുകയും ചെയ്യും.” (പ്രഭാ. 6:2–3). ലഹരി അഭിലാഷങ്ങൾക്ക് അടിപ്പെടാതെ ജീവിക്കാൻ വിദ്യാർത്ഥിക്കും യുവജനങ്ങൾക്കും കഴിയണം. നന്മയുടേയും സർഗ്ഗാത്മകതയുടേയും വേരുകൾ അറ്റും ജീവിതത്തിന്റെ നൈസർഗ്ഗികമായ കഴിവുകളാകുന്ന ഇലകൾ നഷ്ടപ്പെട്ടും മൂല്യങ്ങളുടെ ഫലങ്ങൾ കൊഴിഞ്ഞും ഉണങ്ങി ജീവിക്കാതെ ആറ്റുതീരത്തെ വൃക്ഷംപോലെ സത്ഭാവനയും സത്ചിന്തയും സത്പ്രവർത്തനങ്ങളുമുള്ള നിത്യഹരിത വൃക്ഷംപോലെ പടർന്ന് പന്തലിക്കാൻ കഴിയുമ്പോഴാണ് ലഹരിവിമുക്ത യൗവനം എന്ന ദർശനം സ്വാർത്ഥകമായി തീരുന്നത്.

**പ്രിയ യുവജന സുഹൃത്തുക്കളെ,**

നമുക്ക് ചുറ്റും ലഹരിയുടെ കമ്പോളങ്ങൾ ഇരുട്ട് പരത്തുമ്പോൾ മിഴി തുറക്കാൻ വൈകുന്നതെന്തേ? ഞാൻ മിഴികൾ പൂട്ടിയതുകൊണ്ട്, ഞാൻ കരങ്ങൾ നീട്ടാത്തതുകൊണ്ട്, അധരം തുറക്കാത്തതുകൊണ്ട്, എന്റെ പാദം പുറകോട്ട് വലിച്ചതുകൊണ്ട്, എത്രയോ ജീവിതങ്ങളെ ലഹരി വിഴുങ്ങിക്കളഞ്ഞു. ഇനിയും വൈകുന്നതെന്തിന്. ഉണരൂ യുവ സുഹൃത്തേ.

മാനന്തവാടി രൂപത കെ.സി.വൈ.എം. ലഹരി ഉപയോഗത്തിനെതിരെ ബോധവത്ക്കരണ പടച്ചട്ട അണിയാനും ലഹരി വർജ്ജിക്കാനുള്ള നിശ്ചയ ദാർഢ്യത്തിന്റെ ആയുധങ്ങൾ ധരിക്കാനും എല്ലാം യുവജനങ്ങളേയും ആഹ്വാനം ചെയ്യുന്നു.

യുവജനദിനാശംസകൾ നേർന്നുകൊണ്ട് യേശുവിൽ,

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
കെ.സി.വൈ.എം. രൂപതാ ഡയറക്ടർ

## ‘ആത്മജ്വാല 2014’ പന്തക്കുസ്താ ജാഗരണ പ്രാർത്ഥന

ലോകത്തിന്റെ അതിർത്തികളോളം വചനത്തിന്റെ അഗ്നിയുമായി സഞ്ചരിച്ച് ക്രിസ്തുവിന്റെ സഭയെ പടുത്തുയർത്തുവാൻ ശിഷ്യഗണത്തെ പ്രാപ്തരാക്കി ‘പന്തക്കുസ്ത അനുഭവം’ സ്വന്തമാക്കുവാൻ മാനന്തവാടി രൂപതയിലെ യുവജനങ്ങൾ ഒരു രാവു മുഴുവൻ പ്രാർത്ഥനയിൽ ചെലവഴിച്ച ജാഗരണ പ്രാർത്ഥന ജൂൺ 7–ന് പട്ടാണികൂപ്പ് ഉണ്ണീശോ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. പ്രാർത്ഥനയും പഠനവും കോർത്തിണക്കിയ പ്രാർത്ഥനാരാവ് ആത്മീയ ഉണർവ്വും ശക്തിയും നേടുന്നതിന് യുവജനങ്ങളെ സഹായിച്ചു.

ജൂൺ 7 ശനിയാഴ്ച 7 pm ന് ആരംഭിച്ച പ്രാർത്ഥന മീറ്റിംഗിൽ പുൽപ്പള്ളി കെ.സി.വൈ.എം. മേഖലാ ഡയറക്ടർ റവ.ഫാ. റോബിൻ

പടിഞ്ഞാറയിൽ വചന പ്രതിഷ്ഠ നടത്തി വചനസന്ദേശം നൽകി. ശ്രീ. ബിബിൻ ചെമ്പക്കര അധ്യക്ഷത വഹിച്ചു. പട്ടാണികൂപ്പ് വികാരി റവ. ഫാ. തോമസ് ഒറ്റപ്ലാക്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ശ്രീ. ബിനോയ് പാനികുളം, അഖിൽ പ്ലാത്തോട്ടം, തുടങ്ങിയവർ ആശംസക ളർപ്പിച്ചു. ശ്രീ. ആന്റണി മങ്കടപ്ര സ്വാഗതവും കുമാരി ജ്യോത്സന തൈക്കൂട്ടം പുത്തൻപുര നന്ദിയും പറഞ്ഞു. തുടർന്നു നടന്ന 'തെയ്സെ' പ്രാർത്ഥനയ്ക്ക് ശ്രീ. ബിനോയ് പാനികുളം നേതൃത്വം നൽകി. യുവ ജനങ്ങൾക്കു വേണ്ടിയുള്ള ജാഗരണ പ്രാർത്ഥന റവ.ഫാ. ജെയ്സൺ കാഞ്ഞിരംപാറയിൽ എം.സി.ബി.എസ്. നയിച്ചു. റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അർപ്പിച്ച ദിവ്യബലിയോടെ ജാഗരണ പ്രാർത്ഥന സമാ പിച്ചു.

ജാഗരണ പ്രാർത്ഥനക്കാവശ്യമായ എല്ലാ ഒരുക്കങ്ങളും ചെയ്തു തന്ന തോമസച്ചനും ആനിമേറ്റർ സിസ്റ്ററിനും ഇടവകാജനത്തിനും പ്രത്യേകം നന്ദി പറയുന്നു. ജാഗരണ പ്രാർത്ഥനയിൽ ഇടവകകളിൽ നിന്നും യുവജനങ്ങളെ പങ്കെടുപ്പിച്ച ബഹു. ഡയറക്ടേഴ്സിനും ആനി മേറ്റേഴ്സിനും നന്ദി പറയുന്നു. ഏറ്റവും അധികം യുവജനങ്ങളെ പ്രാർത്ഥനയ്ക്കായി പറഞ്ഞയച്ച ഒണ്ടയങ്ങാടി യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളിക്കും ആനിമേറ്റർ സിസ്റ്ററിനും ഭാരവാ ഹികൾക്കും പ്രത്യേകം നന്ദി പറയുന്നു.

**ലിബർത്താസ് 2014**

ലഹരിവിമുക്ത വർഷത്തിൽ മാനന്തവാടി രൂപത കെ.സി.വൈ. എം. ലഹരിക്കെതിരെ നടത്തുന്ന 'ലിബർത്താസ് 2014' യുവജനറാലി, റോഡ്ഷോ, പൊതുസമ്മേളനം മാനന്തവാടിയിൽ ആരംഭിച്ചു. ജൂൺ 14 ശനിയാഴ്ച മാനന്തവാടി ടൗൺ ചർച്ച് അങ്കണത്തിൽ വച്ച് റവ.ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ ലഹരിവിമുക്തറാലി ഉദ്ഘാടനം ചെയ്തു. മാനന്തവാടി ടൗണിലൂടെ മുദ്രാവാക്യമുയർത്തി മുന്നേറിയ റാലിയിൽ, വൈദികർ, സമർപ്പിതർ, യുവജനങ്ങൾ തുടങ്ങി നൂറുകണക്കിനാളുകൾ പങ്കെടുത്തു. റാലിയുടെ സമാപനത്തിൽ പൊതുസമ്മേളനം ഗാന്ധി പാർക്കിൽ വച്ചു നടത്തുകയുണ്ടായി. വയനാട് ജില്ലാ പഞ്ചായത്ത് പ്രസി ഡന്റ് ശ്രീ. എൻ.കെ. റഷീദ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.സി. വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഏവർക്കും സ്വാഗതമരുളി. രൂപതാ പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര അധ്യക്ഷത വഹിച്ചു. രൂപതാമദ്യവിരുദ്ധ സമിതി ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി. മാനന്ത വാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സിൽവി തോമസ് സന്ദേശം

നൽകി. ശ്രീ. ജോസ് പള്ളത്ത് മുഖ്യപ്രഭാഷണം നടത്തി. ശ്രീ. സജിൻ ജോസ് ചാലിൽ, ലി. ലിൻസ എഫ്.സി.സി., എബിൻ മുട്ടപ്പള്ളി, ടോബി കൂട്ടുങ്കൽ, ജസ്റ്റിൻ കൂട്ടുങ്കൽ, നിഖിൽ ബേബി തുടങ്ങിയവർ പ്രസംഗിച്ചു.

**നന്ദിപൂർവ്വം**

മാനന്തവാടി രൂപത യുവജനപ്രസ്ഥാനത്തിന് കഴിഞ്ഞകാലങ്ങളിൽ മേഖലകളിൽ നേതൃത്വം നൽകുകയും പ്രവർത്തനങ്ങളെ ഉർജ്ജസ്വലമാക്കുകയും ചെയ്ത റവ.ഫാ. റെജി മുതുകത്താനിയിൽ, റവ.ഫാ. ഡെന്നീസ് പൂവത്തിങ്കൽ, റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, റവ.ഫാ. ജോസ്മരിയദാസ് പാലയ്ക്കാത്തടത്തിൽ, റവ.ഫാ. ജോജോ ഔസേപ്പുപറമ്പിൽ, സി. ലിസി എസ്.സി.വി., സി. ഷാന്റി എസ്.കെ.ഡി., സി. അനിതാ ടോം എസ്.എച്ച്, എന്നിവർ മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സ്ഥാനത്തുനിന്നും മാറിപോകുകയാണ്. ഇവർ നൽകിയ സേവനങ്ങൾക്കും നേതൃത്വത്തിനും ഹൃദയംനിറഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു. പുതിയ പ്രവർത്തനമേഖലകളിൽ എല്ലാ നന്മകളും ആശംസിക്കുന്നു.

**യുവജനദിനം-ജൂലൈ 6**

ഈ വർഷം ജൂലൈ 6 യുവജനദിനമായി നമ്മൾ ആചരിക്കുന്നു. രൂപതാതല യുവജനദിനാചരണം കൽപ്പറ്റ മേഖലയിലെ നെടുമ്പാല യൂണിറ്റിൽ വച്ച് നടത്തപ്പെടുന്നതാണ്.

**രൂപതാ അർദ്ധവാർഷിക സെനറ്റ് - ജൂലൈ 12**

കെ.സി.വൈ.എം. രൂപതാ അർദ്ധവാർഷിക സെനറ്റ് ജൂലൈ 12-ന് ശനിയാഴ്ച 9.30 മുതൽ 3.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു. എല്ലാ മേഖലാഭാരവാഹികളും, രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളും നിർബന്ധമായും സെനറ്റിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. അർദ്ധവാർഷികസെനറ്റ് നടത്താത്ത മേഖലകൾ എത്രയും പെട്ടെന്ന് സെനറ്റ് വിളിച്ചുകൂട്ടി റിപ്പോർട്ട് പാസ്സാക്കി രൂപത അർദ്ധവാർഷിക സെനറ്റിൽ അവതരിപ്പിക്കേണ്ടതാണ്.

**പ്രചോദിനി - രൂപതവനിതാ സംഗമം 2014**

2014 വർഷത്തെ രൂപത വനിതാസംഗമം ജൂലൈ 26 ശനിയാഴ്ച രാവിലെ 9.00 ന് മാനന്തവാടി ടൗൺചർച്ചിൽ വച്ച് നടത്തപ്പെടുന്നതാണ്. സംഗമത്തിൽ യൂണിറ്റിൽ നിന്നും എല്ലാ യുവതികളെയും പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ആനിമ 2014**

മേഖല, യൂണിറ്റ് തലങ്ങളിൽ സംഘടനയെ നയിച്ചുകൊണ്ടിരി

ക്കുന്ന ആനിമേറ്റർമാരുടെ സംഗമം 'ആനിമ 2014' മാനന്തവാടി ടൗൺ ചർച്ചിൽ വച്ച് നടക്കും. രാവിലെ 9 മണിക്ക് രജിസ്ട്രേഷനും തുടർന്ന് ക്ലാസുകളും ചർച്ചയും. എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കുമല്ലോ.

**ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റിംഗ്**

ജൂൺ 18 ന് എറണാകുളം പി.ഒ.സി. യിൽ വച്ചു നടന്ന കെ.സി. വൈ.എം. ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗിൽ രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കലും രൂപതാ ആനിമേറ്റർ സി. ലിൻസ എഫ്.സി.സി.യും പങ്കെടുത്തു.

**യൂണിറ്റ്, മേഖല ആനിമേറ്റേഴ്സ് സംഗമം**

ഇടവകകൾ കേന്ദ്രീകരിച്ച് മുഴുവൻ യുവതീയുവാക്കളിലേക്കും വൈവാഹികസംഗമ ഉദ്ദേശം എത്തിക്കുക എന്ന ലക്ഷ്യത്തോടെ യൂണിറ്റ്, മേഖല ആനിമേറ്റേഴ്സിന്റെയും മേഖലാ വനിതാ ഭാരാവാഹികളുടെയും റീജിയണൽ തലത്തിലുള്ള സംഗമം ജൂൺ 2, 3, 4 തീയതികളിലായി മാനന്തവാടി, കൽപ്പറ്റ, മണിമൂളി തുടങ്ങിയ സെന്ററുകളിൽ വച്ചു നടന്നു. താൽപര്യത്തോടെ പങ്കെടുക്കുകയും ഇതിനാവശ്യമായ സഹകരണങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്ന ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും വനിതാഭാരവാഹികൾക്കും നന്ദി പറയുന്നു.

**ആശംസകൾ**

മുൻവർഷങ്ങളിൽ കെ.സി.വൈ.എം. രൂപതാ വൈസ് പ്രസിഡണ്ട്, സംസ്ഥാന സിൻഡിക്കേറ്റ് അംഗം തുടങ്ങിയ സ്ഥാനങ്ങൾ വഹിക്കുകയും യുവജന പ്രസ്ഥാനത്തെ സജീവമായ പ്രവർത്തനങ്ങൾകൊണ്ട് നയിക്കുകയും ചെയ്ത് വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഫ്രെൻസി മണ്ണിശ്ശേരിക്കും വരനും കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാ കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സഹരക്ഷാധികാരി മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ മാതാവിന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ യൂണിറ്റ്**

ഇടവകയിലെ കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിനു ശേഷമുള്ള കാപ്പി സൽക്കാരം കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ

നടത്തി. ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോകുന്ന വികാരിയച്ചനും, കൊച്ചച്ചനും സിസ്റ്റേഴ്സിനും യാത്രയയപ്പു നൽകി.

**പുൽപ്പള്ളി യൂണിറ്റ്**

അഞ്ചാംക്ലാസുമുതൽ വേദപാഠം പഠിക്കുന്ന കുട്ടികൾക്കായി 'ലഹരിവിരുദ്ധവർഷം' എന്ന വിഷയത്തെ ആസ്പദമാക്കി വചനചാർട്ടു നിർമ്മാണ മത്സരം നടത്തി. യുവജനങ്ങൾ വിവിധ ധ്യാനകേന്ദ്രങ്ങളിൽ പോയി ധ്യാനിച്ച് പുതുചൈതന്യം നേടി.

**പയ്യമ്പള്ളി യൂണിറ്റ്**

കെ.സി.വൈ.എം. പയ്യമ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ മറ്റ് ഇടവകകളെകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ലഹരിവിരുദ്ധ ചിത്രരചനാ മത്സരം നടത്തി. മത്തായി ഇളയിടം പയ്യമ്പള്ളി, നോയൽ മാത്യു കബനിഗിരി, അരുൺ എം.എസ്. ആറാട്ടുതറ, തുടങ്ങിയവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**കുറുമണി യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങൾ മുൻകൈ എടുത്ത് രോഗികളും വൃദ്ധരുമായ മാതാപിതാക്കളെ ദേവാലയത്തിലെത്തിച്ച് കുമ്പസാരത്തിനും കുർബാനക്കും പങ്കെടുക്കാൻ സഹായിച്ചു. അവർക്കായി സ്നേഹവിരുന്ന് നടത്തി. അവരെ ആദരിച്ച് കൊന്ത നൽകി. ഒരു വിധവയുടെ ഇടിഞ്ഞുപോയ വീടിന്റെ ഭിത്തി നിർമ്മിച്ചു നൽകി.

**ദ്വാരക യൂണിറ്റ്**

മെയ് 5, 6, 7 തീയതികളിൽ ത്രിദിന സഹവാസ ക്യാമ്പ് നടത്തി. റവ.ഫാ. റ്റോബി എസ്.ജെ. ക്യാമ്പിന് നേതൃത്വം നൽകി. 70 ഓളം അംഗങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോയ് തുരുത്തേലിനും ആനിമേറ്റർ സി. മേരി ജോസിനും യാത്രയയപ്പു നൽകി.

**മുണ്ടേരി യൂണിറ്റ്**

ഇടവകയിലെ ആത്മീയ പുരോഗതിയെ ലക്ഷ്യമാക്കി എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ദേവാലയത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. യുവജനകൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനായി പള്ളി ഗ്രൗണ്ടിൽ വോളിബോൾ പരിശീലനം നടത്തിവരുന്നു.

**പോരൂർ യൂണിറ്റ്**

വനിതാദിനം ആചരിച്ചു. ഏറ്റവും പ്രായംകൂടിയവരും എന്നും പള്ളിയിൽ വരുന്നവരുമായ മൂന്നു വനിതകളെ ആദരിച്ചു. ഫണ്ടു ശേഖരണാർത്ഥം വീടുകളിൽ കയറിയിറങ്ങി ആക്രിസാധനങ്ങൾ ശേഖരിക്കുകയും വിറ്റുകിട്ടിയ തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി

ഉപയോഗിക്കുകയും ചെയ്തു. ജൂൺ 5 ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുർബാനയ്ക്കുശേഷം യുവജനങ്ങൾ പള്ളിയും പരിസരവും വൃത്തിയാക്കി. വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.

**പഴൂർ യൂണിറ്റ്**

വേളാങ്കണ്ണി തീർത്ഥാടനം നടത്തി. യൂണിറ്റിലെ കെ.സി.വൈ.എമ്മിന്റെ സജീവ പ്രവർത്തകയായ കൊച്ചുറാണിയുടെ വിവാഹത്തിൽ പങ്കെടുക്കുകയും മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു. ബഹു. വിൻസെന്റ് പുതുശ്ശേരി അച്ചന്റെ എൻ.ആർ.പുരയിൽ വച്ചു നടത്തിയ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു. കെ.സി.വൈ.എം. ആനിമേറ്റർ സി. ലിറ്റിൽ മേരിക്ക് യാത്രയയപ്പു നൽകി.

**കൽപ്പറ്റ യൂണിറ്റ്**

മാതൃസംഘത്തിലെ അംഗങ്ങളോടു ചേർന്ന് യുവജനങ്ങൾ ആക്രിക്കച്ചവടം നടത്തി ഫണ്ടുസ്വരൂപിച്ചു. യുവജനങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി പ്രസിദ്ധീകരിക്കുന്ന യുവധ്വനിയുടെ 5-ാം ലക്കം പുറത്തിറക്കി. വികാരിയച്ചൻ ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചന് യാത്രയയപ്പു നൽകി. കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ സെമിത്തേരി വൃത്തിയാക്കി. പുകയില വിരുദ്ധദിനത്തിൽ സംഘടിപ്പിച്ച റാലിയിൽ യൂണിറ്റിൽ നിന്നും 17 യുവജനങ്ങൾ പങ്കെടുത്തു.

**സിബിൻ പാലമൂട്ടിൽ**
KCYM രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്

ദ്വാരക പാസ്റ്ററൽ സെന്ററിൽ മെയ് 30 മുതൽ ജൂൺ 2 വരെ നടന്ന കോഴ്സിൽ 104 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദീകർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

### അടുത്ത മാസത്തിലെ കോഴ്സുകൾ

| | |
|---|---|
| ജൂലൈ 18 – 21 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 3–6 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 15–18 | – പാസ്റ്ററൽ സെന്റർ മണിമൂളി |
| ആഗസ്റ്റ് 22–25 | – പാസ്റ്ററൽ സെന്റർ ദ്വാരക |

### പ്രത്യേക ശ്രദ്ധയ്ക്ക്

ആഗസ്റ്റ് 15 മുതൽ 18 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നും കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് 15–18 ന്റെ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണേ.

## കത്തോലിക്കാ മാതൃസംഘടന

10–6–2014 –ന് ഡയറക്ടർ മാത്യു പെരിയപ്പുറം അച്ചന്റെ നേതൃത്വത്തിൽ മാതൃസംഘടനയുടെ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. റവ.സി. സബീന SABS സ്വാഗതം ആശംസിച്ചു. സെക്രട്ടറിയുടെ റിപ്പോർട്ട് അവതരണത്തിനുശേഷം ആനിമേറ്റർ സി.ടെസീന SABS –ന് യാത്രയയപ്പ് നൽകി. രൂപതാ കുടുംബപ്രേഷിതത്വത്തിന് വിശിഷ്യ മാതൃസംഘടനയ്ക്ക് നൽകിയ നിസ്തുല സേവനങ്ങളെ എക്സിക്യൂട്ടീവ് അംഗങ്ങൾ മുക്തകണ്ഠം പ്രശംസിച്ചു. പുതിയ ആനിമേറ്റർ സി. കൃപ SABS –നെ രൂപതാ ഡയറക്ടറും ടീമംഗങ്ങളും സ്വാഗതം ചെയ്തു.

തുടർന്ന് ജൂലൈ 29 –ന് നടക്കുന്ന സംയുക്ത എക്സിക്യൂട്ടീവ് മീറ്റിം ഗിനെപ്പറ്റിയുള്ള ചർച്ച നടത്തി.

**നന്ദിയോടെ**

കഴിഞ്ഞ അഞ്ചു വർഷം CMA രൂപതാ ആനിമേറ്ററായി സേവനം ചെയ്ത സി.ടെസീന SABS ന് ഹൃദയംനിറഞ്ഞ നന്ദി. സി. ടെസീനയുടെ സേവനങ്ങളും, ഇടപെടലുകളും മാതൃസംഘടനക്ക് പുതിയ ദിശാബോധവും ഉണർവ്വും നൽകി. നന്ദി

**നന്ദി സ്വാഗതം**

കഴിഞ്ഞ വർഷങ്ങളിൽ വിവിധ മേഖലകളിൽ ഫാമിലി അപ്പോ സ്റ്റലേറ്റ് മേഖലാ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന റവ.ഫാ. സെബാസ്റ്റ്യൻ പാലക്കീൽ (തരിയോട്), റവ.ഫാ.ജോസഫ് വയലിൽ CMI (കൽപറ്റ), റവ.ഫാ.മാർട്ടിൻ പുതുശ്ശേരി (മാനന്തവാടി), റവ.ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ (കല്ലോടി) എന്നിവരെ നന്ദിയോടെ ഓർക്കുന്നു. പുതിയ പ്രവർത്തന മേഖലകളിൽ പ്രാർത്ഥന നിർഭരമായ ആശംസകൾ നേരുന്നു. പുതിയ മേഖലാ ഡയറക്ടർമാരായി ഉത്തര വാദിത്വം ഏറ്റെടുത്തിരിക്കുന്ന റവ. ഫാ. തോമസ് പരുന്തനോലിൽ (കൽപറ്റ), റവ.ഫാ. ജോസ് കപ്യാരുമലയിൽ(കല്ലോടി), റവ.ഫാ. അഗസ്റ്റിൻ ചേമ്പാല (തരിയോട്), റവ.ഫാ. മൈക്കിൾ വടക്കേമുളഞ്ഞ നാൽ (മാനന്തവാടി) എന്നിവർക്ക് രൂപതാ കുടുംബപ്രേഷിതത്വ പ്രവർത്തന കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതവും വിജയാശം സകളും.

**മാനന്തവാടി മേഖല**

14.5.2014 –ന് പേര്യ ഇടവകയിൽ മാനന്തവാടി മേഖല എക്സി ക്യൂട്ടീവ് ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ചേർന്നു. ഒരുവർഷം മേഖലാ ഡയറക്ടറായി സേവനം ചെയ്ത് കാവുംമന്ദം ഇടവക വികാ രിയായി സ്ഥലം മാറിപ്പോകുന്ന ബഹു. മാർട്ടിൻ പുതുശ്ശേരിയച്ചന് യാത്ര യയപ്പ് നൽകി. അച്ചൻ മാതൃസംഘടനയ്ക്ക് നൽകിയ സ്തുത്യർഹ മായ സേവനങ്ങൾക്ക് നന്ദിയർപ്പിച്ചു. കണക്ക്, റിപ്പോർട്ട് എന്നിവ വായിച്ച് പാസാക്കി.

**ചുങ്കക്കുന്ന്**

ഭാരവാഹികൾ: പ്രസിഡന്റ്: സിജി ജെയിസ് കണ്ണന്താനം, വൈസ്പ്രസിഡന്റ്: മിനി തങ്കച്ചൻ കൊട്ടാരം, സെക്രട്ടറി: മേഴ്സി ജോർജ്, ജോയിന്റ്സെക്രട്ടറി: വത്സമ്മ സ്റ്റാനി തട്ടാപറമ്പിൽ, ട്രഷറർ: വിമല നമ്പുടാകം കൗൺസിലേഴ്സായി ത്രേസ്യാമ്മ ജയിംസ് കാട്ടി ക്കുന്നേൽ, ഷൈനി ബിനോയി കുന്നാണ്ടത്ത്, ഡെയ്സി മുള്ളൂർ, ഷൈനി പുതുശ്ശേരി എന്നിവരെ തിരഞ്ഞെടുത്തു.

**പുതിയിടംകുന്ന്**

ജീവകാരുണ്യ പ്രനർത്തനങ്ങളുടെ ഭാഗമായി യൂണിറ്റുകളിൽ നിന്നും പിടിയരി, പച്ചക്കറി, പണം എന്നിവ സമാഹരിക്കുകയും മാനന്തവാടി ഗവ.ആശുപത്രിയിലെ പാവപ്പെട്ട രോഗികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കി നൽകുകയും രോഗിസന്ദർശനം നടത്തുകയും ചെയ്തു. 'സാന്ത്വനം' ശുശ്രൂഷയുടെ ഭാഗമായി ഇടവകയിലെ ഒരു കിടപ്പു രോഗിയെ സന്ദർശിച്ച് ഷാൾ നൽകി.

**യവനാർകുളം**

ഭാരവാഹികൾ: ഡയറക്ടർ: റവ. ഫാ.ജിമ്മി മൂലയിൽ, ആനിമേറ്റർ: സി.ലിറ്റി MLF, പ്രസിഡന്റ്: ലൈസ ജോയി, വൈസ്പ്രസിഡന്റ്: വത്സ ജോണി, സെക്രട്ടറി: ഷേർളി ജോസ്, ജോയിന്റ്സെക്രട്ടറി: ഷേർളി അബ്രാഹം, ട്രഷറർ: റൂബി കരിമ്പനാക്കുഴിയിൽ.

**ഇടിവണ്ണ**

എല്ലാ ഞായറാഴ്ചകളിലും വി. ബലിക്ക് മുമ്പായി ജപമാലയും ദിവ്യകാരുണ്യ ആരാധനയും നടത്തുന്നു. 14.5.2014 –ന് എക്സിക്യൂട്ടീവ് ചേർന്നു. ലഹരി വിമുക്ത വർഷത്തിൽ രൂപതയോട് ചേർന്ന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാമെന്ന് ചർച്ച ചെയ്തു. 30.5.2014 –ന് ഇടവകയിലെ മുഴുവൻ അമ്മമാർക്കുമായി സെമിനാർ നടത്തി. ലഹരി വിമുക്ത വർഷത്തിൽ '26'പേരടങ്ങുന്ന ഒരു പ്രാർത്ഥനാ ഗ്രൂപ്പ് രൂപീകരിച്ച് ചെയിൻ റോസറി നടത്തുന്നു.

**മുണ്ടേരി**

എല്ലാ വെള്ളിയാഴ്ചകളിലും കാഴ്ച്ചവയ്പ്പ് നടത്തി 25000/– രൂപ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സമാഹരിച്ചു. ആദ്യകുർബ്ബാന സ്വീകരിച്ച പാവപ്പെട്ട ഒരു കുട്ടിക്ക് സഹായവും, ഇടവകയിലെ ഒരു കുടുംബത്തിന് എല്ലാ മാസവും ധനസഹായവും നൽകി വരുന്നു. കഴിഞ്ഞ നാല് വർഷക്കാലം സംഘടനയെ ശക്തമായി നയിച്ച ബഹു. ബിനോയി കാശാംകുറ്റിയിലച്ചന് യാത്രയയപ്പ് നൽകി. പുതിയ യൂണിറ്റ് ഡയറക്ടർ ബഹു. റെജി മുതുകത്താനിയച്ചനെ സ്വാഗതം ചെയ്തു.

**ഏകസ്ഥ കൂട്ടായ്മ**

17 –ാം തിയ്യതി ഏകസ്ഥ കൂട്ടായ്മ നടന്നു. പ്രാർത്ഥന, ക്ലാസ്, ചർച്ച എന്നിവ നടത്തി. അടുത്ത മീറ്റിംഗ് ജൂലൈ 22–ന്.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിമൻസ് കമ്മീഷൻ

21-6-2014 -ന് വിമൻസ് കമ്മീഷന്റെ രൂപതാ എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചന്റെ അധ്യക്ഷതയിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. യോഗത്തിൽ കഴിഞ്ഞ വർഷം വിമൻസ് കമ്മീഷൻ നടത്തിയ 'സഹയാത്രിക'(വിധവാ സംഗമം) ഫലപ്രദമായി പൂർത്തിയാക്കാൻ കഴിഞ്ഞതായി വിലയിരുത്തി. മാർഗരേഖയുടെ പ്രകാശനം, ഫണ്ട് രൂപീകരണം, ലഹരിവിമുക്ത വർഷാചരണത്തിൽ വിമൻസ് കമ്മീഷന്റെ പങ്കാളിത്തം, ഈ പ്രവർത്തന വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഇവയെക്കുറിച്ച് ചർച്ച ചെയ്തു. സ്കൂളുകൾ കേന്ദ്രീകരിച്ച് മാതാപിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. ഇതിലേക്കായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഒരു വർക്ക്ഷോപ്പ് ജൂലൈ 30-ാം തീയതി ഉച്ചകഴിഞ്ഞ് സംഘടിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, വിമൻസ്കമ്മീഷൻ

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണ് തന്റെ ഭക്തരോട് അവിടുന്ന് കാണിക്കുന്ന കാരുണ്യം" (സങ്കീ. 103:11).

ജൂണിലെ ആദ്യശനിയുടെ തലേദിവസം സോണൽ മീറ്റിംഗിന് ശുശ്രൂഷകർ ഒരുമിച്ച് ചേർന്നു. കുരിശിന്റെ വഴി, ആരാധന എന്നിവയ്ക്കു ശേഷം 12 മണിക്ക് ബഹു. സോണി വാഴകാട്ട് അച്ചൻ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. പാപിയായ മനുഷ്യന്റെ വീണ്ടെടുപ്പിലൂടെയാണ് സ്വർഗ്ഗം സന്തോഷിക്കുന്നത്. രണ്ടുതരം പുത്രന്മാർ നമ്മളിലുണ്ട് അതിൽ ഈശോയെപ്പോലെ പ്രിയപുത്രനായി തീരാനാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ സോണൽ മീറ്റിംഗ് ആരംഭിച്ചു. ജീസസ് യൂത്ത് ഡയറക്ടറായി നിയമിതനായ സോണിയച്ചനും പുതുതായി കടന്നുവന്ന സിസ്റ്റേഴ്സിനും, ശുശ്രൂകർക്കും സ്വാഗതവും, ആശംസകളും അർപ്പിച്ചു. 3 മണിക്ക് മീറ്റിംഗ് അവസാനിപ്പിച്ച് എൽഡറിംഗിനായി എല്ലാവരും പോയി.

**ജാഗരണ പ്രാർത്ഥന**

"കർത്താവിനെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീ 40:4). 6.30 ന് ജപമാലയോടുകൂടി പ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് ബഹു. റെജി കമില്ലസ് അച്ചൻ വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ഭക്ഷണശേഷം കുരിശിന്റെ വഴി, ആരാധന എന്നിവ 12 മണി വരെ ബഹു. അഗസ്റ്റിനച്ചന്റെ നേതൃത്വത്തിൽ നടത്തി. 12 മണിക്ക് വിശ്രമത്തിനായി പോയി.

**ആദ്യശനി - ഏകദിന കൺവെൻഷൻ**

"മുമ്പിലും പിമ്പിലും അവിടുന്ന് എനിക്കു കാവൽ നിൽക്കുന്നു. അവിടുത്തെ കരം എന്റെ മേലുണ്ട്" (സങ്കീ 139:5)

6 മണിക്ക് ടീം പ്രാർത്ഥനയോടെ ഇന്നത്തെ ദിവസം ആരംഭിച്ചു. ജപമാലപ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവയ്ക്കുശേഷം ശുശ്രൂഷ

കൾക്കായി പോയി. 9 മണിക്ക് സപ്ര, ജപമാല എന്നിവയോടെ ശുശ്രൂഷകൾ ആരംഭിച്ചു. സ്തുതി ആരാധന ശ്രീ. ബേബി മൂത്തേടം നയിച്ചു. സാക്ഷ്യശുശ്രൂഷയ്ക്കുശേഷം 11 മണിക്ക് രൂപതാ സെമിനാരി റെക്ടർ ബഹു. തോമസ് കച്ചിറയിൽ അച്ചൻ വചനം പങ്കുവെച്ച് വി. ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. "ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ അവനിലാണ് ഒളിഞ്ഞു കിടക്കുന്നത്" (കൊളോ 2:3) എന്ന് ദൈവിക ജ്ഞാനത്താൽ നിറഞ്ഞ് എങ്ങനെ ജീവിക്കണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു. ലഘുഭക്ഷണശേഷം 2 മണിക്ക് ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ ബഹു. അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ നടത്തി. 3.30 ന് സന്തോഷത്തോടെ ദൈവമക്കൾ ഭവനങ്ങളിലേക്ക് മടങ്ങി.

**ദമ്പതികൂട്ടായ്മ**

"ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും" (ജോഷ. 24:15) 10 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ച ദമ്പതികൂട്ടായ്മയിൽ വചനശുശ്രൂഷ, വി. ബലി എന്നിവയ്ക്ക് നേതൃത്വം വഹിച്ചത് ബഹു. സണ്ണി മഠത്തിൽ അച്ചനാണ്. 3.30 ന് ശുശ്രൂഷകൾ അവസാനിപ്പിച്ചു.

**പൊതു കൗൺസിലിംഗ് ദിനം**

സീയോനിലെ കൗൺസിലേഴ്സ് വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി ഒരുങ്ങി ശനിയാഴ്ച കൗൺസിലിംഗ് നടത്തി. അനേകം ദൈവമക്കൾ കടന്നുവന്ന് സമാധാനം സ്വീകരിച്ച് മടങ്ങി. റവ. ഫാ. അഗസ്റ്റിൻ, റവ. ഫാ. മൈക്കിൾ എന്നിവർ നേതൃത്വം വഹിച്ചു.

**ജീസസ് യൂത്ത് കൂട്ടായ്മ**

രണ്ടാം വെള്ളിയാഴ്ച യുവജന ശുശ്രൂഷകർ ബഹു. അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി ഒരുങ്ങി. ശനിയാഴ്ച രാവിലെ 7 മണിക്ക് പ്രാർത്ഥിച്ച് ഒരുങ്ങി ശുശ്രൂഷകൾ ആരംഭിച്ചു. ജപമാലയ്ക്കുശേഷം പരിഹാര മനോഭാവത്തിൽ സീയോൻ ചാപ്പലിനു ചുറ്റും കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു. 10.45 ന് സി. ക്രിസ്റ്റി മരിയ SABS വചനം ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതെങ്ങനെയെന്ന് ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. അഗസ്റ്റിനച്ചൻ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ലഘുഭക്ഷണത്തിനുശേഷം ആക്ഷൻ സോങ്ങ് പഠിപ്പിച്ചു. 2.30 ന് ബഹു. അഗസ്റ്റിനച്ചൻ, സി. ക്രിസ്റ്റി എന്നിവരുടെ നേതൃത്വത്തിൽ ആരാധന നടത്തി. ബ്രദർ അനീഷ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**ക്രസ്റ്റീൻ ധ്യാനം**

മെയ് 25–29 തീയതികളിൽ ക്രിസ്റ്റീൻ കുട്ടികൾക്കായി നടത്തിയ ധ്യാനം ദൈവാനുഗ്രഹപ്രദമായിരുന്നു. ബഹു. അഗസ്റ്റിനച്ചൻ, സോണിയച്ചൻ, സി. ജെസ്സിൻ FCC, സി. സ്നോബി CMC, സി. ക്രിസ്റ്റി SABS, ശ്രീമതി മേരി തെനംകുഴി എന്നിവർ ക്ലാസ്സുകൾ നയിച്ചു. അജിത് വട്ടുകുളം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**ഏകദിന ധ്യാനം**

ബഹു. സോണിയച്ചന്റെ നേതൃത്വത്തിൽ ജയ്മാതാ ഓർഫണേജിൽ വച്ച് ഏകദിന ധ്യാനം നടത്തി. സി. ക്രിസ്റ്റി, അജിത് വട്ടുകുളം എന്നിവർ സഹായിച്ചു.

**ആന്തരിക സൗഖ്യധ്യാനം**

ജൂൺ 15–19 തീയതികളിൽ ആന്തരിക സൗഖ്യധ്യാനത്തിൽ 120 ദൈവമക്കൾ പങ്കെടുത്തു. കൃപയും, അഭിഷേകവും സ്വീകരിച്ച് യേശുവിനെ കർത്താവും നാഥനുമായി ഹൃദയത്തിൽ സ്വീകരിച്ച് ദൈവമക്കൾ ഭവനങ്ങളിലേക്ക് മടങ്ങി.

**സീയോൻ ജൂലൈ മാസത്തിൽ**

| | | |
|---|---|---|
| ജൂലൈ 4 | – | ആദ്യവെള്ളി – സോണൽ മീറ്റിംഗ് ജാഗരണപ്രാർത്ഥന |
| ജൂലൈ 5 ആദ്യശനി | – | ഏകദിനകൺവെൻഷൻ |
| ജൂലൈ 12 രണ്ടാംശനി | – | യുവജന കൂട്ടായ്മ, |
| | – | പൊതുകൗൺസിലിംഗ് ദിനം, |
| | – | ദമ്പതീകൂട്ടായ്മ |
| ജൂലൈ 18 മൂന്നാംവെള്ളി | – | ജാഗരണ പ്രാർത്ഥന |
| ജൂലൈ 26 നാലാംശനി | – | സൗഖ്യദിനം |
| ജൂലൈ 28 ആഗസ്റ്റ് 1 | – | ശുശ്രൂഷകരുടെ ധ്യാനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**

ഡയറക്ടർ സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ, സഹോദരങ്ങളെ,

"എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും".

കേരള സഭയുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനാ തിരുനാളിന്റെയും സഹനത്തിന്റെ പുത്രി എന്നറിയപ്പെടുന്ന വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും നേരുന്നു. കൂടാതെ ജൂലൈ മാസം ഈശോയുടെ തിരുരക്ത വണക്കത്തിന്റെ മാസം കൂടി ആണല്ലോ.

വർഷകാലരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചുകൊണ്ട് വേണം പരസ്നേഹപ്രവർത്തനങ്ങളിൽ വ്യാപൃതരാകുവാൻ എന്ന് എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരേയും ഓർമ്മിപ്പിക്കുകയാണ്.

വി. തോമാശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയിലും വി.അൽഫോൻസാമ്മയുടെ അചഞ്ചലഭക്തിയിലും ആശ്രയിച്ചുകൊണ്ട് ദത്തുകുടുംബ സന്ദർശനം, രോഗീസന്ദർശനം, അർഹരായ വ്യക്തികൾക്ക് സഹായഹസ്തം നൽകുക എന്നീ പ്രവർത്തനങ്ങളിൽ നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും സംഘടനയുടെ സ്ഥാപകനായ വാ. ഫ്രെഡറിക് ഓസ്സാനാമിന്റെയും മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് പ്രവർത്തനനിരതരാകാം.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മാനന്തവാടി സെൻട്രൽ കൗൺസിൽ ഇന്ന് 17 ഏരിയാ കൗൺസിലുകളിലായി 149 കോൺഫ്രൻസുകളിൽ 1202 പ്രവർത്തന അംഗങ്ങളുള്ള ഒരു ശക്തമായ ഭക്തസംഘടനയാണ് എന്നതാണ് കോൺഫ്രൻസുകളിൽ നിന്നും ഏസികളിൽ നിന്നും ലഭ്യമായ വാർഷിക റിപ്പോർട്ടുകളിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് എന്ന വസ്തുത അഭിമാനകരമാണ്.

പിന്നിട്ട നാളുകളിലെ പ്രവർത്തനങ്ങൾ വാർഷിക റിപ്പോർട്ടുകൾ പ്രകാരം വിശകലനം ചെയ്യുമ്പോൾ നമ്മുടെ പ്രവർത്തനം മികവുറ്റതാണെന്ന് അഭിമാനിക്കാൻ കഴിയുകയില്ല. കാരണം രോഗീസന്ദർശനം, ദത്തുകുടുംബ സന്ദർശനം എന്നിവയിൽ പ്രവർത്തകർക്ക് താല്പര്യം വളരെ കുറവാണ് എന്ന് മാത്രമല്ല ചില കോൺഫ്രൻസുകളിൽ ഇല്ല എന്ന വസ്തുത വളരെ വേദനാജനകമാണ്. വിൻസെൻഷ്യൻ പ്രവർത്തനങ്ങളുടെ അടിസ്ഥാന മൂല്യം തന്നെ വേരറ്റുപോകുന്നുവോ എന്ന് തോന്നുന്നു. കൂടാതെ സൊസൈറ്റിയുടെ അടിസ്ഥാന ഘടകമായ കോൺഫ്രൻസിന്റെ മുഖ്യവരുമാനമാർഗ്ഗം "രഹസ്യപിരിവ്" വളരെ തുച്ഛമാണ്. കോൺഫ്രൻസുകളിലെ പ്രതിവാരയോഗങ്ങളുടെ എണ്ണം, യോഗങ്ങളിലെ ഹാജർ, ദത്തുകുടുംബസഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയ മേഖലകളിൽ അവലോകനം ചെയ്യുമ്പോൾ നാം വളരെ പിന്നിലാണോ എന്നു തോന്നിപോകുന്ന രീതിയിലാണ് റിപ്പോർട്ടുകളിൽ കാണാൻ സാധിക്കുന്നത്. ഈ സ്ഥിതിയിൽ മാറ്റം വരുത്തണമെന്നും ഏസി പ്രസിഡണ്ടുമാർ, കോൺഫ്രൻസ് പ്രസിഡണ്ടുമാർ, പ്രവർത്തകാംഗങ്ങൾ ഒന്നിച്ച് സൊസൈറ്റിയുടെ വളർച്ചയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ, അതാത് കോൺഫ്രൻസുകളിലെ, ഏസികളിലെ ആത്മീയോപദേഷ്ടാക്കളുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിന് ത്യാഗമനോഭാവത്തോടെ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു.

**സിസി യോഗം**

മാനന്തവാടി സെൻട്രൽ കൗൺസിൽ ആത്മീയോപദേഷ്ടാവ് റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കലിന്റെ സാന്നിധ്യത്തിൽ ബ്രദർ തോമസ് മാങ്ങൻ, സിസി പ്രസിഡണ്ട്, അദ്ധ്യക്ഷതയിൽ 2014 ജൂൺ 7–ാം തീയതി ഓസ്സാനാംഭവനിൽ വെച്ച് സിസി യോഗം ചേർന്നു.

യോഗത്തിൽ ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിലേക്ക് ഒരു ഞായറാഴ്ച കളക്ഷൻ ഇത്വരെയും നൽകിയിട്ടില്ലാത്ത ദേവാലയങ്ങളിൽ നിന്ന് എത്രയും പെട്ടെന്ന് കളക്ഷൻ എടുത്ത് നൽകേണ്ടതിന് വേണ്ട നടപടികൾ അതത് കോൺഫ്രൻസ് പ്രസിഡണ്ടുമാർ ബഹു. വികാരിയച്ചന്മാരുമായി ചർച്ച ചെയ്ത് സ്വീകരിക്കേണ്ടതാണ്.

100 രൂപ വില വരുന്ന കോൺഫ്രൻസ് രജിസ്റ്റർ എല്ലാ കോൺഫ്രൻസുകളും വാങ്ങേണ്ടതാണ്.

വീൽ ചെയർ അർഹതപ്പെട്ടവർക്ക് എത്തിക്കുന്നതിന് കോൺഫ്രൻസ് പ്രസിഡണ്ടുമാർ പ്രത്യേകം താല്പര്യമെടുത്ത് ഒരു ഇടവകയിൽ ഒരെണ്ണമെങ്കിലും എന്ന തോതിൽ ഏസി പ്രസിഡണ്ടുമാരെ അറിയിക്കേണ്ടതാണ്.

സിസി ഭാരവാഹികൾ കോൺഫ്രൻസ് സന്ദർശനത്തിന് നിശ്ച യിച്ചിട്ടുള്ള തീയതികളിൽ തന്നെ കോൺഫ്രൻസ് സന്ദർശനം നടത്തും. ജൂലൈ മാസം മുതലുള്ള തീയതികൾ താഴെ ചേർക്കുന്നു:-

**ജൂലൈ**

a) 5-ാം തീയതി (5-7-2014) കൊട്ടിയൂർ ഏസിയിലെ കോൺഫ്രൻസുകൾ
b) 12-ാം തീയതി (12-7-2014) തോണിച്ചാൽ ഏസിയിലെ കോൺഫ്രൻസുകൾ
c) 19-ാം തീയതി (19-7-2014) ചുണ്ടക്കര ഏസി യിലെ കോൺഫ്രൻസുകൾ
d) 26-ാം തീയതി (26-7-2014) തരിയോട് ഏസി യിലെ കോൺഫ്രൻസുകൾ

**ആഗസ്റ്റ്**

e) 2-ാം തീയതി (2-8-2014) കുറുമ്പാല ഏസി യിലെ കോൺഫ്രൻസുകൾ
f) 9-ാം തീയതി (9-8-2014) നടവയൽ ഏസി യിലെ കോൺഫ്രൻസുകൾ
g) 16-ാം തീയതി (16-8-2014) കൽപ്പറ്റ ഏസി യിലെ കോൺഫ്രൻസുകൾ
h) 23-ാം തീയതി (23-8-2014) വാഴവറ്റ ഏസി യിലെ കോൺഫ്രൻസുകൾ
i) 30-ാം തീയതി (30-8-2014) ബത്തേരി ഏസി യിലെ കോൺഫ്രൻസുകൾ

**സെപ്റ്റംബർ**

j) 5-ാം തീയതി (5-9-2014) മണിമൂളി ഏസി യിലെ കോൺഫ്രൻസുകൾ
k) 6-ാം തീയതി (6-9-2014) നിലമ്പൂർ ഏസി യിലെ കോൺഫ്രൻസുകൾ
l) 13-ാം തീയതി (13-9-2014) ഗൂഡല്ലൂർ ഏസി യിലെ കോൺഫ്രൻസുകൾ
m) 20-ാം തീയതി (20-9-2014) പുൽപ്പള്ളി ഏസി യിലെ കോൺഫ്രൻസുകൾ
n) 27-ാം തീയതി (27-9-2014) പാടിച്ചിറ ഏസി യിലെ കോൺഫ്രൻസുകൾ.

കോൺഫറൻസ് പ്രസിഡണ്ടുമാർ ഏസി പ്രസിഡണ്ടുമാരുമായി ചർച്ചചെയ്ത് വേണ്ട സഹകരണങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**അറിയിപ്പുകൾ**

a. പ്രോജക്ട് കംബ്ലീഷൻ റിപ്പോർട്ട് അയയ്ക്കുമ്പോൾ 'ഹാൻഡ് ബുക്ക്' പ്രകാരം പൂരിപ്പിച്ച് അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.
b. കോൺഫറൻസ് പ്രസിഡണ്ട്മാർക്കുള്ള "ഹാൻഡ് ബുക്ക് ഫോർ കോൺഫറൻസ് പ്രസിഡണ്ട്" പഠിക്കുകയും അത് പ്രകാരം പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുമല്ലോ.
c. സ്കോളർഷിപ്പ് ലഭിച്ചിരിക്കുന്ന എല്ലാ വിദ്യാർത്ഥികളിൽ നിന്നും ഇത്വരേയും കംബ്ലീഷൻ റിപ്പോർട്ട് സിസിയിൽ എത്തിച്ചിട്ടില്ലാത്ത ഏസി കൾ എത്രയുംപെട്ടെന്ന് അത് സിസിയിൽ എത്തിക്കണം.
d. സിസി വിഹിതങ്ങൾ ഇത്വരെയും എത്തിച്ചിട്ടില്ലാത്ത ഏസികൾ എത്രയും പെട്ടെന്ന് കളക്ട് ചെയ്ത് സിസിയിൽ എത്തിക്കേണ്ട താണ്.

e. ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് ശേഖരിച്ച ഫണ്ട് തികയാത്ത സാഹചര്യത്തിൽ എല്ലാ കോൺഫ്രൻസ് പ്രസിഡണ്ടുമാരും ഒരിക്കൽകൂടി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഓസ്സാനാംഭവൻ സന്ദർശനം**

**ബത്തേരി ഏസി**

| | | |
|---|---|---|
| 17-7-2014 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 19-7-2014 | സെന്റ് ആന്റണി | വാകേരി |
| 21-7-2014 | സെന്റ് മേരീസ് | കൽപ്ര |
| 23-7-2014 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 25-7-2014 | സെന്റ് ജോർജ്ജ് | ചിത്രഗിരി |
| 27-7-2014 | സെന്റ് ആന്റണി | പഴൂർ |
| 29-7-2014 | ഫാത്തിമ മാതാ | കുന്നലാടി |
| 31-7-2014 | സെന്റ് അൽഫോൻസ | ബത്തേരി |
| 2-8-2014 | സെന്റ് അൽഫോൻസ | ചുള്ളിയോട് |
| 4-8-2014 | സെന്റ് ഫ്രാൻസീസ് അസ്സീസി | ചുള്ളിയോട് |

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 6-8-2014 | സെന്റ് മേരീസ് | ചുണ്ടക്കര |
| 8-8-2014 | സെന്റ് ജോസഫ് | ചുണ്ടക്കര |
| 10-8-2014 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 12-8-2014 | സെന്റ് തോമസ് | അരിഞ്ചേർമല |
| 14-8-2014 | സെന്റ് ജോർജ്ജ് | ചുള്ളിയാന |
| 16-8-2014 | സെന്റ് അൽഫോൻസ | ചുള്ളിയാന |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രാർത്ഥനയോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവസാക്ഷ്യ പത്രലഭ്യതാ പദ്ധതി**

ജൈവസാക്ഷ്യപത്ര ലഭ്യതാപദ്ധതിയുടെ ഭാഗമായി ഈ മാസം ഗ്രൂപ്പുതലങ്ങളിൽ 80 ഓളം പരിശീലനങ്ങൾ നൽകാൻ സാധിച്ചു. പുതിയതായി 59 കർഷകർ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തു. 242 ഫാമുകളിൽ ഇന്റേണൽ ഇൻസ്പെക്ഷൻ പൂർത്തിയാക്കി. കർഷകരിൽ നിന്നും കാപ്പി, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ഏലക്ക എന്നിവ ശേഖരിച്ച് കയറ്റുമതി ചെയ്യാൻ സാധിച്ചു.

**വോഫ (WOFFA)**

**സെമിനാറുകൾ/പരിശീലനപരിപാടികൾ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ-ഫെയർ ട്രേഡ് കർഷക സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ (വോഫ) അന്താരാഷ്ട്ര തലത്തിൽ ഫെയർട്രേഡ് സർട്ടിഫിക്കേഷനിലുള്ള ഉല്പന്നങ്ങളുടെ വാണിജ്യ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള വളർച്ചയും അതിന്റെ സാധ്യതകളും മനസിലാക്കുന്നതിനായി മെയ് മാസം 26-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത സെമിനാറിൽ ഫെയർ ട്രേഡ് ഏഷ്യ ലെയസണർ ഓഫീസർ ശ്രീ. രാജു ഗണപതി, വോഫ കോ-ഓഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ ക്ലാസ്സെടുത്തു. 27-ാം തീയതി പടമലയിൽ വെച്ചുനടത്തിയ 'ഫെയർ ട്രേഡ് - സാധ്യതകൾ' എന്ന വിഷയത്തിൽ ശ്രീ. രാജു ഗണപതി, ശ്രീ. വിനീഷ് വണ്ടന്നൂർ, ശ്രീമതി അന്നമ്മ സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സെടുത്തു.

**റിന്യൂവൽ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായുള്ള ഫെയർട്രേഡ് സർട്ടിഫിക്കേഷൻ സംഘടനയായ (FlOCERT)

ഫ്ളോസേർട്ട് - ജർമ്മനിയുമായുള്ള കരാർ പുതുക്കുന്നതിനും, ഉത്പാദക സംഘടനയായ വോഫയുടെ കോൺട്രാക്റ്റ് പുതുക്കുന്നതിനും മെയ്മാസം സാധിച്ചു.

## റിപ്പോർട്ട്

വിപണനം ചെയ്യുന്ന ഫെയർ ട്രേഡ് ഉല്പന്നങ്ങളുടെ വിശദവിവരങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ ഫ്ളോസേർട്ട് ഇന്റർനാഷണൽ ജർമ്മനിയിലേക്ക് റിപ്പോർട്ട് അയച്ചുകൊടുക്കുന്നതിന്റെ ഭാഗമായി മെയ്മാസം, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വോഫയിൽ നിന്നും സംഭരിച്ചതും ഫെയർട്രേഡിലൂടെ വിപണനം നടത്തിയതുമായ ഉത്പന്നങ്ങളുടെ വിശദവിവരങ്ങൾ റിപ്പോർട്ട് ചെയ്തു.

## സംഭരണവും വിപണനവും

2014 മെയ്മാസത്തിൽ വോഫയിലെ കർഷകരിൽ നിന്നും 86 MT കാപ്പി സംഭരിച്ചു. നിലവിലെ പൊതുവിപണിയിലെ വിലയെക്കാൾ 3-5 രൂപ വരെ അധികവില കർഷകർക്ക് നൽകിയാണ് കാപ്പി സംഭരിച്ചത്.

## നബാർഡ് നീർത്തട വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ അയനിവയൽ, മട്ടിലയം, പൊർളോം, നെല്ലേരി നീർത്തടങ്ങളിൽ കഴിഞ്ഞ 5 വർഷങ്ങളിലായി നടത്തിവന്നിരുന്ന നബാർഡ് നീർത്തട വികസന പദ്ധതിക്ക് സമാപനമായി. ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി. നീർത്തട പ്രദേശത്ത് പ്രധാനമായും കല്ലു കയ്യാലകൾ, മൺകയ്യാലകൾ, നീർക്കുഴികൾ എന്നിവ നിർമ്മിക്കുകയും കാർഷിക വിളകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. 4 നീർത്തട പ്രദേശങ്ങളിലായി 3 കോടി 57 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. സംസ്ഥാനത്തുതന്നെ ഏറ്റവും മാതൃകാപരമായി നീർത്തട വികസന പദ്ധതികൾ പൂർത്തീകരിക്കുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു.

## കരിയർ ഗൈഡൻസ് കോഴ്സ് സംഘടിപ്പിച്ചു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിൽ നടത്തിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ, +2 വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് കോഴ്സ് സംഘടിപ്പിച്ചു. 2 ദിവസങ്ങളിലായി ബോയ്സ് ടൗണിൽ നടന്ന പരിശീലനത്തിന് WSSS ജനറൽ കോ-ഓഡിനേറ്റർ ജോസ് പി.എ.,

ജോസ് പള്ളത്ത്, റെജിമോൻ പുന്നോലിൽ, MSW വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി. ക്യമ്പിൽ 65 വിദ്യാർത്ഥികൾ പങ്കെടുത്തു.

**സമ്മാനങ്ങൾ വിതരണം ചെയ്തു**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി അംഗങ്ങൾക്കിടയിൽ കഴിഞ്ഞ സീസണിൽ പച്ചക്കറി കൃഷി മത്സരാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും അതിൽ വിജയികളായ 15 പേർക്ക് ക്യാഷ് അവാർഡ് വിതരണം നടത്തുകയും ചെയ്തു. വിജയികൾക്കുള്ള സമ്മാനദാനം WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. വിപിൻ ദാസ് നിർവ്വഹിച്ചു. വാർഡ് മെമ്പർ ഗോപി, WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. ജോസ് പി. എ., VPC പ്രസിഡണ്ട് സുരേഷ് പാലോട്ട്, സെക്രട്ടറി ബാബു എടമുണ്ട എന്നിവർ സംസാരിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി വാർഷികാഘോഷം**

മെയ് 20-ാം തീയതി ചുങ്കക്കുന്ന് സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ വാർഷികാഘോഷം ഫാത്തിമമാതാ ഓഡിറ്റോറിയത്തിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രസിഡന്റ് ശ്രീ. ജോസ് കൊച്ചുപുരയ്ക്കൽ സ്വാഗതം ആശംസിച്ചു. റവ. ഫാ. തോമസ് മണക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി സമ്മേളനം ഉദ്ഘാടനം ചെയ്തു. WSSS ജനറൽ കോ-ഓഡിനേറ്റർ പി. എ. ജോസ് മുഖ്യപ്രഭാക്ഷണം നടത്തി. SWS കോ-ഓഡിനേറ്റർ കെ. ഒ. ജോയി, മേഖല കോ-ഓഡിനേറ്റർ വൽസാ തോമസ് എന്നിവർ ആശംസകളർപ്പിച്ചു. SWS സെക്രട്ടറി ജോൺ മഞ്ചപ്പള്ളി നന്ദി പ്രകാശിപ്പിച്ചു. വിവിധ കലാകായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർക്ക് സമ്മാനം വിതരണം ചെയ്തു. സ്നേഹവിരുന്നോടുകൂടി വാർഷികാഘോഷം സമാപിച്ചു.

**വനിതാ സ്വാശ്രയസംഘ നേതൃത്വ പരിശീലനം**

കേന്ദ്രധനമന്ത്രാലയത്തിന്റെ മേൽനോട്ടത്തിൽ നബാർഡ് ഏറ്റെടുത്ത് WSSS വഴി നടപ്പിലാക്കുന്ന വനിതാ സ്വാശ്രയ സംഘനേതൃത്വനിരയിലുള്ള വനിതകൾക്കുവേണ്ടി ഏകദിന പരിശീലനം നൽകി. മെയ് 22 ന് കാഞ്ഞിരങ്ങാട് വെച്ചും 23, 24 തീയതികളിൽ WSSS ഓഡിറ്റോറിയത്തിൽ വെച്ചുമാണ് പരിശീലനം നൽകിയത്. വനിതാ സ്വാശ്രയസംഘ

ങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, കണക്കുകൾ സൂക്ഷിക്കേണ്ട രീതി, വിവിധ സാധ്യത പദ്ധതികൾ എന്നിവയെക്കുറിച്ചാണ് പ്രധാനമായും ചർച്ച ചെയ്തത്. ബൈജു ഐസക്, ഷീന ആന്റണി, ആലീസ് സിസിൽ, വത്സാ തോമസ്, കെ. ഒ. ജോയി എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**സേവ് എ ഫാമിലി പ്രോഗ്രാം**

2014 മെയ് മാസത്തിൽ സേവ് എ ഫാമിലി പ്രോഗ്രാമിലൂടെ നിരവധി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. മെയ് മാസം 27, 28 തീയതികളിൽ എറണാകുളം സേവ് എ ഫാമിലി പ്രോഗ്രാം ഇന്ത്യൻ ഓഫീസിൽ വെച്ച് നടന്ന പരിശീലന പരിപാടിയിൽ കോ-ഓഡിനേറ്റർ അമൃത ജോയി, റീജിയണൽ ആനിമേറ്റേഴ്സ് സുജ മാത്യു, ഷൈനി ജോർജ്ജ്, സോഫിയ ജോർജ്ജ്, സി. ക്ലയർ എന്നിവർ പങ്കെടുക്കുകയും മാനന്തവാടി രൂപതയിൽ സേവ് എ ഫാമിലി പ്രോഗ്രാമിലൂടെ ജീവിതം മികവുപുലർത്തിയ ഒരു ഫാമിലിയുടെ വിജയഗാഥ അവതരിപ്പിക്കുകയും ചെയ്തു. സേവ് എ ഫാമിലി പ്രോഗ്രാമിലൂടെ അഞ്ചരവർഷം പൂർത്തിയാക്കി മികവുപുലർത്തിയ 15 കുടുംബങ്ങളുടെ റിപ്പോർട്ട് ഇന്ത്യൻ ഓഫിസിലേക്ക് അയച്ചു കൊടുത്തു. ഈ വർഷം പുതിയതായി നൽകപ്പെട്ട 50 കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി മാനന്തവാടി റീജിയണിൽ പയ്യമ്പള്ളി, ചേലൂർ, ആറാട്ടുതറ എന്നീ ഇടവകകളിലേക്കും പുൽപ്പള്ളി റീജിയണിൽ പാടിച്ചിറയിലേക്കും കൽപ്പറ്റ റീജിയണിൽ പുതുശ്ശേരിക്കടവ്, കുറുമണി, കുറുമ്പാല, കോട്ടത്തറ, കൽപ്പറ്റ എന്നീ ഇടവകകളിലേക്കും തെരഞ്ഞെടുപ്പിനുള്ള കത്തുകൾ വിതരണം ചെയ്തു.

**മാർക്കറ്റിംഗ് വിഭാഗം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാമൂഹിക രംഗത്തെ പ്രതിബദ്ധതയുടെ ശബ്ദമായ ജൈവകൃഷി പ്രോത്സാഹനവും ജൈവ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന്റെയും ഭാഗമായി മാർക്കറ്റിംഗ് വിഭാഗത്തിൽ 2014 മെയ് മാസത്തിൽ വിപണനം ചെയ്ത ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ:-

| ഉത്പന്നം | അളവ്/കിലോഗ്രാം | വിപണി |
|---|---|---|
| കാപ്പിപരിപ്പ് | 76800 കിലോ | യൂറോപ്പ് |
| ഗ്രാമ്പു | 230 കിലോ | കൽക്കട്ട |
| മഞ്ഞൾപൊടി | 8000 കിലോ | അമേരിക്ക |
| കറുകപ്പട്ട | 140 കിലോ | കൽക്കട്ട |

| | | |
|---|---|---|
| ജീരകം | 2000 കിലോ | അമേരിക്ക |
| കടുക് | 1000 കിലോ | അമേരിക്ക |
| കുരുമുളക് | 680 കിലോ | ബാംഗ്ലൂർ |
| ഏലം | 25 കിലോ | കോയമ്പത്തൂർ |

**വിപണനം**

2014 മെയ് മാസത്തിൽ 1,25,45,984 രൂപയുടെ ജൈവ-ഫെയർ ട്രേഡ് ഉത്പന്നങ്ങളുടെ കയറ്റുമതി ചെയ്യുവാൻ കഴിഞ്ഞു. 13,29,278 രൂപയുടെ അന്തർ-സംസ്ഥാനവിപണനവും 60,22,00 രൂപയുടെ പ്രാദേശിക വിപണനവും ചെയ്തതിലൂടെ കർഷകരിൽ നിന്നും 1,25,49100 രൂപയുടെ സംഭരണവും, 1,44,77,462.9 രൂപയുടെ വിപണനവും ചെയ്യുന്നതിന് സാധിച്ചു.

വയനാട് ജില്ലയിലെ ജൈവ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് വിപണിയെക്കാൾ ഉയർന്ന വില നൽകി കർഷകരുടെ പ്രതീക്ഷക്കൊത്ത വിധം പ്രവർത്തിക്കുന്നതിന് മാർക്കറ്റിംഗ് വിഭാഗത്തിന് കഴിഞ്ഞു.

**ബയോഗ്യാസ് വികസനപദ്ധതി**

മുള്ളൻകൊല്ലി, പയ്യമ്പള്ളി, മലങ്കര, ചെറുകാട്ടൂർ, അമലനഗർ, മഞ്ഞൂറ, കൊളറാട്ടുകുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 6 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2013-14 വർഷം സബ്സിഡി അപേക്ഷകൾ നൽകിയ മുഴുവൻ പ്ലാന്റുകളും ഖാദി ഗ്രാമവ്യവസായ കമ്മീഷൻ ആഫീസിൽ നിന്നും സന്ദർശിച്ചു. SDA-INSEDA മുഖേന ബയോഗ്യാസ് പ്ലാന്റുകൾക്ക് ലഭിക്കുന്ന അധിക ധനസഹായ അപേക്ഷകളിൽ (2014 -15 വർഷം നൽകിയവ) 10 ശതമാനം പ്ലാന്റുകൾ INSEDA സന്ദർശിച്ചു. മുൻകാല പദ്ധതിയുടെ മൂന്നാംഘട്ട ധനസഹായം 58 പേർക്ക് വിതരണം ചെയ്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹിക സന്നദ്ധ സംഘടനയാണല്ലോ കേരള ലേബർ മൂവ്മെന്റ് (KLM). കേരള ലേബർ മൂവ്മെന്റിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ എല്ലാ വൈദികരുടെയും സന്യസ്തരുടെയും അത്മായ പ്രേഷിതരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു. കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെല്ലാം വളരെ ഭംഗിയായി പോകുന്നു.

**ക്ഷേമനിധി**

കേരള ലേബർ മൂവ്മെന്റ് മുഖേന വിവിധ ക്ഷേമപദ്ധതികളിൽ അംഗമായിട്ടുള്ളവർ ആ ക്ഷേമനിധികൾ അതാത് സമയങ്ങളിൽ പുതുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**പ്രത്യേക അറിയിപ്പ്**

കേരള ലേബർ മൂവ്മെന്റിന്റെ ശാക്തീകരണം മുന്നിൽ കണ്ടുകൊണ്ട് അസംഘടിത മേഖലയിലെ കൂടുതൽ തൊഴിലാളികളെ സുരക്ഷാ പോളിസിയിലും ക്ഷേമനിധി പദ്ധതിയിലും അംഗങ്ങളാക്കുവാനായി പ്രാദേശിക തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിൽ പരമാവധി തൊളിലാളികളെ പങ്കെടുപ്പിക്കാൻ ഇടവക വികാരി അച്ചന്മാരും സന്യസ്തരും സംഘടനാ നേതൃനിരയും പ്രത്യേക ശ്രദ്ധ ചെലുത്തുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

Ph: 04935 – 240314, 9447264935

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## *റേഡിയോ മാറ്റൊലി* 90.4 mhz

**റേഡിയോ മാറ്റൊലി 5-ാം വാർഷികാഘോഷവും പ്രതിഭാ സംഗമവും സംഘടിപ്പിച്ചു**

റേഡിയോ മാറ്റൊലിയുടെ അഞ്ചാം വാർഷികാഘോഷവും വിദ്യാർത്ഥി പ്രതിഭാസംഗമവും മെയ് 31-ന് മാനന്തവാടി സെന്റ് പീറ്റർ ആന്റ് പോൾ ടൗൺ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. വയനാടിന്റെ ഭാവിഭാഗധേയ നിർണ്ണയത്തിൽ ജില്ലയിൽ നിന്നുള്ളവരുടെ അസാന്നിദ്ധ്യം, അർഹമായതുപോലും നമുക്ക് നിഷേധിക്കപ്പെടാൻ ഇടയാകുന്നതായി സമീപകാല സംഭവവികാസങ്ങൾ വ്യക്തമാക്കുന്നുണ്ടെന്ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. SSLC, Plus 2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ്/എവൺ നേടിയ വിദ്യാർത്ഥികളെ മെഡലും, പ്രശംസാപത്രവും നൽകി ആദരിച്ചു. യാതൊരു വിവേചനങ്ങളുമില്ലാതെ, യോഗ്യതാടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളെയും ആദരിക്കുന്ന പരിപാടിക്ക് മൂന്ന് വർഷങ്ങൾക്ക് മുമ്പ് ജില്ലയിൽ തുടക്കം കുറിച്ചത് റേഡിയോ മാറ്റൊലിയാണ്. വയനാടിന്റെ വളർച്ചയ്ക്കും വികസനത്തിനും തങ്ങളുടേതായ പങ്ക് സ്വയം ഏറ്റെടുക്കാൻ പ്രതിഭാസമ്പന്നരായ കുട്ടികൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിൽവി തോമസ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലയുടെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക വളർച്ചയ്ക്ക് റേഡിയോ മാറ്റൊലി എന്ന ജനകീയ മാധ്യമം അനല്പമായ സംഭാവനകളാണ് നൽകിയിരിക്കുന്നത് എന്ന് അവർ പറഞ്ഞു. ജില്ലാപഞ്ചായത്ത് പൊതുമരാമത്ത്/ക്ഷേമകാര്യ ചെയർപേഴ്സൺ ഉഷാവിജയൻ റേഡിയോ മാറ്റൊലിയുടെ 2014-ലെ ഹാന്റ് ബുക്ക് ജില്ലാ കുടുംബശ്രീ മിഷൻ കോഡിനേറ്റർ പി. പി മുഹമ്മദിന് നൽകി പ്രകാശനം ചെയ്തു. മാറ്റൊലിയുടെ സ്ഥിരം ശ്രോതാക്കൾ എന്ന നിലയിൽ ഡോ. പി. കെ പ്രസാദൻ,

ശ്രീമതി ആശാലത, ശ്രീ. മനമോഹനമാരാർ എന്നിവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നായി 186 പ്രതിഭകൾ സർട്ടിഫിക്കറ്റും പുരസ്കാരവും ഏറ്റുവാങ്ങി. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും മാനേജിംഗ് കമ്മിറ്റി അംഗം ശ്രീമതി മേഴ്സി ആര്യപ്പിള്ളി നന്ദിയും പറഞ്ഞു

## ലോക പരിസ്ഥിതിദിനാഘോഷം

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി, പുൽപ്പള്ളി പഴശ്ശിരാജാ കോളേജിൽ കൊളാഷ് മത്സരം സംഘടിപ്പിച്ചു. നാഷണൽ കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് കമ്മ്യൂണിക്കേഷന്റെ സഹകരണത്തോടെ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തുവരുന്ന ജീവനി പരിപാടിയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

പ്രകൃതിദത്തമായ ജൈവാവിശിഷ്ടങ്ങളുപയോഗിച്ച്, ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തിയ കൊളാഷ് മത്സരത്തിൽ ബയോകെമിസ്ട്രി വിദ്യാർത്ഥികളായ എമിന ബേബി, അനുസൂയ. പി, അമൃത പ്രിയ എന്നിവർ ഒന്നാം സ്ഥാനവും ഇംഗ്ലീഷ് വിഭാഗത്തിലെ ഡിവിൻ പി. കെ, ജോഷ്ന പൊന്നൂസ്, ഗീതു കൃഷ്ണൻ എ. ആർ എന്നിവർ രണ്ടാം സ്ഥാനവും ടൂറിസം വിദ്യാർത്ഥികളായ ഷെരീഫ് കെ. എ, അർപ്പിത സത്യനാഥൻ, സൂര്യ എം. എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## എഫ്. എം റേഡിയോ ആന്റിന നിർമ്മാണ പരിശീലനം

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയും ചങ്ങനാശ്ശേരി റേഡിയോ മീഡിയ വില്ലേജും ദ്വാരക ഗുരുകുലം കോളേജും സംയുക്തമായി എഫ്. എം റേഡിയോ ആന്റിന നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചു. റേഡിയോ മാറ്റൊലിയിൽ വച്ച് നടത്തിയ പരിശീലന പരിപാടിയിൽ കോളേജ് വിദ്യാർത്ഥികൾ അടക്കം നാല്പതോളം പേർ പങ്കെടുത്തു. പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഡോ. ഫാ. തോമസ് ജോസഫ് തേരകം നിർവ്വഹിച്ചു. റേഡിയോ മീഡിയ വില്ലേജ് പ്രോഗ്രാം കോർഡിനേറ്റർ വിപിൻ രാജ്, സന്നദ്ധ സേവകനായ തോമസ് ചാക്കോ എന്നിവർ നേതൃത്വം നല്കി. റേഡിയോ സിഗ്നൽ ദുർബ്ബലമായ പ്രദേശങ്ങളിൽ റേഡിയോ പരിപാടികൾ ശ്രവിക്കാൻ കുറഞ്ഞ ചിലവിൽ നിർമ്മിക്കുന്ന ഇത്തരം ആന്റിനകൾ സഹായിക്കും. ആന്റിനകൾ ആവശ്യമുള്ളവർ റേഡിയോ മാറ്റൊലിയുമായി ബന്ധപ്പെടുക. ഫോൺ:04935 242008. ആദ്യം പേർ രജിസ്റ്റർ ചെയ്യുന്ന 10 പേർക്ക് 300 രൂപ വിലയുള്ള ആന്റിന സൗജന്യമായി നല്കുതായിരിക്കും.

**ഫാ. ജോസ് കാവുങ്കൽ** - അസി. ഡയറക്ടർ

# അറിയിപ്പുകൾ



**ചാവറ - എവുപ്രാസ്യാമ്മ മെഗാ ക്വിസ് - 2014**

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും, വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മയെയും വിശുദ്ധരായി പ്രഖ്യാപിക്കുന്ന തിനോടനുബന്ധിച്ച് കോഴിക്കോട് ചാവറ കൾച്ചറൽ സെന്റർ, സിഎംസി സെന്റ് ജോസഫ്സ് പ്രോവിൻസ് തലശേരി സംയുക്തമായി മെഗാ ക്വിസ് പ്രോഗ്രാം നടത്തുന്നു. മലബാറിലെ രൂപതകളായ താമരശ്ശേരി, കോഴിക്കോട്, തലശേരി, മാനന്തവാടി, കണ്ണൂർ, ബത്തേരി രൂപതകളി ലാണ് ക്വിസ് പ്രോഗ്രാം നടത്തുന്നത്. ഈ രൂപതകളിലെ എല്ലാ ഇടവ കകളിൽ നിന്നും 30 വയസ്സിന് മുകളിൽ പ്രായമുള്ള രണ്ട് പേരടങ്ങുന്ന ടീമിനാണ് ഈ പ്രോഗ്രാമിലേക്ക് പ്രവേശനം ലഭിക്കുന്നത്. സെപ്തംബർ 10 മുതൽ 20 വരെ 9 കേന്ദ്രങ്ങളിലായാണ് ക്വിസ് പ്രോഗ്രാം നടത്തു ന്നത്. കാഞ്ഞങ്ങാട്, ഇരിട്ടി, തളിപ്പറമ്പ്, മാനന്തവാടി, ബത്തേരി, കൂരാച്ചുണ്ട്, കോടഞ്ചേരി, പാറോപ്പടി, മണിമൂളി എന്നിവയാണ് കേന്ദ്ര ങ്ങൾ.

ചാവറ അച്ചന്റെയും എവുപ്രാസ്യാമ്മയുടെയും ജീവിതത്തെയും പ്രവർത്തനത്തെയും പ്രതിപാദിക്കുന്ന പുസ്തകങ്ങളിൽ നിന്നും സി. ഡി.കളിൽ നിന്നുമാണ് ക്വിസ് നടത്തുന്നത്. ഇതിനുവേണ്ട ബുക്കുകളും സി.ഡി.കളും എല്ലാ ഇടവകകളിലും എത്തിക്കുന്നതാണെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. ജോർജ് പുഞ്ചയിൽ അറിയിച്ചു. ക്വിസ് വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളാണ് ഒരുക്കിയിരി ക്കുന്നത്.

- 1-ാം സമ്മാനം നവംബർ 23-ന് ചാവറയച്ചനെയും, എവുപ്രാസ്യാമ്മ യെയും റോമിൽവെച്ച് വിശുദ്ധരായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ സംബന്ധിക്കാൻ ആവശ്യമായ സൗകര്യം
  (Ticket & Accommodation)

- 2–ാം സമ്മാനം 25000/– രൂപയുടെ ക്യാഷ് അവാർഡ്
- 3–ാം സമ്മാനം 10000/– രൂപയുടെ ക്യാഷ് അവാർഡ്

ഈ പ്രോഗ്രാമിന്റെ മെഗാ ഫൈനൽ ഒക്ടോബർ ആദ്യം കോഴിക്കോട് ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് നടത്തുന്നു. ഇതിലേക്കുള്ള രജിസ്ട്രേഷൻ ഓൺലൈൻ വഴിയും നടത്താം.

**സി. ധന്യ സി.എം.സി.**
പ്രൊവിൻഷ്യൽ
സെന്റ് ജോസഫ്സ് പ്രോവിൻസ്
തലശ്ശേരി

**ഫാ. ജോർജ്ജ് പുഞ്ചയിൽ**
ഡയറക്ടർ
ചാവറ കൾച്ചറൽ സെന്റർ
അമലാപുരി
Ph:9447795450



# Programme


## Pastoral Centre, Dwaraka

### July 2014

| | | |
|---|---|---|
| 01 | - | KCYM Regional Directors, Animators Meeting |
| 03 | - | Dukhrana |
| 04-05 | - | Zion |
| 05 | - | CML Executive & Team meeting |
| 06 | - | Catechism DCC 1st Year |
| 11 | - | CMA Team Training |
| 11-13 | - | Catechism Amukha Seminar |
| 12 | - | KCYM Senate Meeting |
| 18-21 | - | MPC |
| 22 | - | Marian Singles |
| 23 | - | Workshop on Celibacy and Sexuality |
| 26 | - | Family Apostolate Team Meeting |
| 28-Aug 1 | - | Zion Retreat |
| 30 | - | CMA-WC-Joint Executive and Family Apostolate Regional Directors & Animators Meeting |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***July 2014***

| | | |
|---|---|---|
| *1 Tue* | *..................* | *Forane Vicars' Meet* |
| *2 Wed* | *................* | *Visitors' day* |
| *3 Thu 4 Fri* | *.............* | *Mount St. Thomas, Religious Commission Meet* |
| *5 Sat 7 Mon* | *...........* | *Ramanathapuram* |
| *9 Wed* | *......................* | *Diaconate at St. Camillus Seminary* |
| *10 Thu 11 Fri* | *.........* | *Ootty : Christian Workers' Movement Meeting* |
| *14 Mon 15 Tue* | *.....* | *Bangalore, Academic Year Inauguration, Jeevalaya Seminary* |
| *18 Fri* | *......................* | *Out of station* |
| *19 Sat* | *....................* | *Thariode* |
| *20 Sun* | *....................* | *Thariode, Pastoral Visit* |
| *21 Mon* | *..................* | *H. Mass, St. Martin's Hospital, Ambalavayal* |
| *23 Wed* | *....................* | *Dwaraka: Workshop for Priests* |
| *25 Fri* | *......................* | *Out of station* |
| *29 Tue 30 Wed* | *........* | *Kunnoth, Seminary Commission* |
| *31 Thu* | *....................* | *Eachome Jesuit House, Jubilee Celebrations* |

***August 2014***

| | |
|---|---|
| *1 Fri ........................* | *Out of station* |
| *2 Sat ........................* | *Engaged* |
| *3 Sun  9 Sat  ............* | *Kakkanad. KCBC Retreat* |
| *10 Sun 11 Mon  .......* | *Malome* |
| *12 Tue  ....................* | *WSSS General Body* |
| *13 Wed ....................* | *Priests' Conference* |
| *14 Thu  ....................* | *Engaged* |
| *15 - Fri 16 Sat .........* | *Out of station* |
| *17 Sun   ...................* | *Ernakulam, KLM Meeting* |
| *18 Mon 30 Sat  ........* | *Mount St. Thomas: Synod* |

• • • • •